ഒരു മഹാകവിയോട് ഇത്രയും അനാദരവോ? | അക്ഷാംശങ്ങൾക്കും രേഖാംശങ്ങൾക്കുമിടയിൽ | മഞ്ഞമോരും ചുവന്ന മീനും | ഒരിടത്തൊരു പ്രഭാത നടത്തക്കാരൻ

# മലയാളി.com magazine 2022

OCTOBER | VOL.1 | ISSUE 9



# രതീദേവി: എഴുത്തിലെ വിപ്ലവകാരി

Toyota City

Nissan City of Port Chester

# Are you looking for a PRE-OWNED OR NEW Toyota or Nissan





Meet Your Friend

## GENUINE THOMAS

Pre-Owned

NEW Cars Sales Manager

**1-845-461-5832**

VERY SPECIAL DEALS AVAILABLE NOW!

മലയാളി.com Magazine
DIGITAL MAGAZINE
2022
OCTOBER
VOL/01
ISSUE/10
Contact: mag@emalayalee.com | www.emalayalee.com

# പോപ്പുലർ ഫ്രണ്ട് നിരോധനം

മത ഭീകര സംഘടന എന്നപേരിൽ പോപ്പുലർ ഫണ്ടിനെ നിരോധിച്ചത് ബഹുഭുരിപക്ഷം ഇന്ത്യാക്കാർ സ്വാഗതം ചെയ്യുമ്പോൾ നിരോധനം കൊണ്ട് ഒരു ആശയവും ഇല്ലാതാകില്ലെന്ന് മറ്റൊരു വിഭാഗം പറയുന്നു.

ഭാരതം എന്ന രാഷ്ട്രത്തിനു അപകടകരമായ പ്രവർത്തനങ്ങൾ ചെയ്യുന്നു എന്ന കാരണം കണ്ടെത്തിയതുകൊണ്ടാണ് പി എഫ് ഐ നിരോധിച്ചത്. നിരോധനം എതിർക്കുന്നവർ ഭാരതത്തെ സ്നേഹിക്കുന്ന പൗരന്മാരാണോ എന്ന് ചിന്തിക്കേണ്ടതുണ്ട്

മതേതര രാഷ്ട്രമായ ഭാരതത്തിൽ ജാതി-മത സംഘടനകൾക്ക് പ്രവർത്തനം അനുവദിച്ചിട്ടുണ്ട്. പക്ഷെ അത് രാഷ്ട്രത്തെ അട്ടിമറിക്കാനോ നിയമം ലംഘിക്കാനോ അല്ല. എന്നാൽ പി എഫ് ഐ യുടെ പ്രവർത്തനങ്ങൾ സൂക്ഷ്മമായി നിരീക്ഷിച്ച ആഭ്യന്തര വകുപ്പ് വളരെ അപകടകരമായ പ്രവർത്തനങ്ങൾ അവർ ചെയ്യുന്നു എന്ന് കണ്ടെത്തി.

ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടി നൂറു വർഷം തികയുന്ന 2047 ൽ ഇന്ത്യയെ ഒരു ഇസ്ലാമിക് രാഷ്ട്രം ആക്കുമെന്ന് അവർ പറയുന്നതിന്റെ പൊരുൾ എന്താണ്?. 1947 ൽ ഇസ്ലാമിക് രാഷ്ട്രം വേണമെന്ന് പറഞ്ഞു ഇന്ത്യയെ വിഭജിച്ച് പോയവരിൽ കുറെ പേര് ഇവിടെ തങ്ങിയത് വീണ്ടും ഇന്ത്യയെ മതരാഷ്ട്രമാക്കാനല്ല.

ആർ.എസ്.എസിനെതിരെ മുസ്‌ലിം ശാക്തീകരണം ആണ് പി എഫ് ഐ യുടെ ലക്ഷ്യമെന്ന് പുറത്തു കാണിക്കുമെങ്കിലും അവരുടെ ആത്യന്തിക ലക്ഷ്യം ഇസ്ലാമിക രാഷ്ട്രം ഇന്ത്യയിൽ സ്ഥാപിക്കുക എന്ന് തന്നെയാണ്. ആർ.എസ്.എസ് . നിലപാടുകളെയും ഞങ്ങൾ അംഗീകരിക്കുന്നില്ല. പക്ഷെ ആർ.എസ്.എസിനെ നേരിടാനെന്നു പറഞ്ഞു മറ്റൊരു വിഭാഗം വർഗീയതയും നിയമലംഘനവും നടത്തുന്നത് അംഗീകരിക്കാനാവില്ല. നിയമത്തിനു പുറത്തുള്ള ഒന്നും ശരിയല്ല. ആര് ചെയ്താലും.

ആർ എസ എസ്സിനെ മുൻപ് നിരോധിച്ചിട്ടുണ്ട്. അവരുടെ ചില പ്രവർത്തികൾ സ്വതന്ത്ര മതേതര ഭാരതത്തിനു സ്വീകാര്യമായിരുന്നില്ല എന്നതായിരുന്നു കാരണം . മഹാത്മാ ഗാന്ധി കൊല്ലപ്പെട്ടപ്പോൾ സർദാർ വല്ലഭഭായി പട്ടേൽ തന്നെ ആർ എസ് എസ് നിരോധിച്ചു.

നമുക്ക് വേണ്ടത് സ്വന്ത്രഭാരതത്തിന്റെ വളർച്ചയാണ്. അവിടെ എല്ലാ മതങ്ങളും ഒരുമയോടെ സ്നേഹത്തോടെ കഴിയണം. അല്ലാഹുവിന്റെ ഭരണം വേണമെന്ന് നിർബന്ധമുള്ളവർ പാകിസ്താനിലേക്ക് പോയിക്കഴിഞ്ഞു. ഇവിടെ നിന്നവർ ഭാരതത്തിന്റെ പുരോഗതിക്കവേണ്ടി പ്രവർത്തിക്കണം. ഒരു മതവും അവരുടെ ആധിപത്യം പുലർത്താൻ അനുവദിക്കരുത്. നമ്മളെല്ലാം ഇന്ത്യക്കാർ എന്ന പ്രതിജ്ഞ സ്‌കൂൾ കാലം തൊട്ടു എല്ലാവരും എടുക്കുകയും അതിൽ ഉറച്ചു നിൽക്കുകയും ചെയ്യുന്നു.



ജനാധിപത്യം വേണ്ട ഇസ്ലാമിക് രാഷ്ട്രം മതിഎന്ന് പറയുന്ന കപട മതേതര പാർട്ടിക്കാർ ദയവുചെയ്ത് അഫ്ഗാനിസ്ഥാന്റെ ദയനീയ സ്ഥിതി മനസ്സിലാക്കുക. ഇന്ത്യയും അങ്ങനെ ഒരു മത രാഷ്ട്രമുണ്ടാവണോ? എല്ലാവരും ചിന്തിക്കേണ്ട സമയമാണിത്.

**പത്രാധിപസമിതി**

EDITORIAL BOARD

**George Joseph** Editor-in-Chief | **Sunil Tristar** Managing Editor | **P.S. Joseph** Executive Editor | **Antony Kanayamplackal** Senior Editor | **Anju** Design | **Abhi** Cover

# CONTENTS


05 വിജയ് സി. എച്ച്
ഒരു മഹാകവിയോട് ഇത്രയും അനാദരവോ?

09 ചെറുകഥ: നിർമ്മല
മഞ്ഞമോരും ചുവന്ന മീനും

15 കവിത: ഷാ വിരിയത്ത്
ചിറകടി കേൾക്കാൻ

17 കഥ: ഡോ. സേതുലക്ഷ്മി എം എസ്
നുണകൊണ്ടവാക്കുകൾ

കവിത: സുനുകുമാർ. കെ. വി
കുട

21 കവിത: സുരേഷ് കുമാർ വൈദ്യർ
മനുഷ്യർ

23 കവർസ്റ്റോറി: മീട്ടു റഹമത്ത് കലാം
രതീദേവി
എഴുത്തിലെ വിപ്ലവകാരി

29 കഥ: സുരേലാൽ പി
ചായക്കടക്കാരന്റെ ചെരിപ്പ്

31 കഥ: രാഘവ വർമ്മ
ദാസപ്പൻ ചിതലേരി എന്ന നന്മമരം

35 കവിത: കിളിമാനൂർ ദിവാകരൻ
പഥികന്റെ പാട്ട്

കവിത: സുരേഷ് രാജ് എസ്
നാമിതെങ്ങോട്ട്

37 കവിത: ഡോ. അജയ് നാരായണൻ
ചോമൻപാറ

39 കഥ: അജിത് ആർ
ലിച്ചീമായും വരത്തനും
പിന്നെ ഒരു പാലമരവും

43 ചെറുകഥ: ഹരി. തൃപ്പൂണിത്തുറ
അക്ഷാംശങ്ങൾക്കും
രേഖാംശങ്ങൾക്കുമിടയിൽ

47 ചെറുകഥ: ജയകുമാരവർമ്മ ആർ. കെ
ഒരിടത്തൊരു പ്രഭാത നടത്തക്കാരൻ

53 യു. എസ്. പ്രൊഫൈൽ: മീട്ടു റഹമത്ത് കലാം
ശതാഭിഷിക്തനായി ടി. എസ്. ചാക്കോ

63 ആഷാ മാത്യു
ബ്രിജിറ്റ് വിൻസെന്റ്
ഇപ്പോഴും തിരക്കിലാണ്

65 ജോസഫ്
മലയാള സിനിമ, തലമുറ മാറ്റം !



# ഒരു മഹാകവിയോട് ഇത്രയും അനാദരവോ?

**◉ വിജയ് സി. എച്ച്**

'ഓടക്കുഴല്‍' എന്ന കവിതാ സമാഹാരത്തിനു ലഭിച്ച സമ്മാനത്തുക കൊണ്ടു രൂപവല്‍ക്കരിച്ച ഓടക്കുഴല്‍ പുരസ്കാരം കൊല്ലംതോറും അഭിമാനത്തോടെ ഏറ്റുവാങ്ങുന്ന എഴുത്തുകാരും, ഇ-ലോകത്തെ സകല സൗകര്യങ്ങളും ആസ്വദിച്ചു, പേനയില്ലാതെ എല്ലാം എഴുതുന്ന ഏവരും അറിയുവാനാണ് ഈ ലേഖനം!

2013-ല്‍ മലയാളത്തിന് ഔപചാരികമായി ശ്രേഷ്ഠ ഭാഷാ പദവി ലഭിച്ചതിനു എത്രയോ മുന്നെ, രാജ്യത്തെ പ്രഥമ ജ്ഞാനപീഠം നേടിക്കൊണ്ടു വന്നു നല്‍കി, നമ്മുടെ ഭാഷയെ ഏറ്റവും ഔന്നത്യത്തില്‍ എത്തിച്ച മഹാകവി ജി. ശങ്കരക്കുറുപ്പ് അന്തരിച്ചിട്ട് നാല്‍പ്പത്തി നാല് വര്‍ഷമായെങ്കിലും അദ്ദേഹത്തിനൊരു സ്മാരകം പോലും പണിയാത്തത് കടുത്ത അനാദരവാണ്. ഈ നന്ദികേടിനാല്‍ പ്രിയ മാതൃഭാഷയ്ക്ക് ധാര്‍മ്മികമായി നഷ്ടം വന്നുകൊണ്ടിരിക്കുന്നത് പ്രയത്നിച്ചു നേടിയെടുത്ത അതിന്റെ ശ്രേഷ്ഠഭാഷാ പദവിയുമാണ്. നമ്മുടെ ചിന്താധാരയില്‍ ധൈഷണികത കടന്നുവരട്ടെ! മഹാ




കവിയുടെ ഒട്ടുമിക്ക രചനകള്‍ക്കും സാക്ഷ്യം വഹിച്ച അദ്ദേഹത്തിന്റെ ജന്മഗൃഹത്തിലേക്കൊരു തീര്‍ത്ഥയാത്ര...



ആ വീട് ഇന്ന് തകർച്ചയുടെ പാതയിലാണ്. മഹാകവിയുടെ കുടുംബാംഗങ്ങൾ ഇടയ്ക്കു വന്ന് അല്പസൊല്പം അറ്റകുറ്റപണികൾ ചെയ്യുന്നതിനാൽ ആയിരിയ്ക്കാം അത് ഇതുവരെ നിലം പൊത്താതിരുന്നത്. ആ ചെറിയ വസതിയിൽ ജീവിച്ചിരുന്ന വലിയ മനുഷ്യന്റെ പേരിൽ ഗ്രാമത്തിന്റെ പടിഞ്ഞാറു ഭാഗത്തെ കവലയോടു ചേർന്ന് ഒരു സർക്കാർ ഹയർ സെക്കണ്ടറി വിദ്യാലയമുണ്ട്. അതിന്റെ മുന്നിൽ കൂടിനിന്നു സായാഹ്ന വിശേഷങ്ങൾ പങ്കുവെച്ചിരുന്നവരോടാണ് വഴി ആരാഞ്ഞത്.

'ദേ..., ഈ വഴിയെ അല്പം മുന്നോട്ടു പോയാൽ, അത് രണ്ടായി പിരിയും. അവിടെ നിന്ന്, മൈന്റനൻസ് ഇല്ലാതെ പൊട്ടിപൊളിഞ്ഞ് കെടക്കണ വഴീല് പോവാ, അപ്പൊരു ഭണ്ഡാരം കാണാം. അത് അമ്പലത്തിന്റേണ്. വലത്ത് തിരിഞ്ഞാൽ അമ്പലായി. അവടെ തെന്ന്യാ, മൂപ്പരടെ വീട്. ആൾതാമസം ഇല്ലാണ്ടെ, ഇങ്ങനെ കെടക്കണ ഒരു പഴയ വീടാണ്, പെട്ടെന്ന് മനസ്സിലാവും,' ഒരാൾ വിവരിച്ചു.

നിർദ്ദേശമനുസരിച്ച് വഴി രണ്ടാവുന്നിടത്തെത്തി, ദുർഘട മാർഗം സ്വീകരിച്ചു. അല്പനേരം കഴിയവേ, കവലയിൽ കണ്ട സുഹൃത്ത് പറഞ്ഞതുപോലേ, ആദ്യം ഭണ്ഡാരവും, താമസിയാതെ ക്ഷേത്രവും, അടുത്തൊരു ചെറിയ വീടും കാണാനായി.

ആയിരത്തിഇരുനൂറിലേറെ വർഷത്തെ പ്രാചീനതയുള്ളതും, ആർകിയോളജിക്കൽ സർവെ ഓഫ് ഇന്ത്യ ഏറ്റെടുത്തതുമായ തിരുനായത്തോട് ശിവനാരായണ ക്ഷേത്രത്തിന്റെ പടിഞ്ഞാറെ നട. വലതു ഭാഗത്തുള്ളതുതന്നെയാണ് കാണാൻ കൊതിച്ച ആ ഭവനം. ക്ഷേത്ര ദർശനം കഴിഞ്ഞു പോകുന്ന ഒരു മുത്തശ്ശിയോട് ചോദിച്ച് ഉറപ്പു വരുത്തി.

സ്ഥലം നായത്തോട് ഗ്രാമം; എറണാകുളം ജില്ല. അങ്കമാലി ജംഗ്ഷനിൽ നിന്നു തെക്ക് നാലു കിലോമീറ്റർ. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ഒരു വിളിപ്പാടകലെ. അദ്വൈത ദാർശനികൻ ശ്രീ ശങ്കരാചാര്യരുടെ ജന്മസ്ഥലമായ കാലടിയിലേയ്ക്ക് ഏകദേശം അഞ്ചു കിലോമീറ്റർ മാത്രം.

അനുവാദം ചോദിയ്ക്കാ൭ ആരെയും അടുത്ത് കാണാത്തതിനാൽ, അടഞ്ഞുകിടന്നിരുന്ന ഗെയ്റ്റ് അൽപം തള്ളിനീക്കി വീട്ടുമുറ്റത്ത് പ്രവേശിച്ചു. പരിസരങ്ങളിൽ ചപ്പും ചവറുമൊന്നുമില്ല. ആരോ വന്നു നിത്യവും മുറ്റം തൂത്തു വൃത്തിയാക്കുന്നുണ്ട്. ഇത്രയെങ്കിലും ചെയ്തല്ലൊ. ഇതിനാരോടാണ് നന്ദി പറയേണ്ടതെന്ന് അറിഞ്ഞതുമില്ല. ആരായാലും കൃതജ്ഞത.

മാവ്, തെങ്ങ്, കവുങ്ങ്, പ്ലാവ്, പുളിമരം, പൂവരശ്ശ്, കശുമാവ്, ആഞ്ഞിലി, അയിനി, ആര്യവേപ്പ്, പപ്പായ, വാഴ, ചേമ്പ്, തൊട്ടാവാടി തുടങ്ങി സകല കൈരളി സവിശേഷ സസ്യജാലങ്ങളും ഇടതൂർന്നു വളരുന്നൊരു തൊടി. സർഗാത്മകമായ ഈ പച്ചപ്പിനൊരു ശ്രീകരമായ ആമുഖമെന്നോണം മലയാളഭാഷാ സംസ്കൃതിയുടെ പെരുന്തച്ചന്റെ ജന്മഗൃഹം.

താൻ കണ്ട പ്രകൃതി തന്നെയാണ് തന്റെ കൃതികൾക്ക് പ്രചോദനമെന്ന് ജി തന്നെ പറഞ്ഞത് ഓർമ്മയിലെത്തി.

'എന്റെ ഹൃദയം എന്റെ വ്യക്തിത്വത്തിന്റെ അങ്കുരം, ഞാൻ വിശ്വസിച്ചിരുന്ന ഗ്രാമാന്തരീക്ഷത്തിൽ നിന്നാണ് വായുവും വെളിച്ചവും കുളിർമയും വലിച്ചെടുത്തിരുന്നത്. എന്റെ കവിത ആ ഗ്രാമഹൃദയത്തിന്റെ തന്നെ ഒരു ഭാഗമാണ്,' ജി യുടെ ഏറ്റവും കൂടുതൽ ഉദ്ധരിക്കപ്പെട്ടിട്ടുള്ള വരികളാണിത്. പദ്യതുല്യം കാവ്യമനോഹരമായ ജി യുടെ പ്രശസ്ത ഗദ്യം 'മുത്തും ചിപ്പിയും' എന്നതിലുള്ളത്.

അർത്ഥവും ശബ്ദമാധുര്യവും സഹിതമായി, അല്ലെങ്കിൽ ഒന്നിച്ചിരിയ്ക്കുന്നതാണല്ലൊ സാഹിത്യം. എന്നാൽ, ജി യുടെ സൃഷ്ടികളെല്ലാം, അർത്ഥവും ശബ്ദമാധുര്യവും പ്രകൃതിയും സഹിതമായിരിയ്ക്കുന്ന ത്രിതല സാഹിത്യമാണ്. പ്രകൃതി സഹിതം ഇത്രയും പ്രണയത്തിലായിരുന്ന മറ്റൊരു ഗദ്യപദ്യ സാഹിതി സർവജ്ഞനും നമുക്ക് ഉണ്ടായിരുന്നില്ലെന്നു തന്നെ പറയട്ടെ.

പ്രകൃതിയെ ഉപാസിച്ച ബ്രിട്ടീഷ് കവി വില്യം വേഡ്സ്വർത്തിന്റെയും, ഇറ്റാലിയൻ കവി ജിയാക്കോമോ ലിയൊപാർഡിയുടെയും ഭാരതീയ പ്രതിരൂപമായിരുന്നു കോളേജ് അദ്ധ്യാപകനായിരുന്ന ജി. ഒരു പക്ഷെ, റൊമാന്റിസിസവും മിസ്റ്റിസിസവും കൂടുതൽ സ്വാധീനിച്ചത് ജി യെ ആയിരിയ്ക്കാം.

'മേഘത്തിന്റെ മടിയിൽനിന്നും മേഘത്തിന്റെ മടിയിലേയ്ക്ക് കുതിക്കുന്ന മിന്നൽക്കൊടിയെക്കണ്ട് ആരും അരികത്ത് ഇല്ലാത്തപ്പോൾ, ഇടവപ്പാതിക്കാലത്തെ അന്തിക്കൂരിരുളിന്റെ ചുരുളിൽ, എന്റെ കൊച്ചു വീടിന്റെ കോലായിൽ നിന്ന് ബാല്യത്തിൽ ഞാൻ എന്തിനെന്നറിയാതെ തുള്ളിപ്പോയിട്ടുണ്ട്,' തന്റെ ബാല്യത്തെക്കുറി





ച്ചു ജി ഓർക്കുന്നതിങ്ങനെയാണ്. ഈ കൊച്ചു വീടിന്റെ കോലായി ഇന്ന് വിജനമാണ്. വീടു തന്നെ അനാഥമാണ്, അനാമകമാണ്. കാവ്യസൗന്ദര്യമേറിയതും വിജ്ഞാനപ്രദവുമായ നിരവധി കൃതികൾ ജന്മം കൊള്ളുന്നതിനു തണലേകിയ ഈ ശ്രീലകത്തിന് ഇന്ന് പാതയോരത്തെ ഒരു ബസ് സ്റ്റോപ്പ് ഷെഡ്ഡിൻറെ വ്യാതി പോലുമില്ല. യാത്രക്കാരുടെ കാത്തിരിപ്പ് കേന്ദ്രത്തിന് അതിന്റെ പേരെഴുതുന്ന പതിവുണ്ട്. എന്നാൽ, ഇവിടെ അതും നിഷേധിക്കപ്പെട്ടിരിക്കുന്നു.

ഒരാണിയിൽ തൂങ്ങുന്ന ഒരു ബോർഡെങ്കിലും ഈ വീട്ടുമതിലിൽ ഉണ്ടായിരുന്നെങ്കിൽ, ശിവനാരായണ ക്ഷേത്രം സന്ദർശിക്കുന്ന ആ നാട്ടുകാരല്ലാത്തവർക്കു കൂടി അത് മഹാകവിയുടെ ഭവനമാണെന്ന് തിരിച്ചറിയാൻ കഴിയുമായിരുന്നു. ശ്രീശങ്കരാചാര്യരുടെ വിഭൂതി പതിഞ്ഞ ക്ഷേത്രത്തിൽ ദൂരദിക്കിൽ നിന്നു പോലും തീർത്ഥാടകരെത്തുന്നുണ്ട്. ഇങ്ങനെയുള്ള ചെറിയൊരു പ്രസിദ്ധിക്കു പോലും ജി ക്ക് അർഹതയില്ലെന്ന് പ്രബുദ്ധ കേരളം വിധിച്ചത് ബോധപൂർവം തന്നെയാണോ? ഖേദപൂർവം കുറിയ്ക്കട്ടെ, ഈ നന്ദികേടിന്റെ നിറവിൽ അമ്മ മലയാളം എന്നോ മരിച്ചു കഴിഞ്ഞിരിയ്ക്കുന്നു!




മഹാരാജാസ് കോളേജിൽ ജോലികിട്ടി താമസം എറണാകുളത്തേക്കു മാറ്റുന്നതുവരെ (1937), ജി തന്റെ സർഗചേതന ഉൾക്കൊണ്ടത് നായത്തോടിലെയും തിരുവില്ല്വാമലയിലെയും ശുദ്ധവായുവിൽനിന്നു തന്നെയായിരുന്നു. എന്നാൽ, ജിയുടെ 'വിശ്വദർശന'വും, 'സന്ധ്യാരാഗ'വും, 'ജീവനസംഗീത'വും, 'സാഹിത്യകൗതുക'വും, 'പഥികന്റെ പാട്ടും' മറ്റും അദ്ദേഹത്തെ ഒരു വിശ്വോത്തര കവിയാക്കിയിരുന്നുവെന്നതിന് അടിവരയിടാൻ നമുക്കിനിയും സമയം വേണമെന്നു തോന്നുന്നു. മറ്റേതൊരു സംസ്ഥാനത്തുള്ളതിനേക്കാൾ കൂടുതൽ സാഹിത്യബോധവൽക്കരണ പ്രസ്ഥാനങ്ങളുള്ള നമ്മുടെ നാടിന് അദ്ദേഹത്തെ പ്രാദേശികതയുടെ പരിധിയിൽ കെട്ടിയിടാനാണോ താൽപര്യം?

കൂടുതൽ പ്രാചീനതയും, ഗ്രന്ഥശേഖരവും, അടിസ്ഥാനശേഷിയും, സമ്പദ്സ്രോതസ്സും അവകാശപ്പെടാനുണ്ടായിരുന്ന മറ്റുഭാഷകളെ പിൻതള്ളിയാണ്, ഭാരതഭാഷാശൃംഖലയിലെ ഏറ്റവും ഇളംതലമുറക്കാരിയായ മലയാളത്തിന് രാജ്യത്തെ പ്രഥമ ജ്ഞാനപീഠപുരസ്കാരം ജി നേടിയെടുത്തു സമ്മാനിച്ചത്. 1921-മുതൽ 51-വരെയുള്ള 30 വർഷ കാലയളവിൽ പ്രസിദ്ധീകരിച്ച ഒമ്പതു ഭാഷകളിലെ ഒട്ടനവധി കൃതികളിൽനിന്നാണ്, ജി യുടെ 60 കവിതകളുടെ സമാഹാരം 1965-ൽ ഏറ്റവും മികച്ചതെന്ന് പത്തംഗ ജൂറി കണ്ടെത്തിയത്. ഹിന്ദിയും, ബംഗാളിയും, മറാഠിയും, ഗുജറാത്തിയും, ഉർദുവും, തമിഴും, തെലുഗുവും, കന്നഡയുമൊക്കെ ജ്ഞാനപീഠം നേടുന്നത് പിന്നീടാണ്.

താത്വികമായി അവലോകനം ചെയ്താൽ, 2013-ൽ അല്ല, ജി മീട്ടിയ 'ഓടക്കുഴലി'ൽ നിന്നുതിർന്ന നാദവിസ്മയത്തിൽ ഭാരതമാകെ പുളകം കൊണ്ട അറുപതുകളിൽ തന്നെ മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി ലഭിച്ചിട്ടുണ്ടെന്ന യാഥാർത്ഥ്യം, മാതൃഭാഷയെ നെഞ്ചിലേറ്റുന്ന ഏതൊരാൾക്കും മനസ്സിലാക്കാവുന്നതേയുള്ളൂ. 2013-ൽ നേടിയ നിയമദൃഷ്ട്യാ ഉള്ള ക്ലാസ്സിക് ലാംഗ്വേജ് സ്ഥാനത്തിന് കേവലം സാങ്കേതികതയുടെ പരിവേഷം മാത്രമാണുള്ളത്.

നമ്മുടെ ഭാഷയ്ക്ക് ഇത്രയൊക്കെ സംഭാവനകൾ ചെയ്ത ഒരു മഹാകവി എന്തുകൊണ്ടാണിപ്പോഴും വാഴ്ത്തപ്പെടാത്തത്? കാലയവനികക്കുള്ളിൽ മറഞ്ഞ് നാലു ദശാബ്ദത്തിലേറെ ആയെങ്കിലും, അദ്ദേഹത്തി



നൊരു സ്മാരകം പോലും പണിയാത്തതിനെ, നന്ദികേട് എന്നല്ലാതെ മറ്റെങ്ങനെയാണ് വിശേഷിപ്പിക്കേണ്ടത്? എഴുത്തച്ഛന് തിരൂരിലും, ആശാന് തോന്നക്കലിലും, രവി വർമ്മക്ക് വയലാറിലും, തകഴിക്ക് ശങ്കരമംഗലത്തും, ചങ്ങമ്പുഴക്ക് കൊച്ചിയിലും, വള്ളത്തോളിന് ചെറുതുരുത്തിയിലും, ഒ. വി.വിജയന് തസ്രാക്കിലും, കമലസുരയ്യക്ക് പുന്നയൂർകുളത്തും സ്മൃതി മണ്ഡപങ്ങൾ പണിത നമ്മളിപ്പോൾ, ഇടശ്ശേരി ഗോവിന്ദൻ നായർക്ക് പൊന്നാനിയിൽ ഇങ്ങനെയൊന്ന് നിർമ്മിക്കുന്നതിന്റെ തിരക്കിലുമാണ്.

ഒരു സ്മാരകമില്ലെങ്കിലും ആത്മാവുള്ള തന്റെ കൃതികളാൽ ജി സ്മരിക്കപ്പെടുമെന്നതിൽ സംശയമില്ല. എന്നിരുന്നാലും, ഈ വിവേചനത്തിനൊരു അറുതി വരുത്താൻ നമുക്ക് പ്രയത്നിക്കേണ്ടതില്ലേ? തന്റെ കാവ്യങ്ങളിലൂടെ മധുരമായും സൗമ്യമായും മാനവസാഹോദര്യവും സാർവദേശീയ സ്നേഹവും ദീപ്തമാക്കിയ കവിവര്യൻ വിസ്മരിക്കപ്പെടുന്നത് നന്ദികേടുമാത്രമല്ല, ബോധപൂർവമായ സംസ്കാര നിന്ദയുമാണ്. പ്രശസ്ത സമാഹാരം, 'മധുരം, സൗമ്യം, ദീപ്തം' മറിച്ചു നോക്കി അതിലെ സാർവകാലീന മൂല്യമുള്ള കവിതകളുടെ ചേതന ഉൾക്കൊണ്ട ഒരു അനുവാചകനത് അത്യന്തം ഹൃദയഭേദകവുമാണ്.

തങ്ങളുടേത് ശ്രേഷ്ഠഭാഷയാണെന്ന് അഭിമാനം കൊള്ളുന്ന മുതിർന്ന തലമുറയും, 4G-യെയും 5Gയെയും സംബന്ധിക്കുന്ന വിവരങ്ങൾ സദാ പങ്കുവെയ്ക്കുന്ന പുതിയ തലമുറയും, തനിച്ചായ ഈ ജിയെ കുറിച്ചും അല്പം സംസാരിച്ചിരുന്നുവെങ്കിൽ!

ചുമന്നു നടക്കുന്ന ആൻഡ്രോയ്ഡുകളുടെയും ലേപ്ടോപ്പുകളുടെയുമിടയിൽ, ജിയുടെ ആത്മകഥാപരമായ ലേഖനങ്ങളും ഡയറിക്കുറിപ്പുകളും അടങ്ങിയ 'നോട്ടുബുക്കി'നും ഒരു സ്ഥാനം ലഭിച്ചിരുന്നുവെങ്കിൽ...




ശിവനാരായണനെ തൊഴുതു നായത്തോട് സന്ദർശനം അവസാനിപ്പിക്കുമ്പോൾ, കാവ്യോജ്ജ്വലങ്ങളായ രചനകൾക്ക് പാത്രീഭൂതമായ ആ വലിയ വീട് ഒരുവട്ടം കൂടി കണ്ണുനിറയെ കണ്ടു.

'സൂര്യകാന്തി'യും, 'നാലുമണിപ്പൂവുകളും' 'പൂജാപുഷ്പ'ങ്ങളായി ആ മണ്ണിലിനിയും വളരണേയെന്ന് പ്രാർത്ഥിച്ചു.

മധുരം, സൗമ്യം, ദീപ്തം!

ചെറുകഥ

നിർമ്മല





വര: പി ആർ രാജൻ

# മഞ്ഞമോരും ചുവന്ന മീനും

എയർപോർട്ടിനു പുറത്തു കടന്നതും സ്വപ്ന പരാതി ശബ്ദത്തിൽ ചോദിച്ചു.

– അയ്യേ, എവിടെ മഞ്ഞ്? കാനഡേലു മുഴുവൻ മഞ്ഞാണെന്നു പറഞ്ഞിട്ട് ഇതെന്താ മഴ?

ഉരുക്കുന്ന ഏപ്രിൽച്ചൂടിൽ നിന്നും വന്ന മനീഷിന്റെയും സ്വപ്നയുടെയും ശരീരങ്ങളെ വിറപ്പിച്ചുകൊണ്ട് എയർപോർട്ടിനു ചുറ്റും മഴ നിർദ്ദയമായി പെയ്തു. കാറോളം നടന്നപ്പോഴേക്കും ബാഗുകൾ തൂക്കിപ്പിടിച്ചിരുന്ന അവരുടെ കൈകൾ മരവിച്ചു പോയിരുന്നു.

– സ്പ്രിംഗ് ആയില്ലെ, അതാണു മഴ.

വിമാനത്താവളത്തിൽ അവരെ സ്വീകരിക്കാനെത്തിയ പരിചയക്കാരൻ സജു പറഞ്ഞു.

വഴിയിരികിൽ അലിഞ്ഞു തീരാതെ ബാക്കി കിടന്നിരുന്ന പഴകിയ മഞ്ഞുകൂനകളിൽ മഴ ചെളിയും മണ്ണും തെറിപ്പിച്ച് ഭംഗി കെടുത്തുന്നത് സ്വപ്ന കാറിന്റെ ജനലിലൂടെ കണ്ടു.

പക്ഷെ കുറച്ചാഴ്ചകൾക്കുള്ളിൽ ഉണങ്ങിയ മട്ടിൽ നിന്നിരുന്ന മരം ഇലയില്ലാതെ പൂക്കൾ മാത്രമായി പൊട്ടിത്തരിച്ചുകൊണ്ട് സ്വപ്നയെ അത്ഭുതപ്പെടുത്തി.

– നോക്ക്യേ മനീഷേ, I want to do with you what spring does with the cherry trees എന്നു നെരൂദ പറഞ്ഞതു ശരിക്കും ഉൾക്കൊണ്ടതിപ്പഴാ. മരവിപ്പിൽ നിന്നും അടിമുടി പുളകത്തിലേക്കെത്തിക്കുക. ഹാവൂ....!

ബോട്ടണിക്കാരുടെ മനസ്സ് പൂക്കളിലും പരിചയമില്ലാത്ത മരങ്ങളിലുമായി ചുറ്റിത്തിരിഞ്ഞു. ആ സമയത്തൊക്കെ മനീഷ് റെസ്യൂമെ മോടി പിടിപ്പിച്ചു. പഠിക്കാൻ ശ്രമിച്ചു. എന്നിട്ടെന്താ, പൂക്കൾ മുഴുവൻ കൊഴിഞ്ഞ് മരങ്ങൾ നിറയെ ഇലവന്ന ജൂൺ മാസമായിട്ടും പഠിപ്പുകാരൻ ജോലിക്കാരനായില്ല.

നഗരത്തിലെ ആകാശമെത്തുന്ന ഓഫീസു കെട്ടിടങ്ങളിൽ എത്രായിരം കസേരകളും മേശകളുമുണ്ടാവുമെന്ന് മനീഷ് കണക്കുകൂട്ടി. പക്ഷെ മനീഷിനിരിക്കാൻ മാത്രമൊരു കസേര ആരും നീക്കിയിട്ടു കൊടുത്തില്ല.

ഇൻഫൊർമേഷൻ ടെക്നോളജിയിൽ ധാരാളം ഒഴിവുകളുണ്ടെന്ന് വായിച്ചറിഞ്ഞ തുടക്കത്തിലേക്കും പിന്നെ പേപ്പറുകൾ ശരിയാക്കികൊടുത്ത ഏജൻസിയുടെ വർണ്ണനകളിലേക്കും പലപ്പോഴും അയാളുടെ മനസ്സൊഴുകിപ്പോയി. കാനഡിയിലേക്കു അവരു വെട്ടിയ കുറുക്കുവഴിയുടെ ഭാഗമായിരുന്നു കൂടെ കൊണ്ടുപോകാൻ മൂന്നുലക്ഷം രൂപ വേണ

മെന്നത്. വന്നുകഴിഞ്ഞ് വെറുതെ കിടക്കുന്ന ഒഴിവുകളിലൊന്നിൽ കയറിയിരുന്നു ശമ്പളം വാങ്ങുന്നതുവരെ കഴിയാനുള്ള വക എന്ന നിലയിൽ സർക്കാരിന്റെ മുൻകരുതൽ.

ഒഴിവുകളുണ്ടല്ലൊ, അതിലൊന്നും മനീഷ് പാകമാകാതിരിക്കുവാനുള്ള ഒഴിവുകഴിവുകളും ധാരാളമായിപ്പോയെന്നു മാത്രം.

ചില ജോലിക്ക് സ്വന്തം കാറുവേണം, അല്ലെങ്കിൽ കാറോടിക്കുവാനുള്ള ലൈസൻസുണ്ടാവണം. പിന്നെ ജോലി പരിചയം. കാനഡയിലെ ജോലിപരിചയം കോഴിയോ മുട്ടയോ ആദ്യം വരികയെന്ന ചോദ്യം പോലെ. ഇംഗ്ലീഷ് വ്യാകരണത്തെറ്റില്ലാതെ എഴുതിയാൽ പോര. ഉരുളക്കുപ്പേരി അമേരിക്കൻ സ്വരഭാരത്തിൽ മുറപ്രകാരമുള്ള അംഗവിക്ഷേപങ്ങളോടെ വിളമ്പണം.

പാർഡൺ മീ... സോറി... ക്യാൻ യൂ എക്സ്പ്ലേയ്ൻ പ്ലീസ് ഒക്കെ. തിരിച്ചും മറിച്ചുമിട്ടിട്ടും പലപ്പോഴും ചോദിച്ചതിനല്ല മറുപടി പറഞ്ഞതെന്ന് മനീഷിനു തോന്നി.

രൂപ ഡോളറായി ചുരുങ്ങിയതുപോലെ പഠിപ്പിനും മൂല്യവ്യത്യാസമുണ്ടാവും എന്നു സ്വപ്നയോടു പറയാൻ അയാൾ ഭയപ്പെട്ടു.

മരങ്ങളിലെ ചെറുകായ്കൾ വലിയ പഴങ്ങളായി മാറിയപ്പോൾ മനീഷ് പറഞ്ഞു.

– ഇഞ്ചിനീയറായി ജോലി കിട്ടണമെന്ന ദുരാഗ്രഹം വേണ്ടെന്നു വെക്കാമല്ലെ. എന്തു കിട്ടിയാലും എടുക്കാം.

– കഷ്ടപ്പെട്ടു പഠിച്ച് നല്ല മാർക്കു വാങ്ങിയല്ലേ ഇഞ്ചിനീയറിംഗിനു പാസായത്. എന്നു മുതലാണ് പഠിപ്പനനുസരിച്ചുള്ള ജോലി ദുരാഗ്രഹമായത്?

സ്വപ്നയുടെ ഉത്തരം കേട്ടപ്പോൾ അവൾ ഛർദ്ദിക്കാനുള്ള പുറപ്പാടിലാണെന്നു മനീഷിനു തന്നി.

അവൾ ആദ്യം ഛർദ്ദിച്ചത് കല്യാണം കഴിഞ്ഞ് മൂന്നു മാസം കഴിഞ്ഞപ്പോഴാണ്. അമ്മാവന്റെ വീട്ടിൽ പോകുമ്പോൾ സാരിയുടുക്കാൻ മനീഷിന്റെ മമ്മിയവളെ നിർബന്ധിച്ചു. മമ്മിയും അടുക്കളയിലെ പണിനിർത്തി ഗംഗയും കൂടി കുറച്ചുനേരം ശ്രമിച്ചിട്ടാണ് സാരി പിടിപ്പിച്ചു വച്ചത്.

കഴിഞ്ഞതും സ്വപ്ന കുളിമുറിയിലേക്കോടി. ആളൊഴിഞ്ഞപ്പോൾ സ്വപ്ന മനീഷിനോടു പരാതിപ്പെട്ടു.


– അഞ്ചു മീറ്ററുള്ള ഈ ലാബറിന്തിനകത്തിട്ടെന്നെ ചുറ്റിക്കല്ലെ മനീഷേ!

ഭംഗി , പാരമ്പര്യം എന്നൊക്കെ പറഞ്ഞാൽ സ്വപ്ന തർക്കിക്കും.

– അമ്മൂമ്മ മുണ്ടാണുടുത്തിരുന്നത്. മമ്മി സാരിയും. നമ്മുടെ ജനറേഷൻ സാരിയിൽ സ്റ്റക്കാകണമെന്നു പറയുന്നതു ശരിയാണോ?

സ്വപ്ന ഛർദ്ദിച്ച വിവരം സന്തോഷത്തോടെ പറഞ്ഞവരുടെ മുന്നിൽ മമ്മി മുഖം ഒന്നമർത്തി തുടച്ചു നടക്കേണ്ടിവന്നു.

പിന്നേയും രണ്ടുവർഷം കഴിഞ്ഞാണ് പ്രണവുണ്ടായത്.



സ്വപ്നയും മനീഷും പ്രണവിനെ നടുക്കിരുത്തി. ടി.വിയിലെ കാലാവസ്ഥ വിവരണങ്ങൾ കണ്ടു. ചൂടിനേയും തണുപ്പിനേയും ഇത്രയ്ക്കു വർണിക്കാനുണ്ടൊ എന്നവർ ഇടക്കൊക്കെ പരസ്പരം ചോദിച്ചു.

കോട്ടും സ്വറ്ററും ബൂട്ട്സുമിട്ട പെണ്ണുങ്ങൾ നെടുകേയും ചരിഞ്ഞും ഔദ്ധത്യത്തോടെ
നിൽക്കുന്ന പരസ്യപ്പത്രം വന്ന ദിവസം മനീഷ് സജുവിനെ വിളിച്ചു.

– അങ്കിളിന്റെ പരിചയക്കാരാരെങ്കിലും വിചാരിച്ചാൽ ഒരു ജോലി കിട്ടാൻ ചാൻസുണ്ടാവുമോ?

മനീഷിനിപ്പോൾ അർജുനന്റെ ഏകാഗ്രതയാണ്. അഭിമാനവും മര്യാദയുമൊക്കെ ഇലയും പക്ഷിക്കൂടും മാത്രം.

മൂന്നാംകിട രാജ്യത്തെ ഒന്നാംകിട പൗരനി ൽ നിന്നും ഒന്നാംകിട രാജ്യത്തെ മൂന്നാംകിട
പൗരനിലേക്കുള്ള അകലത്തെ അത്യാഗ്രഹം കൊണ്ടാവുമോ അളക്കേണ്ടതെന്ന് അയാൾ സ്വയം ചോദിച്ചു.

സജു അവരെ വീട്ടിലേക്ക് അത്താഴത്തിനു ക്ഷണിച്ചു. ഉപനഗരത്തിലുള്ള വീടോളം ബസെത്താത്തതുകൊണ്ട് സജു കാറിൽ കൊണ്ടു
പോകേണ്ടി വന്നു.

ലിവിംഗ് റൂമിലെ പ്രൗഢിയുള്ള സോഫകൾക്കും ഉപയോഗിക്കാൻ മടി തോന്നിപ്പിക്കുന്ന കുഷ്യനുകൾക്കും ഇടയിൽ ചെറിയൊരു അങ്കലാപ്പോടെ മനീഷ് അന്ന് ഒറ്റപ്പെട്ടു പോയിരുന്നു.

കണ്ണുകൾ ഭിത്തിയിലെ പ്രസിദ്ധമായ പെയിന്റിംഗിന്റെ കോപ്പിയിലും നിലത്തെ പരവതാനിയിലുമൊക്കെയായി മാറ്റിനട്ട് അയാൾ മര്യാദക്കാരനാകാൻ ശ്രമപ്പെട്ടു. സോഫകൾക്കു നടുവിലെ ചില്ലുകൊണ്ടുള്ള മേശയുടെ ചെറുപ്പതിപ്പുകളാണ് സോഫകൾ കൂടുന്നിടത്തെ മൂലമേശകളെന്നൊരു വലിയ കണ്ടുപിടുത്തം നടത്തിയതിൽ

സ്വയം അഭിനന്ദിച്ച് കുറച്ചു സമയം കഴിച്ചു.

അടുക്കളയോടു ചേർന്ന ആഢ്യത്തം കുറഞ്ഞ ഫാമിലി റൂമിലാണ് സ്വപ്ന ചെന്നുപെട്ടത്. ഭിത്തികളിലെ സൂട്ടും പട്ടാംബരവും കവിയുന്ന കുടുംബചിത്രങ്ങളും, വീതിയുള്ള ഫ്രെയിമുകൾക്കുള്ളിലെ കൊതിപ്പിക്കുന്ന അച്ചടക്കമുള്ള കുട്ടികളും, ഒരിക്കലും കത്തിക്കാത്ത ഫയർപ്ലേസിനു മുകളിലെ മാന്റൽ എന്ന ഉപയോഗിച്ചു പഴകിയ സോഫകളും കുഷ്യനും ചെറുമേശകളും മങ്ങിയ ഇന്ത്യൻ കൗതുകവസ്തുക്കളും അവളോടു ചങ്ങാത്തം കൂടിയതുമില്ല. നീളന്തണ്ടുള്ള വൈൻ ഗ്ലാസു പിടിച്ചിരുന്ന പെണ്ണുങ്ങൾ സ്വപ്നക്കു മനസ്സിലാവാത്ത ഭാഷയിൽ സംസാരിച്ചു.

– സോബീസിൽ ചിക്കൻ സെയിലുണ്ട്.

– ആണോ, എത്ര പൈസായാ.

– പൗണ്ടിന് തൊണ്ണൂറ്റൊമ്പതു സെന്റ്.

– എന്നാ റ്റെൻ സെന്റ് സെയിലു തൊടങ്ങുന്നത് ? ഉള്ളിക്കും ക്യാരറ്റിനുമൊക്കെ?

– അതു സാധാരണ ഒക്ടോബറിലല്ലെ. ഞാനിതുവരെ കണ്ടില്ല.

ഊണിനു നേരമായപ്പോൾ പ്രണവിനു ചോറെടുക്കുക എന്ന സമസ്യക്കു മുന്നിലും സ്വപ്ന ഒറ്റപ്പെട്ടു. മേശപ്പുറത്തു നിരന്ന അനേകം വിഭവങ്ങളിലേക്കു നോക്കി പരുങ്ങുന്ന സ്വപ്നയെ ഒരു മഴവില്ലുപോലെ മനീഷു കണ്ടിരുന്നു.

നീട്ടിയ പാത്രത്തിലേക്കു ചോറു വിളമ്പിയിട്ട് മനീഷും സംശയിച്ചു.

– മോരെടുക്ക്!

മഞ്ഞ നിറമുള്ള കറി ചൂണ്ടിയാണ് ആന്റി പറഞ്ഞത്. ചോറിനെ മഞ്ഞളിപ്പിക്കുന്ന മോരുകറി.

മറ്റൊരു പാത്രത്തിൽ ചുവന്ന ചാറിൽ പാതി പുറത്തായി മീൻ കഷണങ്ങൾ സ്കെയിലുവച്ചു വരച്ചിട്ടു മുറിച്ചതുപോലെയുള്ള ചതുര കഷണങ്ങൾക്കു നല്ല കട്ടിയുണ്ട്.

മീൻ തന്നെയാണോ, ഫാക്ടറിയിൽ ഉണ്ടാക്കിയതാവുമോ എന്നു സ്വപ്നയോടു ചോദിക്കുന്നതോർത്ത് മനീഷ് ഉള്ളിൽ ചിരിച്ചു.

ഊണു തുടങ്ങിയതോടെ ലിവിംഗ് റൂമിലെ ശബ്ദം ഇല്ലാതായി. ഇടയ്ക്ക് എന്തെങ്കിലും പറയണമല്ലൊ എന്നോർത്താണ് എന്തുതരം മീനാണെന്ന് മനീഷ് ചോദിച്ചത്.

കിംഗ് ഫിഷ്, നെമ്മീൻ, നെയ്മീൻ, അല്ല അയക്കൂറ... ലിവിംഗ് റൂമിൽ വീണ്ടും ബഹളമായി.

– മീനിനെക്കുറിച്ച് അറിയണമെങ്കിൽ ഞങ്ങളു മലബാറീസിനോടു ചോദിക്കണം. ഞങ്ങളുടെ ബ്രെയ്ക്ക്ഫാസ്റ്റു തന്നെ മീനിലാ.

– അതു നിങ്ങക്കു ബോധമില്ലാഞ്ഞിട്ടാ. നല്ല മീങ്കറി കൂട്ടണമെങ്കി കോട്ടയത്തു വരണം. കൊടമ്പുളിയിട്ട മീങ്കറിക്കെന്നാ ടെയ്സ്റ്റാ!

പിന്നെ മലബാറീസും തിരുവതാംകൂറിസും കുറെയേറെനേരം തർക്കിച്ചു. അതിനിടയിൽ തിരുക്കൊച്ചിയിലെ ചാളക്കറി മിണ്ടാതെ തേങ്ങച്ചാറിൽ മുങ്ങി ഒരു സോസറിൽ കുറുകെ കിടന്നു.

– ആണിയിൽ തൂക്കിയിടുമ്പോൾ ഭൂപടത്തിൽ മുകളിലാണെന്നു കരുതി വടക്കുള്ളവർക്ക് തെക്കുള്ളവരോട് പൊതുവെ ഒരു മേൽക്കോയ്മയുണ്ട്. ഉത്തരേന്ത്യക്കാരനു മദ്രാസിയോടു പുച്ഛം. മലബാറുകാർക്ക് തിരുവിതാംകൂറുകാരെ പിടിക്കായ്ക.

കൂടുതൽ കഷണ്ടിയും കുറച്ചു മുടിയുമുള്ള മനുഷ്യനാണതു പറഞ്ഞത്. അയാൾ താഴെയുള്ള മുടി നീട്ടി മുകളിലേക്കു പരത്തി ചീകിവച്ച് കഷണ്ടി മറക്കാൻ ശ്രമിച്ചിട്ടുണ്ട്. എഴുപതുകളിലോ എൺപതുകളിലോ മുടി നീട്ടി സഞ്ചിയും തോളിലിട്ടു നടന്നിരുന്ന ഒരു യുവാവായിരുന്നു അയാളെന്നു മനീഷിനു തോന്നി.



തർക്കം എങ്ങുമെത്താതെ തിരിയുന്നതിനിടക്കാണ് സജുവങ്കിൾ മനീഷിന്റെ ജോലിക്കാര്യമെടുത്തിട്ടത്. ഉത്സാഹത്തോടെ എല്ലാവരും പുതിയ വിഷയത്തിലേക്കു കടന്നു.

– എത്ര പഠിത്തമുണ്ടായിട്ടും കാര്യമില്ല. ഇവമ്മാരു തൊലിനോക്കിയേ ഹയറു ചെയ്യൂ.

ഡിസ്ക്രിമിനേഷൻ അല്ലാതെന്താ?

– ഞാൻ വന്ന കാലത്ത് തറ തുടച്ചിട്ടുണ്ട്.

– പിന്നെ ഞാനെത്ര വർഷം പാതിരാത്രിയിൽ ഫോർട്ടിനോസിലെ ഷെൽഫിൽ സാധനങ്ങളെടുത്തു വെക്കാൻ പോയിട്ടുണ്ട്.

– എയർപോർട്ടിൽ വന്നിറങ്ങുമ്പോൾ തന്നെ ജോലി കിട്ടുമെന്നാ ഇപ്പോഴത്തെ പിള്ളേരടെ വിചാരം! ഇവിടെ ജോലി എടുത്തു വെച്ചിരിക്കുകയല്ലേ!

ഏജന്റിന്റെ കണക്കുകൾ മനീഷിന്റെ മനസ്സിൽ കിടന്നു പിടഞ്ഞു.

– ഐ.ടി ഫീൽഡിൽ 120 ഒഴിവുകൾ ടൊറന്റോയിൽ തന്നെയുണ്ട്.

അതെടുത്ത് ഇയാളുടെ വായിൽ തിരുകിയാലോ?

പിന്നെ ജോസഫും വർക്കിയും കൂണു ഫാക്ടറിയിൽ ജോലിക്കു പോയ പഴയ കഥയിലേക്കു തെക്കരും വടക്കരും ഒരുമയോടെ കൂപ്പുകുത്തി.

പഴങ്കഥകൾക്കും പൊട്ടിച്ചിരികൾക്കുമിടയിൽ സായിപ്പിന്റെ വിവേചനത്തിനു മുന്നിൽ അത്യാഗ്രഹക്കാരനായി മനീഷൊറ്റക്കു നിന്നു.

ഭൂപടപരമായി പടിഞ്ഞാറിനു കിഴക്കിനോടുള്ളത് ഒരു വശക്കോയ്മ ആയിരിക്കുമോ എന്ന് മനീഷത്ഭുതപ്പെട്ടു.

തിരിച്ച് അപ്പാർട്ടുമെന്റിലെത്തിയപ്പോൾ അയാൾ സ്വപ്നയോടു ചോദിച്ചു.

– മോനെന്താ കഴിച്ചത്?

– മഞ്ഞമോരും ചുവന്നമീനും കൂട്ടി അവനു ചോറു കൊടുത്തു.

നിങ്ങളിരുന്നിടത്ത് എന്തായിരുന്നു ബഹളം.

– അത് ബാറീസും കുറീസും വമ്പു കമ്പയറു ചെയ്യുകയായിരുന്നു.

വിശദീകരിക്കുമ്പോൾ സ്വപ്നയുടെ മുഖത്ത് ഛർദ്ദിക്കാനുള്ള ഭാവം വന്നു.

ആണിത്തൂക്കത്തിലെ മേൽക്കോയ്മയെക്കുറിച്ചു പറഞ്ഞപ്പോൾ സ്വപ്ന ചോദിച്ചു.

– സച്ചിദാനന്ദമുടിയുടെ കണ്ടുപിടുത്തമാണോ?

– അയാളുടെ പേര് കെ.ആർ കുരുവിള എന്നാണ്. പക്ഷേ കുരുളേച്ചൻ എന്നാണെല്ലാവരും അയാളെ വിളിക്കുന്നത്.

സ്വപ്നക്കതൊന്നും പ്രശ്നമല്ലെന്നും അവൾ അയാളെ സച്ചിദാനന്ദമുടി എന്നു മാത്രമെ വിശേഷിപ്പിക്കു എന്നും മനീഷിനറിയാമായിരുന്നു.

പിന്നെ മനീഷിനും സ്വപ്നയ്ക്കും സജുവിന്റെ വീട്ടിൽവന്ന പലരുടേയും അതിഥിയാകേണ്ടിവന്നു.

അതോടെ, മോരുകറി , വരട്ടിയെടുത്ത ഇറച്ചി, പുളിയുള്ള ചുവന്ന ചാറിൽ മീനിന്റെ ഫാക്ടറിക്കഷണങ്ങൾ , അങ്ങനെ പോകുന്ന കോട്ടയം ക്രിസ്ത്യാനികളുടെ പതിവു മെനുവിനെ മനീഷ് കോക്രി ഊണ് എന്നു വിളിക്കാൻ തുടങ്ങി.

ഒരു ജോലി തരപ്പെടുമെങ്കിൽ എത്ര കോക്രിയുണ്ണാനും തയ്യാറാണെന്ന് അവൻ സ്വപ്നയോടു വീമ്പു പറഞ്ഞു.

ഇതിനിടയ്ക്കാണ് അപ്പാർട്ടുമെന്റിനു മുന്നിൽ നിന്നിരുന്ന ഗിംഗോ മരത്തിലെ ഇലകൾക്ക് കടുംമഞ്ഞ നിറമായത്. അതിന്റെ ചെറുവിശറികൾ പോലുള്ള ഇലക്ക് മത്തു പിടിപ്പിക്കുന്ന ഭംഗിയെന്നു സ്വപ്ന പറഞ്ഞു. പിൻവശത്തെ കിടപ്പുമുറിയിലെ ജനലിലൂടെ കാണാവുന്ന സൺസെറ്റ് മേപ്പിൾ എന്ന മരത്തിന്റെ ഇലകൾക്ക് കത്തുന്ന ചുവപ്പുനിറമായി.

ചെടികളെ തലോടി മരങ്ങളുടെ ഇല പരിശോധിച്ച് സ്വപ്ന അവയുടെ കുടുംബങ്ങൾ കണ്ടുപിടിച്ചു. ഇടയ്ക്കൊക്കെ ചില മരയറിവുകളും ഇലസത്യങ്ങളും അവൾ മനീഷിനു വിളമ്പി.

– തണുപ്പുകാലത്തേക്ക് ആവശ്യമുള്ള മൂലകങ്ങളെയൊക്കെ മാറ്റി വെയ്ക്കുന്നതുകൊണ്ടാ എലേടെ നിറം മാറുന്നത്. ക്ലോറോഫില്ലു പോകുമ്പം പച്ചനിറം പോവും. അപ്പോ എലേടെ തനിനിറം. ചോപ്പും മഞ്ഞേം ഒക്കെയായിട്ട് പുറത്തുവരും. സത്യത്തിൽ ഈ നിറങ്ങളൊക്കെ എലേലേക്കു വരികയല്ല, പച്ചനിറം അങ്ങു പോവ്വാ ചെയ്യണെ.

നിരയായി നിൽക്കുന്ന മരങ്ങളുടെ വർണ്ണഭംഗി ശരിക്ക് ആസ്വദിക്കണമെങ്കിൽ അൽഗോക്വിൻ പാർക്കിൽ പോകണമെന്ന് അവളോട് അപ്പാർട്ടുമെന്റിലെ ജാനിറ്റർ പറഞ്ഞു കൊടുത്തു. ടൊറന്റോയിൽനിന്നും രണ്ടു മണിക്കൂർ വടക്കോട്ടു വണ്ടിയോടിക്കുമ്പോൾ ഏക്കറുകൾ വിസ്തീർണ്ണമുള്ള അൽഗോക്വിൻ പാർക്ക്... മരങ്ങളും മൃഗങ്ങളും തടാകങ്ങളും കാടും മലകളും.

അവിടെ ക്യാമ്പു ചെയ്യാം.

ബോട്ടിൽ പോകാം.

– ശരത്ക്കാലത്ത് നിറം മാറുന്ന ഇലകളുടെ ഭംഗി കാണണമെങ്കിൽ അൽഗോക്വിനിൽ തന്നെ പോകണം.

ജാനിറ്റർ ലോയിഡ് ഉറപ്പിച്ചു പറഞ്ഞു. അവിടുത്തെ ചില പടങ്ങൾ അയാളുടെ ആൽബത്തിൽ കണ്ടതോടെ ബോട്ടണിക്കാരിക്കു ഹാലിളകി. മഞ്ഞക്കും ഓറഞ്ചിനും വിവരിക്കാനാവാത്തത്ര തരം തിരിവുകൾ.

മരങ്ങളും ചെടികളും കടുംനിറങ്ങളിൽ ചേർന്നു നിൽക്കുന്നതു കണ്ടാൽ വരച്ചു വച്ചിരിക്കുന്നതാണെന്നു തോന്നും.

ശനിയാഴ്ച രാവിലെ അൽഗോക്വിനു കൊണ്ടു പോകാമെന്ന് സജു ഏറ്റതോടെ അപ്പാർട്ടുമെന്റിലും നിറംവച്ചു. ഉച്ചയ്ക്കു കഴിക്കാനുള്ളത് അവിടെയിരുന്നു കഴിക്കാനായി പൊതിഞ്ഞു കൊണ്ടുപോവുക. വൈകുന്നേരം അത്താഴം സജുവിന്റെ വീട്ടിൽ.

സ്വപ്ന മുളിപ്പാട്ടോടെ തൈരുസാദം പൊതികെട്ടി. കുടിക്കാൻ വെള്ളം കുപ്പിയിൽ. പ്രണവിനു പലഹാരങ്ങൾ പ്രത്യേകം. അതിനിടയിൽ ക്യാമറ മറന്നേക്കല്ലേ, ബാറ്ററി ചാർജു ചെയ്തിട്ടുണ്ടോ എന്നൊക്കെയവൾ മനീഷിനെ ശാസിക്കുകയും ചെയ്തു,

പത്തുമണിക്കെത്താമെന്നു പറഞ്ഞ സജു പത്തരയായിട്ടും വരാതിരുന്നപ്പോൾ മനീഷ് വിളിക്കാനുറച്ചു.

– ഇനി മറന്നു കാണുമോ?

– അതു മനീഷേ, ഇന്നു കുറച്ചുപേരെ ഇങ്ങോട്ട് ഉണ്ണാൻ വിളച്ചിട്ടുണ്ട്. നിങ്ങളോടു വരാൻ പറഞ്ഞില്ലായിരുന്നൊ? ഏതായാലും കുക്കു ചെയ്യണം, അപ്പം കടമുള്ള കുറച്ചുപേരെ വിളിച്ചേക്കാമെന്നു ഷൈല വിചാരിച്ചു. ഞാനീ എറച്ചി ഒന്നു മുറിച്ചു കൊടുത്തേച്ച് ഒരു മണിക്കൂറിനകം വന്നേക്കാം.

പന്ത്രണ്ടു മണിയായപ്പോൾ പ്രയോജനമില്ലെന്നറിഞ്ഞു തന്നെ മനീഷ് വീണ്ടും വിളിച്ചു. അപ്പോൾ സജു പുറത്തു പുല്ലുവെട്ടുകയാണെന്ന് ആന്റി പറഞ്ഞു.

– എന്തെങ്കിലും ആവശ്യമുണ്ടോ? തിരിച്ചു വിളിക്കാൻ പറയണൊ?

സ്നേഹാന്വേഷണത്തിനു മറുപടിയൊന്നും പറയാനില്ലാതിരുന്നിട്ടും അവർ പറഞ്ഞു.

– വൈകിട്ട് ഉണ്ണാൻ വരുമല്ലോ അല്ലേ? സജു ആറുമണിക്കു വന്നു പിക്കു ചെയ്യും കേട്ടോ.

ടൊറന്റോയിൽ നിന്നും അൽഗോക്വിനു ബസുണ്ടോ എന്നറിയണമെന്നായി സ്വപ്നയ്ക്ക്.

ടി.വിക്കു മുന്നിൽ മുനിപോലെയിരുന്ന മനീഷിനെ തോൽപ്പിച്ച് അവൾ ടെലിഫോൺ ഡയറക്ടറി നോക്കി ഗോ – ബസ്, ഗ്രേ– ഹൗണ്ട് തുടങ്ങിയ ബസു കമ്പനികളെയൊക്കെ വിളിച്ചു. ഗോ ബസ് അങ്ങോട്ടു പോവില്ലത്രേ. ഉച്ചകഴിഞ്ഞ് ഗ്രേഹോണ്ടിന്റെ ഒരു ബസ് പാതിവഴിയോളം പോവും. വൈകുന്നേരം അഞ്ചു മണിക്ക് അവിടെ നിന്നും വേറേതെങ്കിലും ബസുകമ്പനിയുടെ വണ്ടി കിട്ടുമോ എന്നന്വേഷിക്കാൻ പറഞ്ഞ് നല്ലൊരു സായാഹ്നവും നേർന്നു ഗ്രേ–ഹോണ്ടുകാരി.

ബസ്റ്റാൻഡിൽ പോയി ഒരു കോഴിക്കോടു ബസോ തിരുവനന്തപുരം ഫാസ്റ്റോ പിടിക്കുന്നതുപോലെയല്ല കാനഡയിലെ ബസുകാര്യം എന്നറിഞ്ഞ് സ്വപ്നയുടെ തീയും കെട്ടു. സോഫയിലിരുന്നുറങ്ങിപ്പോയ പ്രണവിനെ കിടക്കയിലേക്കു മാറ്റിയിട്ട് അവൾ പുറത്തിറങ്ങി ഗിംഗോ മരത്തിന്റെ ചുവട്ടിൽ നിന്നും കുറച്ചു മഞ്ഞ നിറമുള്ള വിശറിയിലകൾ പെറുക്കിക്കൊണ്ടു വന്നു .

കനമുള്ള ഡിക്ഷ്നറിക്കകത്തുവച്ച് അതിനു മുകളിൽ ഭാരമുള്ള ടെലിഫോൺ ഡയറക്ടറി കയറ്റിവെക്കുന്ന സ്വപ്നയെ നോക്കിയിരുന്ന മനീഷ് രതിലമ്പടനായി.

– ആർബറേറ്റം ഉണ്ടാക്കുന്ന കാലമാണെങ്കിൽ ക്യാമ്പസ് പ്രണയത്തിനു ചാൻസുണ്ടല്ലോ!

മനീഷിന്റെ കൊഞ്ചലിൽ അൽഗോക്വിൻ വർണ്ണങ്ങൾ ഇരിപ്പു മുറിയിലേക്കൊഴുകി. ചുവപ്പ്, മഞ്ഞ, ഓറഞ്ച്, മെറൂൺ, ക്രിംസൺ, സിയന്ന പേരു പറയാനറിയാത്ത നിറങ്ങളുടെ പ്രപഞ്ചത്തിൽ അവർ കലർന്നു. സുരതിക്കൊടുവിലെ അഗാധ ശാന്തതയിലേക്ക് സ്വപ്നയാണു കല്ലെറിഞ്ഞത്.


– അല്ല പ്രതീക്ഷിച്ചത് എന്തെങ്കിലും സംഭവിച്ചാൽ അത്ഭുതപ്പെട്ടാൽ മതിയല്ലെ?

മനീഷിന്റെ മനസ്സിൽ കടുംവർണ്ണങ്ങളുറഞ്ഞ് ശുദ്ധ വെളുപ്പായി.

ആറുമണിക്കു തന്നെ വിളിക്കാൻ സജു മറന്നില്ല.

– റെഡിയാണോ? ഞാൻ പിക്കു ചെയ്യാം. ഗെസ്റ്റൊക്കെ ഏഴയരയാകുമ്പം വരും. അതിനുമുമ്പ് നമുക്കിങ്ങെത്തണം. അൽഗോക്വിനൊക്കെ ഇനിയൊരു ദിവസം പോകാമെന്നേ.

ഒരു മയവുമില്ലാതെ സ്വപ്ന പറഞ്ഞു.



– ഇനിയൊരു കോക്രിയൂണിനു ഞാനില്ല. മഞ്ഞമോരും ചുവന്നമീനും കണ്ടാ ഞാൻ ഛർദ്ദിക്കും.

മനീഷൊറ്റക്കു പോയി.

പലരും ചോദിച്ചു സ്വപ്നയുടെ തലവേദനയെപ്പറ്റി.

– മൈഗ്രേൻ എങ്ങാനുമാണോ?

– മരുന്നെടുത്തോ?

പലതവണ ചിരിച്ചു കൊടുത്ത തമാശകളിൽ ചിരിക്കാൻ ബുദ്ധിമുട്ടുമ്പോൾ തനിക്കും തലവേദന വരേണ്ടതായിരുന്നുവെന്ന് മനീഷ് നിരാശപ്പെട്ടു.

മടങ്ങുമ്പോൾ വരാതിരുന്ന സ്വപ്നയ്ക്കും പ്രണവിനുമായി ആന്റി കറികളുടെ ഒരു പൊതി മനീഷിനെ ഏൽപ്പിച്ചു.

– മോൻ കഴിഞ്ഞ പ്രാവശ്യം മോരുകാച്ചിയതും മീങ്കറീം കൂട്ടിയാ ഉണ്ടത്.

കാറിലിരിക്കുമ്പോൾ മടിയിലെ ഷോപ്പിംഗ് ബാഗിനുള്ളിൽ തൈരിന്റേയും മാർജറിന്റേയും പ്ലാസ്റ്റിക് പാത്രങ്ങളിൽ നിന്നും മഞ്ഞ നിറമുള്ള മോരുകറിയും മീനിന്റെ ചതുരക്കഷണങ്ങളും അയാളെ ഭീഷണിപ്പെടുത്തി.

– സ്വപ്നയെ ഞങ്ങൾ ഛർദ്ദിപ്പിക്കും, തീർച്ച

കാറിൽ നിന്നും ഇറങ്ങി സജുവിനോട് ഉപചാരപൂർവ്വം നന്ദി പറയുമ്പോഴും മീനിന്റെ ഇഷ്ടികക്കഷണങ്ങൾ മനീഷിന്റെ നെഞ്ചിൽ മതിൽ പണിതു. മഞ്ഞ വിശറിയിലകൾ മടക്കിക്കൊണ്ടു വന്ന വർണ്ണലോകം അയാളെ കൊതിപ്പിച്ചു.

എലിവേറ്ററിൽ അഞ്ചാം നിലയിലിറങ്ങിയ മനീഷ് വലത്തേക്കു തിരിഞ്ഞ് നൊ – ഫ്രിൽസ് എന്നെഴുതിയ ബാഗിന്റെ മുകൾഭാഗം ഭദ്രമായി കെട്ടി ഗാർബേജ് ഷൂട്ടിലേക്കിട്ടു.

അതു തട്ടിത്തട്ടി താഴേക്കു പോകുന്ന ശബ്ദം ആശ്വാസത്തോടെ കേട്ടുനിന്നിട്ട് വാതിലടച്ച് അയാൾ ഇടതുവശത്തുള്ള ഇടനാഴിയിലൂടെ സ്വപ്നയും പ്രണവുമുറങ്ങുന്ന അപ്പാർട്ടുമെന്റിലേക്ക് പോയി.

വൈകുന്നേരം വീശാൻ തുടങ്ങിയ കാറ്റിനു ശക്തി കൂടിയിരുന്നു. ജനലിന്റെ ചില്ലടപ്പുകളെ കുലുക്കി ബഹളം വെക്കുന്ന കാറ്റ് രാത്രി മനീഷിനെ ഇടക്കൊക്കെ ഉണർത്തി.

കാലത്തെ നോക്കുമ്പോൾ ചുവന്ന ഇലകൾ ഒന്നുപോലുമില്ലാതെ എല്ലിൻകൂടുപോലെ മേപ്പിൾ മരത്തിന്റെ പ്രേതം ജനലിനു പുറത്തു കണ്ടു.

കാണാൻ കൊതിച്ചിരുന്ന മഞ്ഞുകാലത്തെ ഭയപ്പെട്ട് ചെറിമരത്തിൽ പുളകം പൂത്തുലയാൻ ഇനി എത്രകാലം എന്നു നെടുവീർപ്പിട്ട് മനീഷ് കിടക്കയിലിരുന്നു.

# നിങ്ങൾക്ക് ഹോം ലോൺ
# അല്ലെങ്കിൽ ഇൻവെസ്റ്റ്മെന്റ് ലോൺ

## ആവശ്യമെങ്കിൽ ബന്ധപ്പെടുക



loanDepot

#1 Retail Lender in Volume | Per Scotsman Guide

**Dhan Thomas**

**NMLS# 1987022**

**Loan Consultant**

**(267) 475-3410**

Dhanmt@gmail.com

dhanthomas@loandepot.com


https://www.loanDepot.com/dhanthomas

Scan QR Code

കവിത

ഷാ വിരിയത്ത്





# ചിറകടി കേൾക്കാൻ

രാത്രിയിൽ,
കാറ്റിലാടും ചില്ലതൻ
കൂട്ടിലിരുന്ന്
പാവം കുഞ്ഞിക്കിളികൾ
തേങ്ങി കരഞ്ഞു
അമ്മക്കിളിയുടെ
ചിറകടി കേൾക്കാൻ.

നേരം വെളുക്കെ
പറന്നു പോയതാണമ്മ
ഇന്നലെ പെയ്ത
തോരാ മഴയത്ത്
നനയാതെ ചിറകിലൊതുക്കി
ചൂട് പകർന്ന്!

നേരമിരുട്ടി,
കാർമേഘം മൂടി
ഇരുളിൻ കൂട്ടിൽ
പ്രതീക്ഷയോടെ
കുഞ്ഞിക്കിളികൾ
കാതോർത്തിരുന്നു
അമ്മക്കിളിയുടെ
വരവിനായ്!

ആരോ വിരിച്ചൊരു
വലയിൽ കുരുങ്ങി
അമ്മക്കിളിതൻമനം
ആകുലയായ്
ഇന്നലെ രാത്രിയെൻ
ചിറകിനുള്ളിൽ
ഉറങ്ങിയ
കുഞ്ഞിക്കിളികളെയോർത്ത്.

പിടഞ്ഞൊന്നു
ചിറകിട്ടടിച്ചു
പറക്കാനായ്
നീലാകാശം നോക്കി
മുറിവേറ്റ ചിറകുമായ്
പറക്കാൻ കഴിയാതെ
അമ്മക്കിളി പ്രാണൻ
വെടിഞ്ഞു.


കൊടുങ്കാറ്റടിച്ചു
പേമാരി പെയ്തു
കൂടൊന്നൊരുക്കിയ
കൊമ്പുകൾ
ആടിയുലഞ്ഞു
അമ്മക്കിളി കൊണ്ടു
വരും അന്നത്തിനായ്
മേലോട്ട് തുറന്ന
കൊക്കുമായ്
കുഞ്ഞികിളികൾ
പ്രതീക്ഷയോടെ
കാത്തിരുന്നു.

ഇനി വരില്ലമ്മക്കിളി -
യെന്നറിയാതെ ചിറകടിയൊച്ച
കേൾക്കാൻ
കുഞ്ഞിക്കിളികൾ
കണ്ണൊന്നടക്കാതെ
മിഴിനട്ടിരുന്നു
രാത്രിയുടെ യാമങ്ങളിൽ
അമ്മക്കിളിയുടെ
ചിറകിനുള്ളിൽ
മയങ്ങാൻ


അക്ഷയമായത്
അക്ഷരം മാത്രം
Winner
National Awards for
Excellence in Printing
ENTHRONE
KOMORI CORPORATION
www.aloisgraphics.com
Three Decades of
Bondage with
Letters and Graphics
Park Lane, Kottayam-686 001, India
Mobile +91 94470 69847, +91 98862 95247
aloisgraphics@gmail.com, info@aloisgraphics.com
Alois Graphics
PROFESSIONAL PRINTERS
Dedicated to Excellence in Printing Since 1995
• DIE PUNCHING
• STICKER SCORING
• FOILING
• EMBOSSING
• LAMINATION
• SCREEN PRINTING
• SPOT UV
• UV LAMINATION
• UV DRIP OFF
• PASTING
DUPLEX CARTONS - FOOD, PHARMA, PRODUCT •
DANGLER •
LABEL •
ENVELOPES •
HIVE
PACKS
Thottakad, Kottayam, India
+91 94470 67847, +91 89211 11732
sales@hivepacks.com www.hivepacks.com
Delivering Packages of Excellence

കഥ

ഡോ.സേതുലക്ഷ്മി എം എസ്



# നുണകൊണ്ട വാക്കുകൾ

കോളേജിൽ വച്ച് കണ്ടുമുട്ടിയ ശേഷം ആറുവർഷം പ്രണയിച്ച ശേഷമാണ് വിഷ്ണുവും ഗാഥയും ഇരുവരുടെയും വീട്ടുകാരുടെ എതിർപ്പ് വകവയ്ക്കാതെ ഒരുമിച്ചു ജീവിക്കാൻ തീരുമാനിക്കുന്നത്. താമസിയാതെ അവരുടെ പ്രണയവല്ലരിയിൽ മാളവിക എന്ന കുഞ്ഞു പുഷ്പവും വിരിഞ്ഞു. പ്രശ്നങ്ങളൊന്നുമില്ലാതെ മനോഹരമായി ജീവിതം മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കവെയാണ് ഒക്കെയും തകിടം മറിഞ്ഞത്.

ഈ രാജ്യത്തു ഓരോ ദിവസവും തെരുവപകടങ്ങളിൽ പൊലിയുന്ന ആയിരങ്ങളിൽ ഒരാളായി പേര് നൽകി വിഷ്ണു മറഞ്ഞതോടെ ഗാഥ വല്ലാത്ത പ്രതിസന്ധിയിലായി. ഒരു സ്വകാര്യ കമ്പനിയിൽ ചെറിയൊരു ജോലിയുള്ളതു കൊണ്ട് തട്ടി മുട്ടി പോകാൻ ആവുന്നുണ്ടെങ്കിലും മാളവികയെ സ്കൂളിൽ ചേർത്തതോടെ പ്രായോഗികമായി ചില ബുദ്ധിമുട്ടുകൾ വന്നു ചേരുകയായിരുന്നു.

സ്കൂൾ സമയം കഴിഞ്ഞു മാളവിക എത്തുമ്പോഴും ഗാഥയുടെ ജോലി സമയം കഴിഞ്ഞിട്ടുണ്ടാവില്ല. താൻ തിരിച്ചെത്തും വരെ അവളെ എവിടെ നിർത്തും? ശനിയാഴ്ച പോലെ തനിക്ക് ഓഫീസ് ഉള്ള ദിവസങ്ങളിൽ അവൾക്ക് ക്ലാസുണ്ടാവില്ല അപ്പോഴെന്തു ചെയ്യും?

തൊട്ടടുത്ത വീട്ടിൽ അറുപതു കഴിഞ്ഞ വൃദ്ധദമ്പതികളാണ് താമസം. മാളവിക ആർമി അങ്കിൾ എന്ന് വിളിക്കുന്ന പട്ടാളത്തിൽ നിന്ന് വിരമിച്ച ഭാസ്കരനും അദ്ദേഹത്തിന്റെ ഭാര്യ സുമതിയും. ഗാഥയുടെ വിഷമം മനസിലാക്കി അവർ തന്നെയാണ് കുഞ്ഞിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ ഇങ്ങോട്ടു സന്നദ്ധത അറിയിച്ചത്. ഗാഥയ്ക്ക് അതൊരു വലിയ ആശ്വാസമായിരുന്നു. ഒപ്പം അവളെ സ്കൂളിൽ വിടാനും തിരികെ കൊണ്ടുവരാനും ബേബിയുടെ സ്കൂൾ വാനും ഏർപ്പാടാക്കിയതോടെ ഗാഥയുടെ മനസ്സിൽ നിന്ന് ആ വിഷമം തെല്ലു മാറി.

വിരസമായ തങ്ങളുടെ ജീവിതത്തിൽ മാളവികയുടെ സാന്നിധ്യം നിറം പകരുന്നത് മെല്ലെയെങ്കിലും ഭാസ്കരനും സുമതിയും തിരിച്ചറിഞ്ഞു. അവളുടെ ഓരോ കുഞ്ഞു കാര്യവും ശ്രദ്ധയോടെ വാത്സല്യത്തോടെ ചെയ്യാൻ ആ ദമ്പതികൾ ശ്രദ്ധവച്ചു. ഇത്രയും അരുമയായ കുഞ്ഞിനേയും ഗാഥയേയും സ്വീകരിക്കാൻ വിസമ്മതിച്ച വിഷ്ണുവിന്റെയും കഥയുടെയും വീട്ടുകാരുടെ ജാതിബോധത്തെ കുറിച്ചാലോചിച്ചു അവർ അത്ഭുതപ്പെടുകയും അമർഷം കൊള്ളുകയും ചെയ്തിരുന്നു.

എന്നാൽ കാലം ചില രാസപരിണാമങ്ങൾ വരുത്തിക്കൊണ്ടിരുന്നു. വിഷ്ണുവിന്റെ അമ്മ മാളവികയെ കാണാൻ ആഗ്രഹം പ്രകടിപ്പിച്ചിരുന്നെങ്കിലും കുടും

ബത്തിലെ മറ്റുള്ളവരുടെ എതിർപ്പ് ഭയന്നിട്ടാവണം അവർ രഹസ്യമായി സ്കൂളിലും മറ്റും ചെന്ന് കുഞ്ഞിനെ ദൂരെ നിന്ന് കാണാൻ ശ്രമിച്ചത്. പൂമ്പാറ്റയെ പോലെ പാറി നടക്കുന്ന കുഞ്ഞിനെ കണ്ടു അവരുടെ മനസ് വല്ലാത്ത വികാരത്തള്ളിച്ചകൾ അനുഭവിച്ചെങ്കിലും അന്യജാതിക്കാരിയായ ഗാഥയെ അംഗീകരിക്കാൻ അവർക്കപ്പോഴുമായിരുന്നില്ല.

'ഞാൻ നിന്റെ അച്ഛമ്മയാണ്' ഐസ്ക്രീമും ചോക്കലേറ്റുമൊക്കെയായി തന്റെ മുന്നിൽ നിന്ന ആളെ അത്ഭുതത്തോടെ നോക്കി മാളവിക ചിരിച്ചു. ?

'അച്ഛമ്മയോടു നിന്റെ അമ്മയ്ക്ക് വഴക്കാ.. അതോണ്ട് അച്ഛമ്മ വന്നതും കണ്ടതുമൊന്നും മോള് അമ്മയോട് പറയരുത് കേട്ടോ .. അച്ഛമ്മയ്ക്ക് ഇടയ്ക്ക് മോളെ കാണാണ്ട് പറ്റൂല്ലാ. അമ്മയറിഞ്ഞാൽ അത് പറ്റാണ്ടാക്കിക്കളയും, മോള് അമ്മയോട് പറയോ?'

'ഇല്ലാ പറയൂല്ല... ' ചോകൊലെറ്റ് തിന്നവേ മാളവിക പറഞ്ഞു.

ദിവസങ്ങൾ കൊഴിഞ്ഞു .... മാളവികയും അച്ഛമ്മയും തമ്മിലുള്ള കൂടിക്കാഴ്ചയുടെ എണ്ണം ഏറി വന്നു. ഗാഥയാകട്ടെ ഇതൊന്നും അറിഞ്ഞതുമില്ല. ഉച്ച ഇന്റർവെൽ സമയത്തൊക്കെ മാളവികയെ സ്കൂളിൽ നിന്ന് വിളിച്ചു കൊണ്ട് പോയി ഇന്റർവെൽ തീരും മുന്നേ തിരികെ വിടാൻ ആകും വിധം അവർ തമ്മിൽ അടുപ്പമുണ്ടായി.

ഒരു പരീക്ഷാദിനം വൈകുന്നേരം സ്ഥിരം സമയത്തു കുട്ടിയെ വിളിക്കാൻ വന്ന ബേബിയെന്ന വാൻ ഡ്രൈവർക്ക് കുട്ടിയെ അവിടെ കണ്ടെത്താൻ ആയില്ല. പരീക്ഷ നേരത്തെ തീർന്നത് കൊണ്ട് ഗാഥയോ, അങ്കിളോ കുഞ്ഞിനെ കൊണ്ട് പോയിക്കാണും എന്ന് കരുതി അയാൾ ബാക്കി കുട്ടികളെയും കയറ്റി പോയി. കൃത്യസമയത്തു കുട്ടി വീട്ടിലെത്താത്തതെന്തു എന്നാലോചിച്ചു വിഷമിച്ച ഭാസ്കരൻ ഗാഥയെ വിളിച്ചു കുഞ്ഞിനെ അവൾ കൊണ്ട് പോയിട്ടുണ്ടോ എന്നന്വേഷിച്ചു. അവൾ വിളിച്ചിട്ടില്ല എന്നറിഞ്ഞതോടെ അയാൾ സ്കൂട്ടർ എടുത്തു സ്കൂളിലേക്ക് പുറപ്പെട്ടു. ഗാഥയാകട്ടെ ആദ്യം ബേബിയെ വിളിച്ചെങ്കിലും അയാൾ സ്കൂളിൽ തിരഞ്ഞിട്ടും കുട്ടിയെ കണ്ടില്ല എന്നും നിങ്ങളാരോ വിളിച്ചു കൊണ്ട് പോയിരിക്കാം എന്ന് കരുതിയെന്നും പറഞ്ഞതോടെ അങ്കലാപ്പിലായി. ഇതിനിടെ സ്കൂളിലെത്തിയ ഭാസ്കരൻ കുട്ടിയെ അവിടെ കണ്ടെത്തി. താൻ ടോയ്‌ലെറ്റിൽ പോയിട്ട് വന്നപ്പോ വാൻ പോയിക്കഴിഞ്ഞെന്നു മാളവിക ഭാസ്കരനോടു പറയുകയും ചെയ്തു. അയാൾ കുട്ടിയേയും കൊണ്ട് തിരികെ വീടെത്തിയപ്പോഴേക്കും ഗാഥയും ഓഫീസിൽ കാര്യം പറഞ്ഞിട്ട് വീടെത്തിയിരുന്നു.

കുഞ്ഞിനെ കാണാതായ വിവരമറിഞ്ഞു വല്ലതെ തളർന്ന ഗാഥയ്ക്ക് മാളവികയോട് ആദ്യം ദേഷ്യമാണുണ്ടായത്. പിന്നെ അത് സങ്കടമായി അവൾ കുഞ്ഞിനെ കെട്ടിപിടിച്ചു കുറെ കരഞ്ഞു. ദേഷ്യവും സങ്കടവുമെല്ലാം കെട്ടടങ്ങിയതോടെ അല്പം കഴിഞ്ഞു അവൾ മാളവികയുടെ ബാഗിൽ നിന്ന് ഭക്ഷണം കൊടുത്തയച്ച പാത്രങ്ങൾ എടുക്കാൻ ബാഗ് തുറന്നു. അതിൽ കുറെ ചോക്കോലെറ്റുകൾ കണ്ടത് അവളെ അമ്പരപ്പിച്ചു. എന്നാൽ അത് കൂടെ ഒരു സഹപാഠിയുടെ ബർത്ത് ഡേ ആയതിനാൽ അവൾക്ക് സഹപാഠി നൽകിയതാണെന്നു മാളവിക പറഞ്ഞത് ഗാഥയ്ക്ക് അത്രമേൽ വിശ്വാസമായിരുന്നില്ല. മാളവിക എന്തൊക്കെയോ ഒളിക്കുന്നില്ലേ എന്നൊരു സംശയം അവൾക്കുണ്ടായി.

'കൊച്ചു കുട്ടിയല്ലേ മോളെ അങ്ങനെ എന്തൊളിക്കാനാ?'

ഗാഥയുടെ സംശയം കേട്ടപ്പോ ഭാസ്കരൻ ഇങ്ങനെയാണ് ആദ്യം പ്രതികരിച്ചത്. അങ്ങനെയൊന്നുമുണ്ടാവില്ല എന്ന് ഭാസ്കരനും സുമതിയും ഗാഥയെ സമാധാനിപ്പിച്ചു. എങ്കിലും അയാൾക്കും അതിലെന്തോ കാര്യമില്ലേ എന്നൊരു തോന്നലുണ്ടാവാതിരുന്നില്ല. ഗാഥയുടെ ബാഗിൽ ഇടയ്ക്കിടെ ചോക്ലേറ്റ് ഉണ്ടാവുന്നത് അവരും ശ്രദ്ധിച്ചിരുന്നു.

അന്നൊരു ശനിയാഴ്ചയായിരുന്നു. മാളവികയ്ക്ക് സ്കൂൾ അവധിയായിരുന്നെങ്കിലും ഗാഥയ്ക്ക് ജോലിക്ക് പോകേണ്ടതുണ്ടായിരുന്നു. ഉച്ചയൂണ് കഴിഞ്ഞു മാളവികയ്ക്കൊപ്പം ഇരുന്ന ഭാസ്കരൻ അവളോട് ഒരു കഥപറഞ്ഞു.

പണ്ട് പണ്ട് അങ്ങ് ദൂരെ മേഘങ്ങൾക്കിടയിൽ ഉള്ള ഒരു രാജ്യത്ത് ഒരു രാജകുമാരിയുണ്ടായിരുന്നു. അവൾക്ക് ചെറിപ്പഴങ്ങൾ വല്ലാതെ ഇഷ്ടമായിരുന്നു. ആ നാട്ടിൽ തന്നെ ഉള്ള ഒരു ദുർമന്ത്രവാദിയാകട്ടെ രാജകുമാരിയെ തട്ടിക്കൊണ്ടു പോയി തടവിലിടാൻ തക്കം പാർത്തിരിക്കയുമായിരുന്നു.

ഒരിക്കൽ കൊട്ടാരവളപ്പിൽ നിന്ന് ഇത്തിരി ദൂരെയായി രാജകുമാരി മനോഹരമായ ചെറി

പ്പഴങ്ങൾ നിറഞ്ഞൊരു മരം കണ്ടു. അവൾ ആരുമറിയാതെ ആ മരത്തിന്റെ അടുത്തേക്ക് പോയി. അവൾ അടുത്തെത്തും തോറും ആ മരം ദൂരേയ്ക്ക് പൊയ്ക്കൊണ്ടിരുന്നു. ഭയന്ന രാജകുമാരി തിരികെ പോകാൻ നോക്കുമ്പോഴേക്കും അവൾ ദുർമന്ത്രവാദിയുടെ പിടിയിൽ അകപ്പെട്ടിരുന്നു.

മകളെ കാണാഞ്ഞു അവളുടെ അമ്മ രാജ്ഞിയും അച്ഛൻ രാജാവും ഒക്കെ വല്ലാതെ വിഷമിച്ചു. അവർ എല്ലായിടത്തും തിരഞ്ഞെങ്കിലും രാജകുമാരിയെ കണ്ടെത്തിയില്ല. ഒടുവിൽ അവർ ഒരു മന്ത്രവാദിയെ ശരണം പ്രാപിച്ചു. അയാൾ തന്റെ മാന്ത്രിക കുതിരപ്പുറത്തേറി രാജകുമാരിയെ അന്വേഷിച്ചു പോയി.. കുറെ അലഞ്ഞപ്പോൾ അവളെ ആ ദുർമന്ത്രവാദി പിടികൂടി തടവിലിട്ടിരിക്കുകയാണെന്നു അയാൾക്ക് മനസിലായി. അയാൾ ദുർമന്ത്രവാദിയോട് മല്ലിട്ട് അയാളെ കൊലപ്പെടുത്തി അവളെ മോചിപ്പിച്ചു. ദുഷ്ടനായ മന്ത്രവാദി മരിക്കും മുൻപ് രാജകുമാരിയെ ശപിച്ചു. അവൾ ജീവിതത്തിലെ എന്നെങ്കിലും കളവു പറഞ്ഞാൽ അതോടെ അവളുടെ അമ്മയുടെ തല പൊട്ടിത്തെറിച്ചു മരിച്ചു പോകുമെന്നായിരുന്നു ആ ശാപം.

കൊട്ടാരത്തിൽ തിരിച്ചെത്തിയ രാജകുമാരിയോട് മേലിൽ ചെറിപ്പഴങ്ങൾ കഴിച്ചു പോകരുതെന്ന് അവളുടെ അമ്മ ആവശ്യപ്പെട്ടു.. എന്നാൽ കുറെ നാളുകൾക്ക് ശേഷം ഒരു ഉത്സവം കാണാൻ ഇറങ്ങിയ രാജകുമാരി വഴിയിൽ നിന്ന് ചെറിപ്പഴം കഴിക്കുക തന്നെ ചെയ്തു. തിരികെ കൊട്ടാരത്തിലെത്തിയ അവളോട് രാജ്ഞി ചെറിപ്പഴം കഴിച്ചോ എന്നന്വേഷിച്ചപ്പോ ഇല്ല എന്ന് അവൾ കളവു പറയുകയും അതോടെ രാജ്ഞിയുടെ തലപൊട്ടി അവർ മരിക്കയും ചെയ്തു. ശിഷ്ടകാലം താൻ കാരണം മരിച്ചു പോയ അമ്മയെ ഓർത്തു വിഷമിച്ചു രാജകുമാരി ഒരു ഗുഹയിൽ കഴിഞ്ഞു.

ഇതായിരുന്നു അയാൾ പറഞ്ഞ കഥയുടെ സാരം! കഥയുടെ അവസാനഭാഗം എത്തിയപ്പോൾ മാളവിക അസ്വസ്ഥയായതു ഭാസ്കരൻ ശ്രദ്ധിക്കാതിരുന്നില്ല.

'അതെ ആർമി അങ്കിൾ .. അങ്ങനെ കള്ളം പറഞ്ഞാൽ അമ്മമാരുടെ തല പൊട്ടുവോ?'

മാളവിക ചോദിച്ചു.

'പിന്നില്ലേ... കുഞ്ഞുങ്ങൾ കളവു പറഞ്ഞാൽ അമ്മമാർക്കാ അതിന്റെ കേട്...'

ഭാസ്കരൻ ഗൗരവത്തിൽ തന്നെ ഉത്തരം പറഞ്ഞു. മാളവിക മെല്ലെ എഴുന്നേറ്റു മുറ്റത്തേക്ക് നടന്നു അവളുടെ മനസ്സിലെന്തോ വിഷമം ഉണ്ടെന്നു ഭാസ്കരന് തോന്നിയെങ്കിലും അയാൾ കൂടുതൽ ചോദിയ്ക്കാൻ തുനിഞ്ഞില്ല.

ജോലി കഴിഞ്ഞു ഗാഥ എത്തിയതോടെ മാളവിക അവൾക്കൊപ്പം വീട്ടിലേക്ക് പോന്നു. രാത്രി ഭക്ഷണത്തിനു ശേഷം അമ്മയുടെ അടുത്തു കിടക്കവേ കുഞ്ഞു മാളവികയ്ക്ക് ആർമി അങ്കിൾ പറഞ്ഞ കഥ ഓർമവന്നു. അവൾക്ക് വല്ലാത്ത സങ്കടമായി. അവളറിയാതെ കരഞ്ഞു പോയി.

'എന്താ മോളെ... എന്തുപറ്റി, എന്തിനാ മോള് കരയുന്നേ?'

'അമ്മാ സോറി അറിയാതെ പറഞ്ഞു പോയതാ... ഇനി മോള് കള്ളം പറയൂല്ല... അമ്മയോട് ഒരിക്കലും കള്ളം പറയൂലാ.'

'അതിനെന്റെ മോളെപ്പോഴാ കള്ളം പറഞ്ഞേ?' മാളവിക അമ്മയെ കെട്ടിപിടിച്ചു മുഴുവൻ സത്യവും പറഞ്ഞു. ഗാഥ സ്തബ്ധയായി ഒക്കെയും കേട്ടിരുന്നു. ഒടുവിൽ മകളുടെ നെറുകയിൽ ചുംബിച്ചു കൊണ്ട് അവൾ പറഞ്ഞു.

'സാരമില്ല മോളെ... ഇപ്പോഴെങ്കിലും മോളെല്ലാം പറഞ്ഞല്ലോ. അത് മതി ... അമ്മയ്ക്ക് വേറെ ആരാ ഉള്ളത്... ഇനി കള്ളം പറയണ്ടാ ട്ടാ...'


മകളെ ചേർത്ത് പിടിച്ചു ഉറങ്ങാൻ കിടക്കുമ്പോൾ അവളോർത്തു, വിഷ്ണുവിന്റെ അമ്മയാണ്, അവർക്കും ഒരു മനസുണ്ടാവില്ലേ? മകന്റെ മകളെ കാണാൻ അവർക്കും ആഗ്രഹമുണ്ടാവില്ലേ? തനിക്ക് മാളവികയെ വിട്ടൊരു നിമിഷം ജീവിക്കാൻ ആവുമോ? അപ്പോൾ അവരുടെ കാര്യമോ? പെട്ടെന്ന് ഗാഥയ്ക്ക് അവളുടെ അമ്മയെ ഓർമവന്നു. അവർക്കും ഇത്തരം ചിന്തകൾ ഉണ്ടാവാതിരിക്കുമോ?

ആകെ ചിന്താക്കുഴപ്പത്തിലായി അവൾ എപ്പോഴോ ഉറങ്ങിപ്പോയി. പിറ്റേന്ന് അമ്മയെ ഒന്ന് വിളിക്കണമെന്നും സംസാരിക്കണമെന്നും അവൾ മനസ്സിൽ ഉറപ്പിച്ചിരുന്നു.


Now Open to
Serve You!
Newly
Redesigned
Restaurant
Interior
We Specialize Indoor and Outdoor Catering
Dil ar
INDIAN RESTAURANT
In An
Elegant
Atmosphere
Authentic
Indian
Cuisine
248-08 UnionTpke, Bellrose, NY
Tel:1-718-347-3900 | Cel: 1-646-500-2057

കവിത

**സുനുകുമാർ.കെ.വി**



# കുട



കുട
പെണ്ണിനെ
പോലെയാണ്.
കൊണ്ടു നടക്കുവാൻ
ചേലുള്ളതുതന്നെ വേണം.

നിവർത്തിയും
മടക്കിയും
പലവട്ടം നോക്കിയാണ്
സ്വന്തമാക്കുന്നത്.
എന്നിട്ടും
അടച്ചു വെച്ച്
കെട്ടിയൊതുക്കി
മൂലയിലടങ്ങി കൂടുവാനാണ് വിധി.
നിവർന്നു നിൽക്കുവാൻ
നേരം കിട്ടിയാലോ
നനഞ്ഞുനനഞ്ഞു
കുതിരണം.
അല്ലെങ്കിൽ
വെന്തുവെന്തു
നീറണം.

ഒടുവിൽ
നരച്ച് നിറം മങ്ങി
തുളയെങ്ങാനും വീണുപോയാലോ
വലിച്ചൊരേറാണ്
ഇരുളുമൂടിയ
മാറാല കെട്ടിയ
തട്ടിൻപുറത്തേക്ക്...!

കവിത

**സുരേഷ് കുമാർ വൈദ്യർ**



# മനുഷ്യർ

പറയുന്ന വാക്കിലെആത്മാർഥത എല്ലാം
വിശ്വാസമായി മാറുമെന്നുമെന്നും
പഠിച്ചു ജയിക്കാൻ പറ്റാത്ത പരീക്ഷകൾ
ജീവിതത്തിലെന്നോർക്കുകമക്കളേ
ഓരോദിവസവും ഒരുപാട് പാഠങ്ങൾ
പഠിക്കുവനുണ്ടെന്നോർക്കുക സോദരാ
ദാനംനൽകാൻധനമില്ലഎങ്കിലും
പുഞ്ചിരിച്ചീടുകജീവിതത്തിലെന്നും
ചിലപ്പോഴെങ്കിലുംധനമായ്മാറിടും
ചെറിയൊരുപുഞ്ചിരിഎന്നതുമോർക്കുക
തെറ്റുകൾ പറ്റിയ്താണെന്ന് തോന്നിയാൽ
ക്ഷമയൊന്ന് ചോദിക്കാം അഭിമാനം പോകില്ല
പകരമായികിട്ടുന്നതെന്തന്നറിയുമോ
വ്യക്തിത്വമാണ്അതെന്നോർക്കുക മക്കളേ
ദൂരെനിന്നെന്നും വിമർശനം നൽകാനും കുറ്റപ്പെടുത്താനും
സാധിക്കും എല്ലാർക്കും
നല്ലതു ചൊല്ലാനും ചേർത്തു പിടിക്കാനും
നല്ലൊരു കൂട്ടരുണ്ടെങ്കിലെന്നും
നന്മ വിതച്ചവർ ആയിരിക്കും അവർ നന്മവിതച്ചവർ
ആയിരിക്കും
അവനു മാത്രമാണ് മനുഷ്യൻ എന്നൊരു പേരു
മനനം തരണം ചെയ്യുന്ന സോദരൻ
ചേരും പേരവനു മാത്രമായ് എന്നെന്നും
അർത്ഥമുള്ളോരുമനുഷ്യനെന്നറികനീ
പഞ്ചഭൂതങ്ങളുംപഞ്ചേന്ദ്രിയങ്ങളും സ്വാത്വികമായി
കുടികൊള്ളും അവരിൽ
അവനെന്നുമെപ്പോഴും മനുഷ്യനായി മാറിടും
സത്യവും ധർമ്മവും നീതിയും കാത്തീടും
വർണിച്ചാൽ തീരില്ല മനുഷ്യജന്മത്തിൻ നന്മകൾ മാത്രം
അറിയെന്റെ മക്കളേ

**(കളരി മർമ്മചികിത്സകൻ ചെയ്യുന്നു, ഗാനങ്ങൾ, സിനിമ ഗാനങ്ങൾ എന്നിവ എഴുതാറുണ്ട്... )**

# MUKKUT MONUMENTS INC.

**PHONE (C) 972-342-0041**
**E-mail: mukkutmonuments@gmail.com**
**www.mukkutmonuments.com**










**We Specialize in Custom Creation and Installation of Cemetery Granites, Bronze Memorials Sculptures, Large Stone Cross for Churches. We Serve in USA, Canada and India**


# രതീദേവി
# എഴുത്തിലെ വിപ്ലവകാരി

**മീട്ടു റഹമത്ത് കലാം**

'മഗ്ദലീനയുടെ പെൺസുവിശേഷം' എന്ന നോവലിലൂടെ വിശ്വ സാഹിത്യത്തിൽ തന്റേതായ ഇരിപ്പിടം വലിച്ചിട്ട രതീദേവി, അമേരിക്കൻ മലയാളികൾക്ക് സുപരിചിതയാണ്. ആരെയും പ്രീതിപ്പെടുത്താൻ സ്വന്തം നിലപാടുകളിൽ നിന്ന് വ്യതിചലിക്കാൻ അവർ ഒരുക്കമല്ല.

അധികാരം കയ്യാളുന്നവർക്ക് മുന്നിൽ ഭയം കൊണ്ട് നിശബ്ദരായി തീർന്നവരുടെ ശബ്ദമായി മാറാനും അവർക്കുവേണ്ടി ഏതറ്റം വരെയും പോരാടാനും രതീദേവിക്ക് മടിയില്ല.

എഴുത്തുകാരി,അഭിഭാഷക, സാമൂഹിക പ്രവർത്തക തുടങ്ങി കൈവയ്ക്കുന്ന മേഖലകളിലെല്ലാം സ്വതസിദ്ധമായ ശൈലി വെട്ടിത്തെളിച്ച അവർക്ക് കേരളത്തിലെയും അമേരിക്കയിലെയും സമകാലീന അവസ്ഥകളെക്കുറിച്ച് പറയാൻ ഏറെയുണ്ട്...

**ബാല്യകാലം?**

വലിയൊരു ആകാശത്തിന് കീഴിലായിരുന്നു എന്റെ കുട്ടിക്കാലം. സാമൂഹികവും സാംസ്കാരികവുമായി ഉയർന്ന ചിന്താഗതിയുള്ള പഴയകാല കമ്യൂണിസ്റ്റ് കുടുംബത്തിലാണ് ജനിച്ചത്. അയല്പക്കക്കാർ വീടിനോട് ചേർന്ന് പശുക്കളെയും കോഴികളെയും വളർത്തുമ്പോൾ, എന്റെ വീട്ടുകാർ ട്യൂട്ടോറിയൽ നടത്തുന്നത് കണ്ട് വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം മനസ്സിലാക്കി. അഞ്ചാം ക്ലാസ് മുതൽ എം.എ വിദ്യാർത്ഥികൾ വരെ അവിടെ പഠിച്ചിരുന്നു. കഴിവുള്ളവർ ഫീസ് നൽകിയിരുന്നു, മറ്റുള്ളവർക്ക് പഠനം സൗജന്യമായിരുന്നു.നാട്ടിൽ മൂന്ന് ലൈബ്രറിയാണ് അക്കാലത്തുണ്ടായിരുന്നത്. അമ്മ നല്ലൊരു വായനക്കാരിയായിരുന്നു.കുറിപ്പ് കൊടുത്തുവിടുന്നതനുസരിച്ച് പുസ്തകങ്ങൾ വീട്ടിൽ എത്തുന്നത് ഇന്നും ഓർമ്മയുണ്ട്. ലൈബ്രറിയിലെ 20,000 പുസ്തകങ്ങളും






അമ്മ വായിച്ചു തീർത്തിരുന്നു, ഇനി നൽകാൻ പുതിയ പുസ്തകങ്ങൾ ഇല്ല എന്നൊരു സന്ദേശം പോലും ഒരിക്കൽ കിട്ടി.

ലണ്ടനിൽ ഒരു ബ്രിഡ്ജ് ഉണ്ടെന്നതുൾപ്പെടെ പലതും അമ്മ പറഞ്ഞുതന്ന കഥകളിലൂടെ അതേ മിഴിവോടെ ഉപബോധമനസ്സിൽ കുട്ടിക്കാലത്ത് തന്നെ പതിഞ്ഞിരുന്നു.





പത്താം വയസ്സിൽ സ്കൂൾ പാർലമെന്റ് പ്രസിഡന്റായതുമുതൽ സംഘാടനത്തിൽ മികവ് തെളിയിച്ചു.അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടി പിളരുമ്പോൾ താമരക്കുളത്ത് സി.പി.ഐ ഉണ്ടാക്കിയ മൂന്നു പേരിലൊരാൾ എന്റെ അച്ഛനാണ്. തോപ്പിൽ ഭാസി, ശങ്കരനാരായണൻ തമ്പി എന്നിവരൊക്കെ വീട്ടിൽ നിത്യസന്ദർശകരായിരുന്നു.വളർന്നപ്പോൾ എ.ഐ.വൈ.എഫ് കൊല്ലം ജില്ലാകമ്മിറ്റിയിൽ പ്രവർത്തിച്ചു. ആലപ്പുഴ ജില്ലാ പ്രസിഡന്റായിരുന്നു.കവിയരങ്ങിലും സാംസ്കാരിക രംഗത്തുമൊക്കെ സജീവമായിരുന്നു.

ദൈനംദിന വാർത്തകൾ സ്കൂൾ അസംബ്ലിയിൽ വായിച്ച് വിശകലനം ചെയ്യാൻ അവസരം ലഭിച്ചതിലൂടെ എന്റെ വീക്ഷണങ്ങളും കാഴ്ചപ്പാടുകളും നവീകരിക്കപ്പെട്ടു. വ്യക്തമായ രാഷ്ട്രീയ നിലപാടുകൾ ചെറിയപ്രായത്തിലേ ഉണ്ടായിരുന്നു. ഒന്നും മൂടിവയ്ക്കണമെന്ന ഉപദേശം ആരും തലയിൽ ഫീഡ് ചെയ്ത് തന്നിരുന്നില്ല എന്നതാണ് തിരിഞ്ഞുചിന്തിക്കുമ്പോൾ ഏറ്റവും വലിയ ഭാഗ്യമായി തോന്നുന്നത്. ലൈംഗീകത പോലെ ഏത് വിഷയത്തെക്കുറിച്ചും തുറന്നുസംസാരിക്കാൻ എനിക്ക് പൂർണ സ്വാതന്ത്ര്യം ഓർമ്മവച്ചപ്പോൾ മുതലുണ്ട്. സമൂഹത്തെ ഭയപ്പെട്ട് മനസ്സിലെ ആശയങ്ങൾ അക്ഷരങ്ങളായി പുറത്തുവിടുമ്പോൾ, തൂലികാനാമം ഉപയോഗിക്കേണ്ട സാഹചര്യം വന്നിട്ടില്ല. മറ്റുള്ളവരെ ബോധ്യപ്പെടുത്താൻ മുഖംമൂടി എടുത്തുവയ്ക്കുകയും അവരുടെ പ്രീതി നേടുകയും ചെയ്താൽ, അത് അവനവനെ വഞ്ചിക്കുന്നത് പോലെയാണ്. എന്നെ ഞാനായി നിലനിർത്തുന്നത് ബാല്യകാലം മുതൽ അനുവദിച്ചു കിട്ടിയ സ്വാതന്ത്ര്യം തന്നെയാണ്.

**ഫെമിനിസത്തിന്റെ യഥാർത്ഥ അർത്ഥം അറിയാതെ അതിനെക്കുറിച്ച് പ്രസംഗിക്കുന്നവർക്കിടയിൽ, സ്വയം എങ്ങനെ കാണുന്നു?**

പെണ്ണായി പിറന്നതുകൊണ്ട് എനിക്ക് എന്റേതായ അവകാശങ്ങളുണ്ട്. പൊതുസമൂഹത്തിലും, ഭക്ഷണത്തിലും, കിടപ്പറയിലും, സ്വപ്നങ്ങളിലും എല്ലാം പെണ്ണിന്റേതായ ഒരു വശമുണ്ട്.സ്വതസിദ്ധമായ


രാഷ്ട്രീയ അവബോധം ഓരോ






പെണ്ണിനും ഉണ്ടാകണം.കലാസൃഷ്ടികളിൽ പോലും ഫെമിനിസം ഉണ്ട്. ഇതിനെക്കുറിച്ച് ക്ലാസുകൾ എടുക്കുന്നത്, എനിക്ക് ലഭിക്കുന്ന സ്വാതന്ത്ര്യം കൂടുതൽ പേർക്ക് കിട്ടണമെന്ന ആഗ്രഹം കൊണ്ടാണ്. മാറു മറയ്ക്കാൻ മുതൽ വോട്ട് ചെയ്യുന്നതിന് വരെയുള്ള അവകാശങ്ങൾ സ്ത്രീകൾ നേടിയെടുത്തതാണ്.

95 ലാണ് എന്റെ ആദ്യ പുസ്തകം പുറത്തിറങ്ങുന്നത്. സെക്ഷ്വാലിറ്റിയെക്കുറിച്ചുള്ള കഥ ഒരു പതിനേഴുകാരി എഴുതുമ്പോൾ ഉണ്ടായേക്കാവുന്ന ഭൂകമ്പമൊന്നും എന്റെ വീട്ടിൽ ഉണ്ടായിരുന്നില്ല. ആനന്ദിന്റെയും ഒ.വി.വിജയന്റെയും പുസ്തകങ്ങൾക്കൊപ്പം മികച്ച പത്ത് പുസ്തകളിലൊന്നായി ആ വർഷം എന്റേതും ഇടം നേടി.




ഫെമിനിസത്തെക്കുറിച്ച് പ്രസംഗിക്കുന്ന ഒരുപാട് പേരെ നേരിട്ടറിയാം. സ്വന്തം കുഞ്ഞിനെ ഉപേക്ഷിച്ച് മറ്റൊരുവനൊപ്പം ശയിക്കുന്നതല്ല സ്ത്രീയുടെ സ്വാതന്ത്ര്യം. ഇണയോടൊ രക്തത്തിൽ പിറന്ന കുഞ്ഞിനോടൊ നീതി പുലർത്താതെ പോകുന്നത് മനുഷ്യത്വപരമല്ല. അർദ്ധരാത്രി തോന്നിയവരോട് മണിക്കൂറുകളോളം സല്ലപിച്ച് ഇറങ്ങിപ്പോകുന്നവരെ ചൂണ്ടിക്കാണിച്ച്, അതാണ് ഫെമിനിസ്റ്റുകൾ എന്ന് പറയുന്നതിനോട് യോജിപ്പില്ല. ഒരു പുസ്തകം വായിക്കണമെങ്കിൽ പോലും ഭർത്താവിനെ ഉണർത്താതെ, ലൈറ്റ് ഓൺ ആക്കാതെ മറ്റൊരു മുറിയിലേക്ക് പോകേണ്ട അവസ്ഥയാണ് മിക്ക സ്ത്രീകൾക്കുമുള്ളത്. അത്തരം നിസാരമായി തോന്നാവുന്ന അവകാശങ്ങൾ നിഷേധിക്കപ്പെടുമ്പോൾ, അതിനെതിരെയുള്ള പോരാട്ടമാണ് എന്നെ സംബന്ധിച്ച് ഫെമിനിസം കൊണ്ട് അർത്ഥമാക്കുന്നത്. പെണ്ണെഴുത്ത് എന്ന വേർതിരിവ് ശരിയല്ലെന്നാണ് വലിയൊരു പക്ഷം സ്ത്രീകൾ പോലും പറയുന്നത്. എഴുതുന്ന ആളുടെ ഉടുപ്പ് പൊക്കി നോക്കണോ എന്ന് ചോദിച്ചവരുണ്ട്.

നല്ല ഭാഷയും ഭാവനയുമുള്ള പുരുഷന്, പ്രസവത്തെക്കുറിച്ച് ഭംഗിയായി എഴുതാം. എന്നാൽ, അത് അനുഭവിച്ച സ്ത്രീയുടെ വിരൽത്തുമ്പിലൂടെ ഉതിർന്നുവീഴുന്ന അക്ഷരങ്ങളിൽ ആ വേദന കൂടി കലർന്നിട്ടുണ്ടാകും. സ്ത്രീയുടെയും പുരുഷന്റെയും അനുഭവതലങ്ങൾ അവരുടെ ശരീരം പോലെ തന്നെ വ്യത്യസ്തമാണെന്നിരിക്കെ, സ്ത്രീയുടെ അനുഭവങ്ങൾ സ്ത്രീകളിലൂടെ തന്നെ വെളിച്ചം കാണുന്നതാകും നല്ലതെന്നാണ് ഞാൻ വിശ്വസിക്കുന്നത്.

**എഴുത്തുകാർക്ക് വായനക്കാരുടെ ജീവിതത്തെ സ്വാധീനിക്കാനാകുമോ?**

എഴുത്തുകാരി എന്ന നിലയിൽ എന്റെ പുസ്തകങ്ങൾ ആരെയെങ്കിലും സ്വാധീനിച്ചിട്ടുണ്ടോ എന്നെനിക്ക് പറയാൻ സാധിക്കില്ല. അധികം പുസ്തകങ്ങൾ എഴുതിയിട്ടുമില്ല. എന്റെ ജീവിതം മാറ്റിമറിക്കാൻ രണ്ട് എഴുത്തുകാർക്ക് കഴിഞ്ഞിട്ടുണ്ട്. ദസ്തയേവ്സ്കിയുടെയും കെസൻ സാക്കിൻസിന്റെയും രചനകൾ  എന്റെ ചിന്തകളെ




അത്രമേൽ സ്വാധീനിച്ചിട്ടുണ്ട്. കൗമാരത്തിലേക്ക് കടക്കുന്നതിന് മുൻപേ ഇവരുടെ പുസ്തകങ്ങൾ വായിക്കാൻ കഴിഞ്ഞതുകൊണ്ടാണ് ഞാൻ ഇന്നത്തെ ഞാനായത്. ചെറിയ പ്രായത്തിൽ എന്റെ ഹൃദയം ഒട്ടും ആർദ്രമായിരുന്നില്ല. ഫാന്റസി കഥകളിലെ രാജകുമാരിയെപ്പോലെ സുന്ദരമായ ഫ്രോക്കിട്ട് ആകാശത്തുനോക്കി നടക്കുന്ന പെണ്ണായിരുന്നു ഞാൻ.ഭൂമിയിലെ മനുഷ്യരോടൊന്നും മമത ഉണ്ടായിരുന്നില്ല. യാചകരെ അറപ്പോടെ നോക്കിയിരുന്നു. ട്രെയിൻ മറിഞ്ഞ് കുറേപ്പേർ മരിച്ചെന്ന വാർത്ത കണ്ടാൽ, അവരൊക്കെ ജീവിച്ചിട്ട് എന്തിനാണെന്ന് ചിന്തിച്ചിരുന്നു. ദസ്തയേവ്സ്കിയാണ് സെന്റ് പീറ്റേഴ്സ്ബർഗിലെ ചെറുപ്പക്കാർ ആകാശത്തു നോക്കി നടക്കുന്നവരാണെന്ന് എന്നോട് പറഞ്ഞുതന്നത്.അവർ സ്വപ്നങ്ങളിലാണ്,ഭൂമിയെ അറിയുന്നില്ല.അനാഥർക്കും വേശ്യകൾക്കും സ്വപ്നങ്ങളുണ്ടെന്ന് ഞാൻ തിരിച്ചറിഞ്ഞു. തോക്കെടുത്ത് വെടിവയ്ക്കുന്നത് മാത്രമല്ല വിപ്ലവമെന്നും സാഹിത്യത്തിലൂടെ മസ്തിഷ്കത്തിലും വിപ്ലവം സാധ്യമാണെന്നും ഞാൻ മനസ്സിലാക്കി. പ്രണയത്തിലും വിപ്ലവമുണ്ട്- കൗമാരത്തിൽ തോന്നുന്ന പ്രണയത്തിൽ നിന്ന് പിന്നീടങ്ങോട്ട് അതിന്റെ ഭാവതലങ്ങൾ മാറും. പ്രണയത്തിൽ ശരീരത്തിന്റെ ആവശ്യകത പോലും വിപ്ലവമാണ്.




നാല്പതുകാർ വായിക്കുന്ന പുസ്തകം, പതിനാറ് വയസ്സിൽ വായിച്ചുതീർത്തു. എന്റെ വീക്ഷണം വിശാലമായി.അതുവരെ ഒരു വിഡ്ഢിയുടെ ലോകത്താണ് ജീവിച്ചിരുന്നതെന്ന് ബോധ്യപ്പെട്ടു. ഞാൻ ദൈവവിശ്വാസിയല്ല. എന്റെ ആത്മീയപരമായ സഞ്ചാരങ്ങൾക്ക് കസാസാക്കിൻസിനോടാണ് കടപ്പെട്ടിരിക്കുന്നത്. മരങ്ങളോടും മൃഗങ്ങളോടും എന്നുവേണ്ട സർവ്വചരാചരങ്ങളോടും ഭാഷയില്ലാതെ സംസാരിക്കാൻ കഴിയുന്നവിധത്തിൽ എന്നിലെ ആത്മീയത വികസിപ്പിച്ചു.

**വീക്ഷണം വിശാലമായിത്തീർന്നതിന് ശേഷം നടത്തിയ സാമൂഹിക ഇടപെടൽ?**

അഭിഭാഷകവൃത്തിയിലേക്ക് കടന്നതുപോലും ചില ലക്ഷ്യങ്ങളോടെയാണ്. കൊലക്കുറ്റത്തിനും വേശ്യാവൃത്തിക്കും ജയിൽ ശിക്ഷ അനുഭവിക്കുന്ന സ്ത്രീകളെ നേരിൽപ്പോയിക്കണ്ട് അവർക്കുവേണ്ടി വാദിക്കുകയും നിരപരാധികളെ മോചിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ പേരിൽ ഒരുപാട് പഴി കേൾക്കേണ്ടിവന്നിട്ടുണ്ട്. ഏത് കോടീശ്വരനുമുള്ള അവകാശങ്ങൾ ആ പാവങ്ങൾക്കുമുണ്ടെന്ന് വിളിച്ചുപറയുന്നതാണ് എന്റെ രാഷ്ട്രീയം. നിസ്സഹായാർക്ക് നേരെയുള്ള അനീതികൾ ഒരുകാലത്തും എനിക്ക് സഹിക്കാനാവില്ല.

**ബുക്കർ പ്രൈസിന് പരിഗണിക്കപ്പെട്ട സ്വന്തം നോവലിനെക്കുറിച്ച്?**

യുവത്വത്തിന്റെ ഏറ്റവും നല്ലകാലമായ പതിനഞ്ച് വർഷങ്ങൾ ചെലവഴിച്ചാണ് 'ദി ഗോസ്പൽ ഓഫ് മേരി മാഗ്ദലിൻ ആൻഡ് മി' എന്ന കൃതി ഞാൻ രചിച്ചത്. ആ പുസ്തകം ഒൻപത് പതിപ്പ് പിന്നിട്ടു. ഇതിന്റെ രചനയ്ക്ക് വേണ്ടിയുള്ള ഗവേഷണത്തിന്റെ ഭാഗമായി വായിച്ച 500ല്പരം



പുസ്തകങ്ങളുടെ പേരും കുറിച്ചിട്ടുണ്ട്. വായിച്ച വരികൾ അപ്പാടെ പകർത്തുകയല്ല ചെയ്തത്, ആ വരികൾക്കിടയിലൂടെ ഞാൻ എന്ത് കണ്ടെത്തിയെന്നാണ് പറഞ്ഞിരിക്കുന്നത്. മേരി മഗ്ദലീന പറയുന്നതെല്ലാം എന്റെ അനുഭവങ്ങളാണ്. അവൾ വെറുമൊരു സ്ത്രീയല്ല, പ്രകൃതി തന്നെയാണ്.പെണ്ണിന്റെ എല്ലാ ഋതുക്കളും അവളിലുണ്ട്.എനിക്ക് ചുറ്റും നിൽക്കുന്ന നിരാലംബരുടെ നിലവിളിയാണത്. അഭയാർഥികളുടെ കണ്ണീരിൽ കുതിർന്ന് ആ ഭൂമിക നനഞ്ഞിട്ടുണ്ട്.എന്റെ സ്വപ്നങ്ങളുടെയും കാമനകളുടെയും വർണ്ണങ്ങളാണ് ഞാനതിൽ ചാലിച്ചത്.




**കോവിഡ് കാലത്തെ ഓർമ്മകൾ?**

സ്ത്രീക്ക് ആസ്വദിക്കാവുന്ന എല്ലാം ഞാൻ അങ്ങേയറ്റം ആസ്വദിച്ചു. അതിൽ പ്രധാനം മാതൃത്വം തന്നെയാണ്.ഇരുപതാം വയസ്സുമുതൽ അനാഥാലയത്തിലെ പത്തോളം കുഞ്ഞുങ്ങളുടെ അമ്മയായി തീർന്നവളാണ് ഞാൻ. മകൻ നിത്യനുമൊത്തുള്ള നിമിഷങ്ങൾ എനിക്ക് എക്കാലവും പ്രിയപ്പെട്ടതാണ്. പതിനെട്ട് വയസ്സുണ്ടെങ്കിലും അവനിന്നുമെനിക്ക് കുഞ്ഞാണ്. സൂപ്പർ ബ്രെയിൻ കിഡ് എന്നുവിളിക്കാം.നൊബേൽ സമ്മാനം ലഭിച്ച എല്ലാ പുസ്തകങ്ങളും അവൻ വായിച്ചിട്ടുണ്ട്. ലോക സിനിമയെക്കുറിച്ചും അപാര അറിവാണ്.ലോക്ക്ഡൗൺ സമയത്ത് മണിക്കൂറുകളോളം മടുപ്പില്ലാതെ ഞങ്ങൾ ഫിലോസഫി സംസാരിച്ചു. യൂട്യൂബ് വീഡിയോ നോക്കി, ഒരുമിച്ച് പാചകപരീക്ഷണങ്ങൾ നടത്തുന്നതും രസമായിരുന്നു.

കോവിഡ് കാലത്ത് ഒറ്റപ്പെട്ടുപോയവരോടൊക്കെ സൂം മീറ്റിലൂടെ സംവദിച്ചു. ഭക്ഷണത്തിന് ബുദ്ധിമുട്ടിയവർക്ക് എന്റെ കൈകൊണ്ടുണ്ടാക്കിയ ഫുഡ് നൽകി. ഓൾഡ് ഏജ് ഹോമുകളിലെ അന്തേവാസികൾക്ക് പുസ്തകങ്ങൾ എത്തിച്ചു നൽകി. രണ്ടുതരം അനുഭവങ്ങളിലൂടെയാണ് കോവിഡ് കാലത്ത് സ്ത്രീകൾ കടന്നുപോയത്. ഇണയുടെ സ്നേഹം ലഭിക്കുന്നവർക്ക് അത് യഥേഷ്ടം ലഭ്യമായി. പൊരുത്തപ്പെടാൻ ബുദ്ധിമുട്ടുള്ളവർക്കാകട്ടെ, ഒരു വീട്ടിൽ രണ്ടുമനസ്സുമായി കൂടുതൽ സമയം ഒരുമിച്ച് ചിലവിടുന്നതിന്റെ ശ്വാസം മുട്ടായിരുന്നു. അങ്ങനെ സംഘർഷം അനുഭവിച്ചവരുടെ പരാതികൾക്ക് പരിഹാരം നിർദ്ദേശിക്കാനും സമയം കണ്ടെത്തി. പ്രകൃതിയുമായി കൂടുതൽ ഇണങ്ങാനും ആഴത്തിൽ വായിക്കാനും കോവിഡ് കാലം പ്രയോജനപ്പെട്ടു.

**ഇന്ത്യയിൽ നിന്ന് അമേരിക്കയിൽ കാണുന്ന പ്രധാന വ്യത്യാസങ്ങൾ?**

കോളജിൽ പഠിക്കുമ്പോൾ ഇന്ത്യയിൽ വച്ചു തന്നെ സ്വിമ്മിങ് സ്യൂട്ടിട്ട് നീന്താൻ പോകുമായിരുന്നു. നാട്ടിൽ സ്ത്രീശരീരം ഒരു കാഴ്ചവസ്തു ആയതിനാൽ എത്തിനോട്ടം പതിവായിരുന്നു. അമേരിക്കയിൽ വേഷം ഒരു പ്രശ്നമേ അല്ല. ഇവിടെ വ്യക്തിജീവിതത്തിലേക്ക് ആരും അതിക്രമിച്ച് കടക്കുന്നില്ല. ജീവജാലങ്ങളെ നന്നായി പരിപാലിക്കുന്ന രാജ്യമാണ് അമേരിക്ക. ഒരിക്കൽ ഒരു മാനിന്റെ കുഞ്ഞ് വീട്ടിൽ വന്ന വിവരം അധികൃതരെ അറിയിച്ചപ്പോൾ, അവർ അതിനെ ഇവിടെ വന്ന് കൂട്ടിക്കൊണ്ടുപോയി.അതേ സമയം, ഫ്ലോറിഡയിൽ മലമ്പാമ്പിനെ കൊന്നാൽ പണം കൊടുക്കുന്ന ഏർപ്പാടുണ്ട്. ഷിക്കാഗോയിൽ അങ്ങനെ ചെയ്താൽ ജയിൽ ശിക്ഷ അനുഭവിക്കേണ്ടി വരും.പാരിസ്ഥിതിക സന്തുലിതാവസ്ഥയ്ക്ക് വേണ്ടി വിവിധ സംസ്ഥാനങ്ങളിൽ വ്യത്യസ്ത നിയമങ്ങൾ നല്ലതാണ്. കേരളത്തിലെ തെരുവ് നായ പ്രശ്നം കാണുമ്പോൾ ഇവിടുത്തെ നിയമം എത്ര നല്ലതാണെന്ന് തോന്നാറുണ്ട്.ഒരു കാമുകിയെ സ്നേഹനിധിയായ പുരുഷൻ കാണുന്നതുപോലെയാണ് അമേരിക്കയിൽ പ്രകൃതിയോടുള്ള സമീപനം. ഭർത്താവായി കഴിഞ്ഞാൽ സ്വന്തമായിക്കഴിഞ്ഞെന്ന ധാർഷ്ട്യമുണ്ടല്ലോ,അതാണ് ഇന്ത്യക്കാർക്ക് പ്രകൃ

തിയോടുള്ള സമീപനം. മണ്ണുമാന്തിയും പ്ലാസ്റ്റിക് വലിച്ചെറിഞ്ഞും എങ്ങനെയും ദ്രോഹിക്കും. ലൈംഗീക വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും നമ്മുടെ നാട് ഏറെ പിന്നിലാണ്.രാത്രി എട്ടുമണിക്ക് ശേഷം ഇന്ത്യയിൽ എത്ര സ്ത്രീകൾക്ക് സുരക്ഷിതരായി പുറത്തിറങ്ങി നടക്കാൻ കഴിയും. അമേരിക്കയിൽ സ്ത്രീ പുറത്തിറങ്ങുന്നതിന് അസമയം എന്നൊന്ന് കല്പിച്ചിട്ടില്ല.

**ചാരിതാർഥ്യം തോന്നിയ അനുഭവങ്ങൾ?**

സിവിക് ചന്ദ്രനെപ്പോലെ എഴുപതുകാരനായ എഴുത്തുകാരൻ ദളിത് സ്കോളറായ യുവതിയെ ലൈംഗീകമായി അധിക്ഷേപിച്ചു എന്ന് പറയുന്ന കേസിൽ അയാൾക്ക് കോടതി ജാമ്യം അനുവദിച്ചത് സ്ത്രീയുടെ വസ്ത്രമാണ്(കയ്യില്ലാത്ത ഉടുപ്പ്) പ്രശ്നം എന്ന് പരാമർശിച്ചുകൊണ്ടാണ്. ഹൈക്കോടതിയിൽ അതിനെതിരെ റിറ്റ് സമർപ്പിക്കുന്നതിൽ ഭാഗമാകാൻ സാധിച്ചതിൽ ചാരിതാർഥ്യമുണ്ട്.മറ്റൊരു സംഭവം കൂടി പറയാം. ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായി പെൺ തൊഴിലാളികൾ ചേർന്ന് തുടങ്ങിയ പെമ്പിള ഒരുമ എന്ന രാഷ്ട്രീയ പ്രസ്ഥാനത്തെക്കുറിച്ച് ബിബിസി വരെ റിപ്പോർട് ചെയ്തിട്ടുള്ളതാണ്. മാർക്സിസ്റ്റ് പാർട്ടിയിൽ ഉണ്ടായിരുന്ന ഗോമതിയാണ് അതിന്റെ നേതാവ്. ആദ്യം അവരെ പുകഴ്ത്തിയ കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടി, വരുതിയിൽ കാര്യങ്ങൾ നിൽക്കുന്നില്ലെന്ന് കണ്ടപ്പോൾ അവരെ തഴഞ്ഞു.വർഷങ്ങളായി അഞ്ചും ആറും അംഗങ്ങളുള്ള തോട്ടം തൊഴിലാളി കുടുംബങ്ങൾ ഒറ്റമുറിവീട്ടിൽ ക്ലേശകരമായാണ് ജീവിതം മുന്നോട്ട് കൊണ്ടുപോകുന്നത്. അങ്ങനെയുള്ള സ്ഥലത്ത്,മണ്ണിടിച്ചിൽ നടന്ന് കുറേ ആളുകൾ മരിച്ചപ്പോൾ തങ്ങളുടെ വിഷമമറിയിക്കാൻ അവർ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയനെ കാണാൻ ശ്രമം നടത്തി. എന്തോ അസൗകര്യം കൊണ്ട് അദ്ദേഹമവരെ കാണാൻ കൂട്ടാക്കിയില്ല.ഇതിൽ പ്രതിഷേധിച്ച് ഗോമതിയും ഏതാനും സ്ത്രീകളും വഴിതടഞ്ഞു. പോലീസുകാർ അതിക്രൂരമായാണ് ആ സ്ത്രീകളോട് പെരുമാറിയത്. അവരെ മർദ്ദിച്ചത് കണ്ട് മറ്റാരും ശബ്ദം ഉയർത്തിയില്ല.വനിതാ കമ്മീഷനും മനുഷ്യാവകാശ കമ്മീഷനും ഈ സാഹചര്യം വിശദീകരിച്ച് പരാതി സമർപ്പിക്കാൻ കഴിഞ്ഞതിൽ എനിക്ക് അതിയായ സംതൃപ്തിയുണ്ട്.

**സ്വയമൊരു കമ്മ്യൂണിസ്റ്റ് എന്ന് പറയുമ്പോൾ തന്നെ, കേരളത്തിലെ ഇടതുസർക്കാരിനെ താങ്കൾ എതിർക്കുന്നുണ്ടല്ലോ?**



സമത്വമാണ് ഞാൻ വിശ്വസിക്കുന്ന കമ്മ്യൂണിസം. ആരുടേയും അവകാശങ്ങൾ നിഷേധിക്കപ്പെടരുത്. കമ്മ്യൂണിസ്റ്റുകാരിയാണെന്ന് പറഞ്ഞ് അമേരിക്കൻ മലയാളികൾ എന്നെ ഒറ്റപ്പെടുത്തിയിട്ടുണ്ട്. സമ്മേളനങ്ങൾക്കൊന്നും ക്ഷണിച്ചിരുന്നുമില്ല. കമ്മ്യൂണിസ്റ്റുകാർക്ക് ദൈവമില്ലാത്തതായിരുന്നു പ്രശ്നം. ഇന്നിപ്പോൾ കേരള കോൺഗ്രസ് ഇടതുപക്ഷവുമായി സമവാക്യത്തിലെത്തിയതോടെ അമേരിക്കയിലെ സകല ബിസിനസുകാരും കമ്മ്യൂണിസ്റ്റായി. ലോക കേരള സഭയിലുള്ളവർക്കൊക്കെ പിണറായി വിജയൻ ദൈവമാണ്. തെറ്റെന്ന് തോന്നുന്നത് അന്നും ഇന്നും തുറന്നുപറയുന്നതുകൊണ്ട്, ഞാനിപ്പോൾ കമ്മ്യൂണിസ്റ്റ് അല്ലെന്നാണ് ആളുകൾ പറയുന്നത്.

**വിശ്രമജീവിതം എവിടെ ചെലവഴിക്കാനാണ് ആഗ്രഹം?**

വർഷത്തിൽ രണ്ടുമൂന്ന് തവണയെങ്കിലും കേരളത്തിലെ സാംസ്കാരിക പ്രശ്നങ്ങളിൽ ഇടപെടുന്ന വ്യക്തി എന്ന നിലയിൽ, ഭൂതലം എനിക്ക് സമസ്തമായൊരു ബോധമാണ് തരുന്നത്.അമേരിക്കൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമാണ് ഞാൻ.പലസ്തീനിൽ നിന്നും ഇറാനിൽ നിന്നും ക്യൂബയിൽ നിന്നുമുള്ള പ്രതിനിധികൾക്കൊപ്പം സൂം മീറ്റിൽ ഞാനും കഴിഞ്ഞ ആഴ്ച പങ്കെടുത്തിരുന്നു. എല്ലാ ഇടങ്ങളിലെയും അവസ്ഥകളെക്കുറിച്ച് എനിക്ക് അവബോധമുണ്ട്. എന്നെ ഒരുകാലത്തും കേരളക്കര സ്വീകരിക്കാൻ പോകുന്നില്ലെന്ന് ഉറപ്പാണ്.തലതിരിഞ്ഞൊരു ഭ്രാന്തിയായാണ് മലയാളികൾ എന്നെ കാണുന്നത്.


അവരുടെ പ്രീതിനേടാൻ മുഖംമൂടി എടുത്ത് വയ്ക്കാൻ ഞാൻ ഒരുക്കമല്ല.

കഥ

സുരേലാൽ പി



# ചായക്കടക്കാരന്റെ ചെരിപ്പ്



അന്യായത്തിനും അയാൾക്കുമിടയിൽ
ഒരുപതിറ്റാണ്ട് ഒഴുകിത്തീർന്നു.
കോടതി വ്യവഹാരങ്ങൾക്കിടയിലും,
ഇല്ലാതായ ചായക്കടയുടെ ചുവരിൽ ചാരിനിന്ന് അയാൾ സ്വപനം കാണാൻ പഠിച്ചു.
എന്നെങ്കിലും തുറക്കാൻ കഴിയുന്ന കാലത്ത്, തന്റെ വഴിയോരക്കടയിൽ ചായകുടിക്കാനെത്തിയേക്കാവുന്ന വി ഐ പികളുടെ നിരവരെ ആ ചായക്കടക്കാരൻ തന്റെ കിനാവള്ളിയിൽ കുരുക്കിയിട്ടു.
പുതിയ ചെരിപ്പിന്റെ പാടുകൾ വീഴ്ത്തി അന്ന് കോടതിയുടെ പടികൾ കയറുമ്പോൾ, ഇതിനകം തേഞ്ഞുതീർന്നതും അല്ലാത്തതുമായ തന്റെ തന്നെ എത്രയോ പാദുകങ്ങളുടെ പാടുകൾ വീണ പടികളാണതെന്ന് അയാൾ ഓർത്തുപോയി.
വീണ്ടും തീർപ്പാക്കാതെ മറ്റൊരു കാലത്തേക്ക് കേസ് മാറ്റിവെച്ചു. അയാൾ ആ കോടതിക്കു നേരെ,
ആ സംവിധാനത്തിനു നേരെ,
തന്റെ ചെരിപ്പുകൾ ദാനം ചെയ്തു.
ശിക്ഷ ഏറ്റുവാങ്ങി.
തടവറയിലേക്ക് നടന്നു.
മധുരമില്ലാത്ത, കടുപ്പമുള്ള ചായപോലെ അയാൾ കപ്പിന് വെളിയിലേക്ക് ഒഴുകിപ്പടർന്നു.
അശേഷം ദുഃഖമില്ലാതെ.

**സുരേലാൽ പി**
തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴിന് സമീപം മുടപുരത്ത് ജനനം. വിദ്യാഭ്യാസത്തിനു ശേഷം ഏറെക്കാലം യു എ ഇയിൽ ജോലിനോക്കി. ഇപ്പോൾ അച്ചടി വകുപ്പിൽ ജീവനക്കാരനാണ്.


പ്രവാസികളുടെ സ്വന്തം ചാനലിൽ
മലയാള സിനിമയിലെ താരങ്ങളുടെ ജന്മോത്സവം
MON - FRI 8 PM ET
SAT & SUN 1, 5 & 9 PM ET
ശോഭന
പ്രകാശ് രാജ്
നൈല ഉഷ
താരപ്പിറവി
അതിരുകൾ ഇല്ലാത്ത ആഘോഷം
on Pravasi Channel
www.pravasichannel.com
Pravasi
CHANNEL HD
Tel: 917-900-2123
news@pravasichannel.com

കഥ

രാഘവ വർമ്മ



# ദാസപ്പൻ ചിതലേരി എന്ന നന്മമരം

'നിന്നെ ഇത്തവണ കോട്ടയത്തുകാരാണ് തല്ലിയതെന്ന് കേട്ടല്ലോ, ദാസപ്പാ. മൂന്നാലുപേര് ഒണ്ടാരുന്നെന്നാ ശിവൻകുട്ടി പറഞ്ഞെ.'

പ്രത്യേകിച്ച് ഒരു വികാരവുമില്ലാതെ ദാസപ്പൻ വസുപിള്ളയെ നോക്കി. ഈ ചോദ്യം എത്രയോ തവണ കേട്ടിരിക്കുന്നു. ഓരോതവണ ആരുടെയൊക്കെയോ കൈയിൽനിന്ന് തല്ലു വാങ്ങി, നീരുവച്ച കവിളുമായി ടൗണിൽനിന്ന് ചിതലേരിയിൽ ബസ്സിറങ്ങുമ്പോഴൊക്കെ നാട്ടുകാരുടെ ഒരു കൂട്ടം അവനെ കാത്തിരിക്കാറുണ്ട് തല്ലിൻറെ വിശദമായ കഥ കേൾക്കാൻ. ആകെ അപ്രതീക്ഷിതമായത് ഇത്തവണ ചോദ്യം പിള്ളച്ചെട്ടന്റെ വക ആണല്ലോ എന്നതായിരുന്നു. മിടുക്കന്മാരായ മറ്റുപലരും അവനെ ചോദ്യം ചെയ്ത് ഏറ്റവും പുതുതായി ദാസപ്പന് കിട്ടിയ അടി അറിവിൻറെ എസ്ക്ലൂസിവ് തരമാക്കി ജയിച്ചുമാറുമ്പോൾ പിള്ളച്ചേട്ടൻ പിന്നിലേക്ക് പതുങ്ങി ഒതുങ്ങി തെന്നിമാറുന്നത് അവൻ കണ്ടിട്ടുണ്ട്. ടിക്കറ്റ് കിട്ടില്ലെന്ന് ഉറപ്പായ ക്യൂവിൽനിന്ന് മാറുംപോലെ. ഇങ്ങനെ സ്ഥിരം തോൽക്കുന്ന പിള്ളച്ചെട്ടനൊരു പാവമാണെന്ന് അന്നൊക്കെ ദാസപ്പന് തോന്നിയിട്ടുമുണ്ട്.

ഇന്ന് ഒടുവിൽ പിള്ളച്ചേട്ടൻറെ ദിവസമായി. ചിതലേരി മുക്കിൽ എല്ലാവരും കാത്തിരിക്കുകയാണെന്ന് പിള്ളയ്ക്കറിയാം. ദാസപ്പൻ ഇത്തവണ മുക്കിനു മുൻപ്, അമ്പലത്തിൻറെ വളവിലെ ആലിൻചുവട്ടിൽ, ബസ്സിറങ്ങിയത് അയാൾ കണ്ടിരുന്നു. ഇല്ലിമൂട്ടിലെ സരോജിനിക്കുഞ്ഞിന് മരുന്ന് വാങ്ങാനാണ് അവൻ ടൗണിൽ പോയതെന്നും, മുക്കിൽ ഇറങ്ങില്ലെന്നും നേരത്തേതന്നെ മനസ്സിലാക്കിയിരുന്നു. ഇക്കാര്യം മുക്കിൽ മിണ്ടിയതേയില്ല. അങ്ങനെ പിള്ളച്ചേട്ടനൊരു എക്സ്ക്ളൂസീവ് കിട്ടി.

ഏറ്റവും പുതുതായി ദാസപ്പന് കിട്ടിയ അടിയുടെ സമ്പൂർണ കഥ അവന്റെ വായിൽനിന്നുതന്നെ ചൂടോടെ ആദ്യമായി കേൾക്കണം. ആ അറിവിന്റെ സുഖം മറ്റുള്ളവര് പറഞ്ഞറിയുമ്പോൾ കിട്ടില്ലല്ലോ.

ശ്വാസംമുട്ടിൻറെ മരുന്ന് സരോജിനിക്കുഞ്ഞിൻറെ വീട്ടിൽ കൊടുത്തിട്ട്, ചിതലേരി ഭഗവതിക്ക് ഒരു പ്രദക്ഷിണം ചുറ്റി, അമ്പലത്തിന്റെ വടക്കേ വാതിലിൽ മൊബൈൽ നോക്കി ഇരിക്കുകയായിരുന്ന പോറ്റിയുടെ കൈയിൽനിന്നു പ്രസാദവും വാങ്ങി ദാസപ്പൻ ഇടവഴി ഇറങ്ങി നടന്നു. വാസുപിള്ള വളവിൽ നില്ക്കുന്നത് അപ്പൊഴേ കണ്ടിരുന്നു. അയാൾ കാത്തുനിക്കുകായാണെന്നും അവനു മനസ്സിലായി. എന്നുകരുതി നടത്തത്തിന്റെ വേഗമൊന്നും കൂട്ടാൻപോയില്ല.

തൊഴുതുവരികയായിരുന്ന ചില സ്ത്രീകളും കുട്ടികളും അവനെക്കണ്ടു ഭവ്യമായി പിറകിലേക്ക് മാറിനിന്നു. 'ഇനി അടുത്തത് എന്നാ ദാസപ്പാ..?!' അവരിൽ ആരോ ചോദിച്ചപ്പോ അയാൾ പുഞ്ചിരിച്ചു നടന്നു.

പിള്ളച്ചേട്ടൻ കൈ തിരുമ്മി നിന്നു.

'കൊറച്ചുനേരമായോ വാസൂള്ള ചേട്ടൻ കാത്തുനിക്കുന്നു? വേണ്ടാരുന്നല്ലോ. പിന്നാണേലും കഥയൊക്കെ ഞാൻ പറയുമാരുന്നല്ലോ.'

പിള്ള ആദ്യം ഒന്നു പരുങ്ങി, പിന്നെ മുഖവുരയില്ലാതെ അങ്ങ് ചോദിച്ചു:

'ഇത്തവണ കോട്ടയത്തുകാരാണ് തല്ലിയതെന്ന് കേട്ടല്ലോ, ദാസപ്പാ?'

'നാലുപേരുണ്ടാരുന്നു,' കവിളിൽ തടവി ദാസപ്പൻ അന്നത്തെ ആൾക്കണക്ക് വ്യക്തമാക്കി. വാസുപിള്ളയുടെ മുഖം തെളിഞ്ഞുവിളങ്ങി വരുന്നതായി അവനു തോന്നി. നാലുപേരു ചേർന്ന് പരിചയമില്ലാത്ത ഒരു മനുഷ്യനെ ഒരു കാരണവുമില്ലാതെ അടിച്ചു നിലത്തിടുന്നതു കാണുമ്പോൾ ആർക്കായാലും സ്വാഭാവികമായും ഉണ്ടാകുന്ന സുഖം കൊച്ചു ചിരിയായി പിള്ളയുടെ മുഖത്ത് വിരിയുന്നത് അവൻ നോക്കിനിന്നു.

'അവർ ആരാരുന്നു, ദാസാപ്പാ?'

'ആരായാലെന്താ വാസൂള്ളച്ചേട്ടാ നടക്കാനുള്ളത് നടന്നു,' ദാസപ്പൻ പറഞ്ഞു. പിള്ളയോട് വിശദമായിത്തന്നെ പറയാമെന്ന് അവൻ തീരുമാനിച്ചു. അയാൾക്ക് പലരോടും രംഗ വിസ്താരത്തോടെ ഇത് പറഞ്ഞ് രതിമൂർച്ച വരണ്ടതല്ലേ, എന്തിനു കുറയ്ക്കണം!

'ഇടത്തൂന്ന് അടിവരുമെന്ന് തീരെ പ്രതീക്ഷിച്ചില്ല. അയാള് എടംകൈയ്യനാരുന്നു, ആദ്യത്തെ അടി കൊണ്ടപ്പോഴേ ഞാൻ താഴെവീണ്പോയി പിള്ളച്ചേട്ടാ. പക്ഷേ അവര് അടി നിർത്തിയില്ല. മൂക്കീന്നും വായീന്നും ചോര കുടുകുടാ ചീറ്റി. എനിക്ക് ബോധം പോയി.'

പിള്ളയുടെ മുഖം ചൂടുള്ള അറിവിന്റെ ആഹ്ലാദലഹരിയിൽ തുടുത്തു.

ദാസപ്പൻ ഓർത്തു. തനിക്കു ഇതിൽ ഒന്നും ചെയ്യാനില്ല. ടൗണിൽ പോകുന്ന ദിവസങ്ങളിലൊക്കെ അവൻ ആരുടെയെങ്കിലും കയ്യിൽനിന്നു തല്ലു വാങ്ങി. വാക്കുകൊണ്ടോ, നോട്ടംകൊണ്ടോ, പ്രവൃത്തികൊണ്ടോ ഒരിക്കൽപ്പോലും ആരെയും പ്രകോപിപ്പിക്കാത്ത തന്നെ എന്തിനാണിവർ ചെവിക്കുറ്റിക്ക് തല്ലി സമാധാനം കണ്ടെത്തുന്നതെന്ന് അവൻ ആലോചിച്ചിട്ടുമില്ല.

ആരെന്നോ എവിടെനിന്നെന്നോ അറിയാത്ത അപരിചിതർ. ചിലപ്പോൾ ഒറ്റയ്ക്ക്. ചിലപ്പോൾ കൂട്ടമായി. വഴിയേ പോകുന്നവർ. ബസ് കാത്തു നിന്നവർ. കാറിൽ വന്നവർ....

ഒരിക്കൽ പോലും ദാസപ്പന് തിരിച്ചു തല്ലാൻ അവസരം കിട്ടിയില്ല. അതിനു മുമ്പേ വീണുപോകും. എണീറ്റ് നോക്കുമ്പോഴേക്കും അവർ ബസ്സിലോ, വന്ന കാറിലോ കയറി പോയിരിക്കും.

കണ്ടുനിന്നവരാരെങ്കിലും ഒരിക്കൽ പോലും അവരെ തടയുകയോ, അതിൽ ഇടപെടുകയോ ചെയ്തില്ല. യാതൊന്നും സംഭവിക്കാത്ത മട്ടിൽ, അല്ലെങ്കിൽ, സംഭവിക്കേണ്ടത് സംഭവിച്ചു എന്ന വിചിത്രമായൊരു സ്വാഭാവികതയിൽ അത് അവസാനിക്കും. ദാസപ്പൻ രണ്ടു മണിയുടെ 'വ്യാകുല മാതാവിൽ' കയറി ചിതലേരിക്ക് ടിക്കറ്റ് എടുക്കും. കണ്ടക്ടറോ മറ്റു യാത്രക്കാരോ അവന്റെ കവിളിലെ നീര് ശ്രദ്ധിക്കുകയുമില്ല. ഒന്നിലും ഒരു അസ്വാഭാവികതയും ആരും കണ്ടില്ല.

കുറെ നാള് മുമ്പ് ഒരു ദിവസം സുകുമാരൻ സാറാണ് അവന്റെ അസാധാരണമായ വിധിയുടെ വിശകലനം അവനോടുതന്നെ പറഞ്ഞത്. മുഴുവൻ മനസ്സിലായില്ലെങ്കിലും ദാസപ്പൻ അത് മുഴുവൻ കേട്ടുകൊണ്ട് നിന്നു.

'ഓരോ അടിയും നിന്റെ മരണമാണെടാ ദാസപ്പാ! ഓരോ തവണയും നീ കുറേശ്ശേ മരിച്ചുകൊണ്ടിരിക്കുന്നു. നിന്നെ ഇങ്ങനെ കൊന്നിട്ട് ആർക്കൊക്കെയോ നല്ലതു വരുന്നുണ്ട്. അല്ലെങ്കിൽപ്പിന്നെ നിനക്ക് കണ്ടറിവോ കേട്ടറിവോ പോലുമില്ലാത്തവർ വന്നു തല്ലിയിട്ടു ഒന്നും സംഭവിക്കാത്തപോലെ പോകുന്നത് എന്തിനാണ്! അവർക്കൊക്കെ വേണ്ടീട്ട് ഇങ്ങനെ മരിച്ചുകൊണ്ടേ ഇരിക്കാനാണ് നിന്റെ വിധി. ഒന്നാലോചിച്ചു നോക്ക്. നീ ഇല്ലെങ്കിൽ അവര് പിന്നെ ആരെ തല്ലി സമാധാനപ്പെടും?! മരണം ആർക്കും തടയാൻ പറ്റില്ലല്ലോ. ഇതിൽ നിനക്കും ഒന്നും ചെയ്യാൻ ഇല്ല. നീ ഇങ്ങനെ നാട്ടിൽ സമാധാനം പകർന്ന് മരിച്ചുകൊണ്ടിരിക്കുക. അതേ ചെയ്യാൻ പറ്റൂ. കുറച്ചു കഴിയുമ്പോ ഇത് പറഞ്ഞു നടക്കേണ്ടൊരു കാര്യമാണെന്നുപോലും നീ തിരിച്ചറിയാതെ വരും. അതങ്ങു നടക്കും, ദിവസം പുലരുകയും രാത്രി വരികയും ചെയ്യുന്ന പോലെ...'

ഒരു പിടിയും കിട്ടാതെ ദാസപ്പൻ മുറ്റത്തു നിന്നു. ഒന്ന് മാത്രം അവനു മനസ്സിലായി – ഇതൊന്നും ഇപ്പൊ ഓർത്തിരിക്കേണ്ട കാര്യമില്ല – ദിവസം പുലരുമ്പോലെയും രാത്രി വരുംപോലെയും!

അവൻ ഓർക്കും, ഇങ്ങനെ കൊല്ലാനല്ലാതെ ആരും തൻറെ ശരീരത്തിൽ തൊടാറില്ല. എൻറെ ഈ മരണങ്ങൾ ഈ നാട്ടിലെ എത്രപെരെയാണ് സന്തോഷിപ്പിക്കുന്നത്! ഓരോ തവണയും ഇവരുടെ ആഹ്ലാദം ഇരട്ടിക്കുന്നത് എത്ര ആവര്ത്തിയായി കാണുന്നു.

ദാസപ്പൻറെ ഈ മരണങ്ങളിൽ സഹതപിക്കുകയും എന്നാൽ അതിൻറെ വിശദ വിവരണങ്ങളിൽ ആഹ്ലാദിക്കുകയും ചെയ്ത ചിതലേരിക്കാർ ഈ സംഭവ പരമ്പരയുടെ കാരണം എന്തായിരിക്കാം എന്ന വിഷയത്തിൽ രണ്ടു ചേരിയിലായിരുന്നു.

അച്ഛൻ കരൾരോഗം വന്നു മരിക്കുകയും, അനിയത്തി ഏതോ ബംഗാളിയുടെ കൂടെ പോയി തിരിച്ചു വരാതെയാവുകയും ചെയ്ത ശേഷം അവന്റെ അമ്മ മാത്രമേ വീട്ടിൽ ഉണ്ടായിരുന്നുള്ളു. അന്നൊന്നും സംഭവിക്കാത്ത ഈ മരണങ്ങൾ അമ്മയും മരിച്ചതിനു ശേഷമാണ് തുടങ്ങിയത് എന്ന് നാട്ടുകാരൊക്കെ ശ്രദ്ധിച്ചിരുന്നു. ചോദിക്കാനും പറയാനും ആരും ഇല്ലാതെപോയതാണ് ദാസപ്പൻറെ വിധിക്കു കാരണമെന്ന് ഒരു വിഭാഗം നാട്ടുകാർ വാദിച്ചു.

അതല്ല, ഈ സംഭവം ഒരു വലിയ സാമൂഹ്യ സത്യത്തിന്റെ പ്രതീകമാണെന്നും മറുഭാഗം വിശ്വസിച്ചു. ചെറുപ്പക്കാരായിരുന്നു ഇവരിൽ കൂടുതലും. 'ഭൂതരായർ' എന്ന പേര് സ്വീകരിച്ചു പത്രങ്ങളിൽ കോളം എഴുതുന്ന പ്രജീഷ് ചിതലേരി എന്ന സാമൂഹ്യ പ്രവർത്തകനായിരുന്നു ഇവരിൽ മുതിർന്നവൻ. പ്രജീഷ് എന്നും രാവിലെ ടൗണിലേക്ക് പോവുകയും വൈകുന്നേരംവരെ വിവിധ സാമൂഹ്യ വിഷയങ്ങളിൽ ഇടപെടുകയും ഇടയ്ക്കിടെ ഫേസ്ബുക്കിൽ അതിൻറെയൊക്കെ പുരോഗതി പോസ്റ്റ് ചെയ്യുകയും പതിവായിരുന്നു. ദാസപ്പന് ആദ്യമായി തല്ലു കൊള്ളുന്നതിന്റെ ദൃക്സാക്ഷികൂടിയായിരുന്നതിനാൽ ന്നു അയാൾക്ക് അതിനെപ്പറ്റി പറയുവാൻ അവകാശവും ഉണ്ടെന്ന് അവരൊക്കെ വിശ്വസിച്ചു.

ഭൂതരായർ പറഞ്ഞു: ദാസപ്പൻ ഈ കാലത്തിനു വന്ന മാറ്റത്തിൻറെ പ്രതീകമാണ്. അവനും നമ്മളെയൊക്കെപ്പോലെ ഒരു മനുഷ്യനാണെന്ന് ഇവിടെ കുറച്ചുപേർ മാത്രമേ വിശ്വസിക്കുന്നുള്ളു. വാസ്തവത്തിൽ അവൻ ഇല്ല. അവൻ വെറുമൊരു തോന്നൽ മാത്രമാണ്. തോന്നലുകൾക്ക് മൂർത്തമായ സാന്നിധ്യമില്ല. ഓച്ചിറ പരബ്രഹ്മമൂർത്തിയുടെ കാര്യം പറഞ്ഞതുപോലെയാണത്. കാണാൻ

വിഗ്രഹമില്ല. എന്നാൽ അവിടെ സാന്നിധ്യമുണ്ടെന്ന് വിശ്വാസം, തോന്നൽ. ഒരു സമൂഹത്തെ മുഴുവൻ നേർവഴിക്ക് നയിക്കുന്ന തോന്നൽ.അതുപോലെയാണ് ദാസപ്പൻ. അവനെ തല്ലിയാൽ സ്വന്തം പ്രശ്നങ്ങൾക്കൊക്കെ പരിഹാരമാകുന്നു എന്ന തോന്നൽ എങ്ങിനെയോ പടരുകയാണ്. തല്ലാൻ ഒരു ശരീരം ഉണ്ടെന്ന വ്യതാസമേയുള്ളു. നിങ്ങൾ ശ്രദ്ധിച്ചോ എന്നറിയില്ല. അവനെ തല്ലുന്നവരൊക്കെ സന്തോഷമായി, സമാധാനമായി മടങ്ങുന്നു എന്ന് തന്നെയല്ല, കണ്ടു നിൽക്കുന്നവർക്കും എന്തൊക്കെയോ പോസിറ്റീവായ ചില വ്യതാസങ്ങൾ സംഭവിക്കുന്നു എന്ന് ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. അവർ തന്നെ പറഞ്ഞതാണ്.

ചിതലേരി ബസ്റ്റോപ്പിലെ പുളിമരത്തിൻറെ ചുവട്ടിൽ അന്തംവിട്ടുനിന്നു നാട്ടുകാർ. തയ്യൽ കടയിലേക്ക് ചില്ലറ സാധനങ്ങൾ വാങ്ങാൻ ടൗണിലേക്ക് ബസ് കാത്തുനിന്ന ജോൺ ആലോചിച്ചു: 'ശ്ശെടാ, അതെങ്ങിനെ ശരിയാകും. കഴിഞ്ഞയാഴ്ചയാണ് ഷർട് തുന്നാൻ അവൻറെ അളവെടുത്തത്. ആ ദാസപ്പൻ എങ്ങിനെ ചുമ്മാതൊരു തോന്നലാകും!'

ഭൂതരായർ തുടർന്നു: അവനെ തല്ലിയിട്ടു പോയ ചിലരെ ഞാൻ പിന്തുടർന്നിരുന്നു. അവരെല്ലാവരും പറഞ്ഞത് ദാസപ്പനെ തല്ലാൻ പറ്റിയത് ഒരനുഗ്രഹമാണെന്നാണ്. ഒരുപാട് പ്രശ്നങ്ങളുണ്ടായിരുന്ന അവരുടെ വീടുകളിൽ ഇപ്പൊ ശാന്തിയും സമാധാനവുമാണ്. നാടിൻറെ സമാധാനത്തിന് ദാസപ്പൻ ഇനിയും തല്ലുകൊള്ളേണ്ടിയിരിക്കുന്നു.

ഈ രണ്ടു വിഭാഗങ്ങളും പറയുന്നത് മനസ്സിലാകാത്ത വെറും സാധാരണക്കാരായ കുറെ ചിതലേരിക്കാരുമുണ്ടായിരുന്നു. ദാസപ്പൻറെ മരണ കഥകൾ വിശദമായി അവനിൽ നിന്നുതന്നെ കേൾക്കാനും അതിലൂടെ സത്യം എന്നെങ്കിലും കണ്ടുപിടിക്കാനുമായി അവനെ എന്നും ചോദ്യം ചെയ്യുന്ന കൂട്ടർ ഇവരായിരുന്നു.

അവനെ ആദ്യമായി തല്ലിയത് കോണത്തുകുന്നുകാരൻ രാമൻ നായരായിരുന്നു എന്ന് ചിതലേരിയിൽ അന്വേഷണത്തിന് വന്ന പോലീസ് കോൺസ്റ്റബിൾ പ്രകാശൻ പറഞ്ഞത് ജോൺ ഓർത്തു. പൊലീസിൽ ഒരു പരാതി കിട്ടുകയും, തെളിവുകളുടെ പിന്നാലെ കോണത്തുകുന്നിൽ പ്രകാശൻ എത്തുകയും ചെയ്തു.

അന്ന് രാമൻ നായർ പറഞ്ഞത് പ്രകാശന് വിശ്വസിക്കാൻ പ്രയാസം തോന്നി.

'ഒരു വസ്തു ഇടപാടിൽ ഉടക്കിയ ബന്ധുവിനെ കാണാനാണ് അന്ന് ഞാൻ ടൗണിൽ പോയത്. ഒന്നും നടന്നില്ല. മടങ്ങുന്ന വഴി റോഡിൻറെ മറ്റേ സൈഡിൽ നിന്നാണ് ഞാൻ അവനെ കണ്ടത്. ടൗണിലെ ബസ്റ്റോപ്പിൽ നിൽക്കുകാരുന്നു അവൻ. പേരൊന്നും അറിയാൻ വയ്യ. പക്ഷേ അവന്റെ മുഖം കണ്ടപ്പോ ഒരു തല്ലു കൊടുക്കണം എന്ന് എന്തോ ഒരു ഭയങ്കര ഉൾവിളി ഉണ്ടായി. അതെനിക്ക് നിയന്ത്രിക്കാൻ കഴിഞ്ഞില്ല. ഞാൻ പോലും അറിയാതെയാണ്, ആരോ പിടിച്ചു വലിച്ച പോലെ, ചെന്ന് അവൻറെ ചെകിടത്ത് ഒരൊറ്റയെണ്ണം കൊടുത്തത്. ഭയങ്കര സമാധാനം തോന്നി. തിരിച്ചു റോഡ് ക്രോസ്സ് ചെയ്യുന്നതിന് മുൻപ് തന്നെ എന്റെ മൊബൈലിൽ വിളി വന്നു. ഇടപാടിൽ ഒപ്പിടാൻ ബന്ധു സമ്മതിച്ചെന്ന്. തിരിഞ്ഞു നോക്കുമ്പോ അവൻ അവിടില്ല! ഒരു ബസ് പോകുന്നത് കണ്ടു.'

പ്രകാശൻ പറഞ്ഞത് കേട്ട് ജോണിന്റെ വാ പൊളിഞ്ഞു. പെഡലിലെ ചവിട്ടു നിന്നപ്പോൾ തയ്യൽ മെഷീനും നിശബ്ദമായി.

രാമൻ നായർ പിന്നീടും പ്രശ്നങ്ങൾ പരിഹരിക്കാൻ ടൗണിൽ കാത്തു നിന്ന് ദാസപ്പനെ തല്ലിയിട്ടുണ്ടു പോലും. മാത്രമല്ല, കൂട്ടുകാർ വഴി സംഭവം നാട്ടിൽ പ്രചരിക്കാൻ കാരണവുമായി. എങ്കിലീ ദാസപ്പനെ കണ്ടേ തീരൂ എന്ന് പ്രകാശൻ തീരുമാനിച്ചു.

ജോൺ പറഞ്ഞ വഴി പിടിച്ചു അവന്റെ വീട്ടിൽ പോയി മടങ്ങിയ പ്രകാശൻ പറഞ്ഞു:

'രാമൻ നായർ പറഞ്ഞത് ശരിയാ. അവന്റെ മുഖം കണ്ടാൽ ആർക്കായാലും ഒന്ന് കൊടുക്കാൻ തോന്നും. പ്രത്യേകിച്ച് കാരണമൊന്നുമില്ല. അവനെ കാണാൻ ഒട്ടും മോശവുമല്ല. പക്ഷെ, എന്തോ, തല്ലാൻ തോന്നും. അതൊരു വല്ലാത്ത തോന്നലാണ്. അവനും പരാതിയൊന്നും ഇല്ലാത്തതുകൊണ്ട് കേസ് എടുക്കുന്നില്ല. ഒരുപാട് പേർക്ക് സമാധാനം കൊടുക്കുന്നവനെതിരെ എങ്ങിനെ കേസ് എടുക്കും!'

അങ്ങനെ ചിതലേരിയിലെ ദാസപ്പൻ തല്ലുവാങ്ങി മരിച്ചുകൊണ്ട് നാടിനും നാട്ടുകാർക്കും നന്മ പകർന്നു. ആവർത്തനങ്ങൾ പലതവണ ആയപ്പോൾ അതൊരു വാർത്ത അല്ലാതെയായി.

മുക്കിലെ കുറച്ചു നാട്ടുകാർ മാത്രം അസ്വസ്ഥരായി. ദാസപ്പൻ അടികൊണ്ടു വീഴുന്നതിന്റെ വിശദമായ കഥ കേട്ട് രോമാഞ്ചം അനുഭവിക്കുകയും അതിനെപ്പറ്റി ചർച്ച ചെയ്യുകയും പതിവാക്കിയിരുന്നവർ. ഒരു പ്രത്യേക രീതിയിൽ തല്ലിയിരുന്നെങ്കിൽ അവൻ മറ്റൊരു രീതിയിൽ വീണേനെ എന്നൊക്കെ പറയുമ്പോൾ അതൊരു തർക്കവിഷയം ആക്കിയിരുന്നവർ. അവർ ഫേസ്ബുക്കോ മറ്റു സാമൂഹ്യ മാധ്യമങ്ങളോ കൈകാര്യം ചെയ്യാൻ അറിയാത്തവർ ആയിരുന്നു. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന മുക്കിലെ നാട്ടുവർത്തമാനക്കാർ. അവർക്ക് ദിവസങ്ങൾ വിരസമായി.

അമ്പലത്തിലെ കീഴ്ശാന്തി സുബ്രഹ്മണ്യന്റെ കവിളിൽ സോപ് പതച്ചു തേച്ചുകൊണ്ട് ബാർബർ രാജപ്പൻ പറഞ്ഞു: 'ആകെമൊത്തം ബോറാ, അല്ലിയോ?'

സോപ്പ് പതഞ്ഞ മുഖം തല കുലുക്കി.

മുക്കിലെ പുളിമരത്തിൽ ഇടവപ്പാതി ചേക്കേറി രണ്ടു നാൾ കഴിഞ്ഞപ്പോൾ ചിതലേരിയിൽ ചില മാറ്റങ്ങളൊക്കെ സംഭവിച്ചു. കാത്തിരുന്ന മഴ വന്നത് മാത്രമല്ല. മറ്റു ചിലതും. ഇടവഴിയിൽ ഒന്ന് തെന്നിവീണതു കാരണം ദാസപ്പന് ടൗണിലേക്കൊന്നും പോകാൻ കഴിഞ്ഞില്ല. കുഴമ്പ് പുരട്ടി വീട്ടിൽ തന്നെ ഇരിപ്പായിരുന്നു.

ഇതുംകൂടി ആയപ്പോൾ മുക്കിലെ നാട്ടുകൂട്ടത്തിന് ഉള്ള തുംകൂടി പ്രതീക്ഷിക്കാനില്ലാതെയായി.

ബുധനാഴ്ച പത്തര പതിനൊന്നോടെ വന്ന 'ആഞ്ജ നേയ'നിൽ നിന്ന് രണ്ടു കുടകൾ ഇറങ്ങി റോഡ് മുറിച്ചു വരുന്നത് കണ്ട രാജപ്പൻ പത്രം മടക്കി മേശപ്പുറത്തിട്ട് വരാന്തയിലേക്കിറങ്ങി.

'ഈ ദാസപ്പൻറെ വീടെവിടാന്ന് അറിയാമോ,' കണ്ണട വെച്ച കുട ചോദിച്ചു. കൂടെയുള്ള കുട കണ്ണട വെച്ച ഒരു സ്ത്രീ ആയിരുന്നു.

രാജപ്പന് എന്തോ മണത്തു. അവൻ നോക്കുമ്പോൾ പെഡലിലെ ചവിട്ടു നിർത്തി ജോൺ വരാന്തയിലേക്ക് ഇറങ്ങുന്നു. അവർ മുഖത്തോടു മുഖം നോക്കി. പിന്നെ കുടകളെ നോക്കി. അവർ കുടകൾക്ക് വഴി പറഞ്ഞു കൊടുത്തു. മഴയുടെ താളത്തിന് വരാന്തയിലെ തൂണിൽ താളംപിടിച്ചു നിന്ന അവനു എന്തൊക്കെയോ തോന്നി. തോന്നിയതൊക്കെ താളമായി മഴയിൽ അലിഞ്ഞു.

കുറച്ചു നേരം കഴിഞ്ഞാണ് കുടകൾ രണ്ടും മടങ്ങി വന്നത്. അവരുടെ നടത്തത്തിനു കുറച്ചുകൂടൊക്കെ ഉത്സാഹം വന്നതായി രാജപ്പന് തോന്നി. ഉച്ചയ്ക്ക് കട അടയ്ക്കാതെ കാത്തു നിൽക്കുകയായിരുന്നു അവൻ. കുടകൾ അവനെ നന്ദിയോടെ നോക്കി റോഡിലേക്ക് കയറിയതും 'അതിഥി ദേവോ ഭവ' ഹോണടിച്ചുകൊണ്ട് വന്നതും ഒരുമിച്ചായിരുന്നു.

ഒഴിഞ്ഞ റോഡും നനഞ്ഞ പുളിമരവും നോക്കി നിന്ന അവൻ ആലോചിച്ചു: 'ഇപ്പൊ വല്ലോം നടന്നാരുന്നോ? അതോ, തോന്നലാരുന്നോ?'

സന്ധ്യയ്ക്കു മുൻപുതന്നെ മുക്കിനു മനസ്സിലായി അതൊന്നും തോന്നലല്ലായിരുന്നുവെന്ന്. ടൗണിൽ ദാസപ്പനെ രണ്ടു ദിവസമായി കാണാതെ വന്നപ്പോൾ ചിതലേരിയിൽ വന്നു അവനെ തല്ലി ഉദ്ദിഷ്ട കാര്യം സാധിച്ചു മടങ്ങിയവരായിരുന്നു കണ്ണട വച്ച കുടകൾ!

മുക്ക് മഴ മറന്ന് പൂർവാധികം ആവേശത്തോടെ ഉണർന്നു. ചർച്ചകളായി, വിശകലനങ്ങളായി. ഭൂതരായർ തന്നെയാണ് ഇത്തവണയും ചർച്ചകൾക്ക് നേതൃത്വം കൊടുത്തത്. ഒരു വ്യത്യാസം കാണാനുണ്ടായിരുന്നു. വ്യത്യസ്ത വീക്ഷണങ്ങളുള്ള ചിതലേരി ഗ്രൂപ്പുകളെല്ലാം ഒന്നായി. ഇനി എന്ത് എന്നായി.

ഭൂതരായർ പറഞ്ഞു: 'ഞാൻ നേരത്തെ പറഞ്ഞതൊക്കെ ശരിയായി എന്ന നിലയ്ക്ക് ... അതായത്, നാട്ടുകാരുടെ പാപങ്ങളും കലിപ്പുകളും ഏറ്റുവാങ്ങാനായി സംഭവിച്ചതുതന്നെയാണ് ദാസപ്പൻ. അവൻ ഒരു പ്രതീകം തന്നെ എന്ന് തെളിഞ്ഞ നിലയ്ക്ക്, ചിതലേരിയ്ക്ക് ഇനി എന്ത് ചെയ്യാൻ കഴിയും? വരുന്നവരൊക്കെ അവൻറെ വീട് തപ്പി പോകണോ, അതോ തന്നെ തല്ലാൻ വരുന്നവരുടെ സൗകര്യത്തിനായി ദാസപ്പൻ താവളം മാറ്റണോ? ആലോചിക്കേണ്ട കാര്യമാണ്!'

അവർ ആലോചിച്ചു. അവർ തീരുമാനിച്ചു. അവൻ ഇവിടേയ്ക്ക് വരട്ടെ. അവനായി നമ്മൾ ഒരു താവളം ഒരുക്കും...

പിന്നെ, ദാസപ്പൻ ഇക്കാര്യത്തിൽ എന്തുപറയുന്നു എന്നത് വിഷയമേ അല്ലെന്ന് അവർക്കുറപ്പായിരുന്നു. അല്ലെങ്കിൽ തന്നെ, പ്രതീകങ്ങളുടെയും തോന്നലുകളുടെയും അഭിപ്രായം എന്തിനു ചോദിക്കണം!

ദാസപ്പനുപോലും തോന്നാറില്ലാത്ത അവൻ്റെ വേദനയിൽ അസ്വസ്ഥരായ, അവൻ്റെ അച്ഛൻറെ കൂട്ടുകാരായിരുന്ന ചിലർ മാത്രം മറുവാദം ഉന്നയിച്ചു. 'അച്ഛനും അമ്മയും ഇല്ലാതായ അവനെ വല്ലവൻറെ തല്ലുകൊള്ളാൻ നിയോഗിക്കുന്നത് ശരിയല്ല. അവനൊരു പാവം ദാസപ്പൻ മാത്രമാണ്. അല്ലാതെ പ്രതീകവും മറ്റുമല്ല. ഇവിടുള്ളവർക്ക് പരോപകാരമല്ലാതെ ഒന്നും അവൻ ചെയ്തിട്ടില്ല. അവനും വേദനിക്കും. ഞങ്ങൾ അവനെ പ്രസ്ഥാനവൽക്കരിക്കുന്നത് തടയും...!'

ചിന്തകൻ ഭൂതരായരും കൂട്ടരും പുച്ഛിച്ചു തള്ളി.

'ഒന്നാലോചിച്ചാൽ നിങ്ങളും കാലഹരണപ്പെട്ട വെറും പ്രതീകങ്ങളാ! എക്സ്പയറി ഡേറ്റ് കഴിഞ്ഞിട്ടും ഷെൽഫിൽ ഇരുന്നുപോയ മരുന്ന് കുപ്പികൾ. ഞങ്ങളെ തടഞ്ഞ് സമയം കളയണ്ട.'

കമ്മിറ്റി തീരുമാനം കഴിഞ്ഞിറങ്ങിയ രാജപ്പൻ ജോണിനോട് സ്വകാര്യമായി പറഞ്ഞു: 'ആള്ക്കാര് അവനെ വന്നു തല്ലി പോകുന്നത് കാണാൻ മുഷിയത്തില്ല, അല്ലേ?'

'നോക്കാം. ഇല്ലാരിക്കും!,' ജോണ് പറഞ്ഞു.

അങ്ങനെയാണ് പുളിമരത്തിനു ചുവട്ടിൽ ഒരൊറ്റമുറി സംവിധാനം ഉണ്ടായത്. പനമ്പ് മേൽക്കൂരയുള്ള മുറിയിലെത്താൻ ഇഷ്ടികയിൽ ചെയ്ത ആറുപടികൾ കയറണം. മുറിയുടെ നടുവിൽ ദാസപ്പന് ചാരി ഇരിക്കാൻ ചൂരൽ കസേര. മുളയടുക്കി തീർത്ത പിന്നിലെ ചുവരിൽ രണ്ടു ജനാലകൾ. ജനാലകളുടെ ഇടയിലെ ഭിത്തിയിൽ ഒരു സ്റ്റാൻഡിൽ വച്ച വിളക്ക്.

അവിടെ വന്നിരിക്കാൻ മടിയൊന്നും ഉണ്ടായിരുന്നില്ല ദാസപ്പന്. ഒന്നുമില്ലെങ്കിൽ, വണ്ടികൾ പോകുന്നതും വരുന്നതും, നാട്ടുകാർ വരുന്നതും പോകുന്നതുമൊക്കെ കണ്ടുകൊണ്ടിരിക്കാമല്ലൊ. വീട്ടിൽ ആണെങ്കിൽ എന്തൊരു മടുപ്പാണ്.


അവൻ അങ്ങോട്ട് താവളം മാറ്റിയ ദിവസം മുതൽ തന്നെ ഒന്നും രണ്ടും പേരായി ആളുകൾ വരാൻ തുടങ്ങി. പിന്നെ മുടക്കം ഉണ്ടായില്ല.

ഇടവം മെല്ലെ മിഥുനവും കർക്കിടകവുമായി മഴവേഷം മാറിയുടുത്തു. ഒരു നാൾ ദാസപ്പന്റെ മാടത്തിനു മുൻപിൽ ആരോ ഒരു ബോർഡ് സ്ഥാപിച്ചു:

'അടി വഴിപാട്: രാവിലെ 9 മുതൽ 12 വരെ. കർക്കിടകത്തിൽ ഉത്തൃട്ടാതി വിശേഷം.'

മെല്ലെ മെല്ലെ നാട്ടിലും നാട്ടുകാരിലും ശാന്തിയും സമാധാനവും പടരുന്നത് ദാസപ്പൻ അറിഞ്ഞില്ല.

ഒരുപാട് പേരുടെ സമാധാനവും നന്മയും അടിഞ്ഞു കൂടിയ ഒരു കരിങ്കൽ വിഗ്രഹമായി സ്വയം മാറിയതും അവൻ അറിഞ്ഞിരിക്കാൻ ഇടയില്ല.



കവിത

**കിളിമാനൂർ ദിവാകരൻ**



# പഥികന്റെ പാട്ട്

മടങ്ങിയെത്തുക -
യില്ലൊരു നാളും
പിരിഞ്ഞുപോയവരാരും!
തുറന്നുവെയ്ക്കു -
ന്നെൻ പടിവാതിൽ
മടങ്ങുകില്ലെന്നാലും!

ഇടയ്ക്കുവന്നു
വിളിച്ചവർപോലും
അകത്തുകയറിയതില്ല!
അകന്നു നിന്നെൻ
വ്യഥയുടെയാഴം
അളന്നെടുക്കുകയാവാം!

മടുത്തുവോയെൻ
ചിരികൾപോലും
തിരിച്ചു തരികയതെല്ലാം,
പകരം നൽകാ -
നില്ലിവിടൊന്നും
പണയപണ്ടം പോലും!

വഴിയിൽ നിൽക്കും
തുമ്പയിൽ നിന്നൊരു
ചിരിയെടുത്തു തരാം ഞാൻ,
പിരിഞ്ഞുപോയവർ
മറന്നുവെച്ചൊരു
കഥപറഞ്ഞു തരാം ഞാൻ!

ഇടയ്ക്കുവന്നാ -
ലകത്തു കയറുക,
മുറുക്കിതുപ്പിയിരിക്കാം,
പഴയകാലം
തന്നതിലേറെ
മറന്നുപോയോ നമ്മൾ!

മറന്നിടാതെ
മടക്കിവാങ്ങുക
അന്നുതന്ന സുഖങ്ങൾ,
പകരമെനിക്ക്
തന്നുപോകുക
സങ്കടക്കടലാകെ!

കവിത

**സുരേഷ് രാജ് എസ്**



# നാമിതെങ്ങോട്ട്


അതിരുകൾ നമ്മൾ വരച്ചിന്നു-
ഇരുപുറം തമ്മിൽ അറിയാത്തവരായി  നടിക്കുന്നു!
താങ്ങുവാൻ പറ്റാത്ത നോവുകളെ നമ്മൾ-
തീ പോലെ തനിയെ തിന്നു തീർക്കുന്നു.
ഞാനെന്നഹന്തയിൽ നാലാളു കാണുവാൻ ജീവിതം-
തീരമടുക്കാത്ത തോണിപോൽ തുഴയുന്നു.
ഒത്തു ജനിച്ചവർ ഒത്തു കളിച്ചവർ-
ഈ ഇത്തിരി ജീവതപാതയിൽ
അകലവും തേടുന്നു.
കാഴ്ചകൾ കാണുവാൻ കണ്ണുള്ള നമ്മളോ-
നേർ കാഴ്ചകൾ കാണാതെ അന്ധത പേറുന്നു.
ഇനിവരും ഇവിടെയൊരു ആ മാവേലി നാടെന്ന-
നിനവുകളും  നമ്മിൽ നി
ന്നന്യവുമാകുന്നു.
പഴമകൾ കാലത്തിൽ മുങ്ങി മരിക്കുമ്പോൾ-
നമ്മൾ പുതുമകൾ തേടി ലഹരിയിൽ വീഴുന്നു.
ആയുധമൂർച്ചയിൽ അന്യന്റെ നിണമിറ്റ-
ഭൂമിയും പാടേ കലിതുള്ളി ചാകുന്നു.
പേറിന്റെ നോവറിഞ്ഞോരമ്മയും തൻ-
ചോരകിടാങ്ങളെ വിട്ടു പ്രണയത്തിലോടിയൊളിക്കുന്നു.
വിലയിട്ടു നികത്തുവാനാകാത്ത പാതിയെ-
ചില പതികളോ മരണത്തിൻ പുതപ്പിൽ മറക്കുന്നീകാലത്തിൽ.
താളം തകർന്ന കുടുംബ ബന്ധങ്ങളിൽ-
മക്കൾ ജീവിത വഴിതെറ്റി പുതുമകൾ തേടുന്നു.
ജീവൻ കൊടുത്തു വളർത്തിയ മക്കളോ-
 നോക്കുവാനില്ല സമയമെന്നോതിയകറ്റുന്നു.
നേർക്കു നേർ കണ്ടാലറിയാത്ത നമ്മളൊ-
മൊബൈലിൽ,ആർത്തി പിടിച്ചു സൗഹൃദം തേടുന്നു.
വാക്കുകൾ കൊണ്ട് രചിക്കുന്ന ഇഷ്ടങ്ങൾ ചില
രൊന്നായി തീർന്നാലതിൽ പൊള്ളകൾ വീഴ്ത്തുന്നു.
ആശകൾ അറ്റൊരു കാലത്തിൽ നമ്മൾ-
വാക്കിന്റെ മൂല്യവും പാടെ മറക്കുന്നു.


emalayalee.com
മലയാളത്തിന്റെ സുപ്രഭാതം
www.eMalayalee.com
The heartbeats of Indians in USA
IndiaLife and Times Online
www.indialife.us
INDIA LIFE
www.indialife.us
INDIA LIFE TV HD
www.indialife.tv
24Hr TELEVISION CHANNEL
IndiaLife Television
www.indialife.tv
online or available via World BBTV App FREE
WORLD BBTV
പ്രവാസി മലയാളികളുടെ സ്വന്തം ചാനൽ
www.pravasichannel.com
online or available via World BBTV App FREE
WORLD BBTV
pravasi CHANNEL HD
More Info: 1-917-900-2123 | medialogistics.us@gmail.com | www.medialogistics.us



കവിത

ഡോ. അജയ് നാരായണൻ



# ചോമൻപാറ

കെളവൻ
ചോമൻ മൂപ്പൻ
നീണ്ട മുളവടി
കുത്തിപ്പിടിച്ചേന്തിയേന്തി
കുത്തനെയുള്ള കേറ്റം കേറി.

ഒരു വളവും കഴിഞ്ഞു
ഉച്ചിയിലോട്ടിഴഞ്ഞാലൊരു
പാറ കാണാം...
വർഗ്ഗീസ് പാറ!
അവിടെ കുന്തിച്ചിരുന്നു
ചോമൻ എന്തോ ഓർത്തെടുത്തു...

മുണ്ട് വേണ്ട
പാളത്താറ് ആയ്ക്കോട്ടെ
ആ തമ്പ്രാ...
നാട്ടുഭാഷ ഉരിയാടരുത്.
അതെന്തു പാഷയാ തമ്പ്രാ...

കാട്ടുവാസി
ആണൊന്നുക്ക്
ആഴക്ക് നെല്ലും
മൂന്നു പണോം.
പെണ്ണായാൽ ഊഴക്ക് നെല്ലും
മുക്കാലും.
മേൽമുണ്ട് വേണ്ട
കാണാൻ കൊള്ളാവുന്ന
മുലയുണ്ടേൽ
കാഴ്ച വേറേം തരും.
കുട്ടിച്ചാത്തൻമാർക്ക്
ഒരു പിടിയും
ചന്തിക്കടിയും,
ചൂരല് മതി
ലേലം വിളി കൊഴുക്കട്ടെ.

നാട്ടുവാസിയെങ്കിൽ
ഏഴിനൊന്നു പതം
അവര് പേരിന് മതി ട്ടോ
''മതി''.

നാട്ടുപ്രമാണികൾ തലയാട്ടി
കാര്യസ്ഥൻ താടിയിളക്കി
തമ്പ്രാൻ കുംഭ കുലുക്കി
കാര്യങ്ങൾ കടവിലടുത്തു.

വർഗ്ഗീസ് കുന്നുകേറി
തിരുനെല്ലിക്കാടുകേറി
മൂപ്പനെ കണ്ടു
ചോമൻ കുടിയിറങ്ങി.

അവർ കൂട്ടായി
തമ്പ്രാക്കളെ ചെന്നുകണ്ടു
കൂലി കൂട്ടി
വെടി കിട്ടി...
ചോമൻ കാട് കേറി
പോലീസ് പിന്നാലെ കേറി
വെടിയിറച്ചി ചുട്ടുതിന്നു.

ചോമന്റെ അരയിലെ
ഈരിഴത്തോർത്തിൽ
ചോരയൂറി
പുത്തൻ കോടി പുതച്ച്
കൊടി ചോന്നു
വള്ളിയൂർകാവ് ചോന്നു
വർഗ്ഗീസ്പാറ ചോന്നു
ചോപ്പിൽ പലതും മുങ്ങി.

വർഷങ്ങൾ പോയതറിഞ്ഞു
വയനാട് പൂത്തു
പുരോഗമിച്ചു.
പുതിയ ഇനം വിത്തുകൾ
ചന്തയിൽ ഇറങ്ങിയപ്പോൾ
പശിയുള്ളോർ
കൂറ് മാറി
കൊലച്ചോറ് വാരിത്തിന്നു.

കയ്യും കാലും കെട്ടി
ഉടുമുണ്ടില്ലാതെ
മൂടില്ലാതെ
മലയാംഭാഷ പറയാൻ
നാവു വഴങ്ങാതെ
എന്തൊക്കെയോ
മണ്ണിൽ മുള പൊട്ടി!

ചോമൻ മൂപ്പൻ
നടുവൊടിഞ്ഞു
ശ്വാസം വലിച്ചു
മലമോളിലെത്തി
വർഗീസ്പാറയെ
സല്യൂട്ടടിച്ചവിടെ
ചുരുണ്ടുകൂടി
ചുറ്റിലും അട്ടകൾ കാവലിരുന്നു.

വറുഗീസിന്റെ ചോര കിളിർത്ത
പാറയ്ക്കരികിൽ
മുളപൊട്ടാൻ കാത്തുകിടന്നു
ചോമന്റെ വീറ്!

ഒരുനാൾ കരിമ്പാറയിൽ
അന്തിവിളക്ക് കൊളുത്തണ
ആദിവാസികൾ കണ്ടു
വർഗീസ് പാറയ്ക്കരികിൽ
ചോമൻപാറ ചോന്നുവരുന്നു!




• IGI Certified Diamonds • Buyback Guarantee
• Free Lifetime Maintenance • Best Prices, Guaranteed

Wear the timeless elegance with captivating designs on perfectly cut diamonds...
Mine Diamonds presents pristine party wear for prestigious women.

SHOP VIRTUAL
CALL: +1(908) 848-3308

SHOP ONLINE AT
www.malabargoldanddiamonds.com

MALABAR
GOLD & DIAMONDS

NEW JERSEY: 1348 OAK TREE ROAD, ISELIN 08830, TEL: 732 283 0916
CHICAGO: 2652 W DEVON AVENUE, IL 60659, TEL: 773 465 5755

OVER 260 BRANCHES ACROSS USA, SINGAPORE, MALAYSIA, UAE, OMAN, QATAR, BAHRAIN, KUWAIT, KSA & INDIA



കഥ

അജിത് ആർ

# ലിച്ചീമായും വരത്തനും പിന്നെ ഒരു പാലമരവും

അതേയ്,

ഇന്ന് കാണുന്ന ആ നാലുവരി പാതയുള്ള കോൺക്രീറ്റ് പാലം വരുന്നതിനു മുന്നേ അവിടെ ചെറിയൊരു പാലമായിരുന്നു, പാലത്തിനു കീഴെ കൂടി കൽക്കരി തീവണ്ടികൾ കാറികൂവിപുകതുപ്പി കിതച്ചുകൊണ്ട് കടന്നു പോകുന്നത് കണ്ണ് മിഴിച്ചു നോക്കി നിന്ന അതിനു ചുറ്റുപാടും ഉള്ള വീടുകളിലെ വള്ളി നിക്കർ ഇട്ട കുട്ടികളിൽ ഒരാളായിരുന്നു ഞാനും.

ആ റെയിൽ പാളത്തിനും,

തൊട്ടപ്പുറത്തുകൂടി പോകുന്ന നഗരമാലിന്യവാഹിയായ വലിയ തോടിനും മുകളിലൂടെ പോകുന്ന പാലം വളരെ രഹസ്യങ്ങൾ ഒളിപ്പിച്ചിരുന്നു. അതിൽ ഭൂരിഭാഗവും ഞങ്ങളറിഞ്ഞത് ദേശത്തെ അൺ ഓതറൈസ്ഡ് ചരിത്രകാരിയായ ആച്ചിയമ്മയിൽ നിന്നാണ് !

ആച്ചിയമ്മയ്ക്കെത്ര വയസുണ്ടായിരുന്നു എന്നത് ഞങ്ങളുടെ ഇടയിൽ തർക്കവിഷയമായിരുന്നു, ബാലരമയിലെ ഡാകിനിയെ ഓർമിപ്പിക്കുന്ന ആച്ചിയമ്മക്ക് നൂറു വയസെങ്കിലുമുണ്ടെന്നും, അവർക്കറിയാത്ത ഒന്നും ഞങ്ങളുടെ ദേശത്തില്ലെന്നും, ആച്ചിയമ്മ മച്ചിയാണെന്നും അത് കൊണ്ടാണ് ആ കൊച്ചു കുടിയിൽ അവർ ഒറ്റയ്ക്കായിപ്പോയതെന്നും ഒക്കെ ഞങ്ങൾക്ക് പറഞ്ഞു തന്നത് കൃഷ്ണൻകുട്ടിയായിരുന്നു ! പിൽക്കാലത്തു 'കരക്കമ്പി' ധലോക്കൽ ടെലിഗ്രാം സർവീസ് പ എന്ന വിളിപ്പേരിൽ അറിയപ്പെട്ട കൃഷ്ണൻ കുട്ടി നാട്ടുവിശേഷങ്ങൾ കണ്ടെത്തി നാട്ടു ഭാഷയിൽ തന്നെ പ്രക്ഷേപണം നടത്തുന്ന ഒരു വിദഗ്ധനായിരുന്നു ..

നഗരത്തിലെ ജീവിതം മടുത്തു പോയവരുടെ പ്രിയപ്പെട്ട ആത്മഹത്യ ഇടമായിരുന്നു പാലം

വെളുപ്പിനെ പോകുന്ന തീവണ്ടിയുടെ മുന്നിലേക്ക് സ്വയം സമർപ്പിച്ചു ഒടുങ്ങിയ എത്രയോ ആളുകൾ. ഞങ്ങൾ കുട്ടികൾ ദൂരെ നിന്ന് തീവണ്ടി ചവച്ചു തുപ്പിയ ശരീരങ്ങളെ ഭീതിയോടെ നോക്കും. ഇനിയങ്ങോട്ട് ഉള്ള കാലമാകെ ഈ പാലത്തിനു ചുറ്റുമായി അലയാൻ പോകുന്ന ദുർമരണം സംഭവിച്ചവരുടെ ആത്മാക്കളെ കുറിച്ച്, അമാവാസി നാളിൽ ആ ആത്മാക്കൾക്ക് കൈവരുന്ന അമാനുഷിക ശേഷിയെക്കുറിച്ച്, അവർക്ക് കുഞ്ഞുങ്ങളു

ടെ ചോരകുടിക്കാനുള്ള ആർത്തിയെ കുറിച്ച് ഒക്കെ ആച്ചിയമ്മ പറഞ്ഞു തന്നിട്ടുണ്ട്.

ഇതൊക്കെ കാരണം, സന്ധ്യ കഴിഞ്ഞാൽ വിജനമാകുന്ന മുനിഞ്ഞു കത്തുന്ന ഒരു പഴയ ബൾബ് മാത്രമുള്ള പാലത്തിന്റെ അടുത്തുള്ള കവലയെ ഞങ്ങൾ കുട്ടികളെല്ലാം പേടിച്ചു. ആച്ചിയമ്മയുടെ വാക്കുകളിൽ കൂടി ഞങ്ങൾക്ക് പരിചിതമായ തീക്കണ്ണുകളുള്ള ഒത്ത ഒരു മനുഷ്യനോളം പൊക്കമുള്ള കറുത്ത നായ ഇരുട്ടിൽ അലയുന്നത് അവിടെയാണത്രെ!

പിന്നെ ദുരാത്മാക്കൾ വരുമ്പോഴൊക്കെ ഉച്ചത്തിൽ ഓരിയിട്ട് വിവരം തരുന്ന ഞങ്ങളുടെ വീടുകളിലെ വളർത്തുനായകൾ.

പാലം ഭീതിപ്പെടുത്തുന്ന കുറെ കാര്യങ്ങളുടെ ഉറവിടമായിരുന്നു , പ്രത്യേകിച്ചും രാത്രികളിൽ.

കൂരി എന്ന അപരനാമത്തിൽ അറിയപ്പെട്ടിരുന്ന മുടന്തി നടക്കുന്ന സുകു പാലത്തിനു കീഴെ കുറ്റിച്ചെടികൾ തിങ്ങിയ ഇടത്താണ് വാറ്റുചാരായം ഒളിച്ചു വച്ച് കച്ചോടം നടത്തിയിരുന്നത്.

എപ്പോഴും ചുവന്ന കണ്ണുകളുമായി നടക്കുന്ന കൂരി സുകുവിനെ കുട്ടികൾക്ക് പേടിയായിരുന്നു.

'കള്ളുകുടിയൻ' എന്നത് വലിയൊരു സാമൂഹ്യ വിരുദ്ധതയും ഭയപ്പെടേണ്ട വസ്തുതയുമാണെന്നു ഉറപ്പിച്ചു പറഞ്ഞത് ആച്ചിയമ്മയായിരുന്നു! കള്ള് കുടിക്കുന്നവർ എന്തൊക്കെ ചെയ്തു കൂട്ടുമെന്ന് ആർക്കും നിശ്ചയിക്കാൻ ആവൂല്ല അത്രേ. ഇത്രയും പറഞ്ഞു കൊണ്ട് ആച്ചിയമ്മ കെട്ടിയോന്റെ അസ്ഥിത്തറയിലേക്ക് മുറുക്കാൻ ചവച്ചു നീട്ടിത്തുപ്പും. കള്ളുകുടിച്ചു തെണ്ടിനടന്നു മരിച്ച കെട്ടിയോനോടുള്ള ആച്ചിയമ്മയുടെ പ്രതികാരം

ഇരുമ്പിന്റെ കമ്പിവേലിയിലൂടെ ഊർന്നു എതിരുട്ടിലും പാലത്തിനു കീഴേയ്ക്ക് ഇറങ്ങി മറയുന്ന കൂരിയെ എന്ത് കൊണ്ട് ദുരാത്മാക്കൾ ഉപദ്രവിക്കുന്നില്ല എന്ന ഞങ്ങളുടെ അതി ഭയങ്കരമായ സംശയത്തിന്, ആച്ചിയമ്മ ഉത്തരമായി ചൂണ്ടിക്കാട്ടിയത് പാലത്തിന്റെ അക്കരെ നിൽക്കുന്ന വലിയ പാലമരത്തിലേക്കാണ്!

ആ പാലമരത്തിലാണ് ഞങ്ങളുടെ ദേശം കാത്തുരക്ഷിക്കുന്ന സുന്ദരിയായ യക്ഷി വസിക്കുന്നത്, ദുർമരണം സംഭവിച്ചവരുടെ ആത്മാക്കൾ ഞങ്ങളുടെ ദേശക്കാരെ ആക്രമിക്കാൻ ഭയക്കുന്നത് യക്ഷിയുടെ സാന്നിദ്ധ്യം കൊണ്ടാണെന്നു ആച്ചിയമ്മ ഉറപ്പിച്ചു പറഞ്ഞു. കാറ്റായും മഴയായും മിന്നലായും ഒക്കെ രൂപം മാറാൻ ശേഷിയുള്ള, വന്മരങ്ങൾ പിഴുതെറിയാൻ ശക്തിയുള്ള ആച്ചിയമ്മ 'ലിച്ചീമ' എന്ന് വിളിക്കുന്ന യക്ഷിയോട് കൊമ്പ് കോർക്കാൻ ധൈര്യമുള്ള ഒരു ദുരാത്മാവും അന്നാട്ടിൽ ഇല്ലായെന്ന് ആച്ചിയമ്മ ആണയിട്ടു.

പാലമരചുവടെ വല്ലപ്പോഴും മാത്രം കത്തിച്ചു കണ്ടിട്ടുള്ള കൽവിളക്ക് കൂരിയാണത്രെ കത്തിക്കുന്നത്. ലിച്ചീമയുടെ പൂജാരിയെ ആരും തൊടില്ല എന്ന് ഞങ്ങൾ വിശ്വസിച്ചത് ആച്ചിയമ്മയുടെ ഉറപ്പിന്റെ പേരിലാണ്. ഒരു ഫർലോങ് അകലെയുള്ള പോലീസ് സ്റ്റേഷനിലെ പോലീസുകാർ പോലും കൂരിയെ പിടിക്കുന്നതിൽ ഒന്ന് മടിച്ചിരുന്നുവോ ? സംശയമാണ്, കൂരി മിക്കപ്പോഴും അവിടെയൊക്കെ തന്നെയുണ്ടായിരുന്നു, പോലീസിന്റെ കണ്മുന്നിൽ, ആരെയും കൂസാതെ, അത് ലിച്ചീമ കൊടുത്ത ശക്തിയല്ലെങ്കിൽ മറ്റെന്താണ് ?

അങ്ങനെയിരിക്കെയാണ് ഞങ്ങളെ ആകെ ഞെട്ടിച്ചു കൊണ്ട് അയാൾ കടന്നു വരുന്നത്. കൃഷ്ണൻകുട്ടിയാണ് ആദ്യം ആ വാർത്തയെത്തിച്ചത്, 'ലിച്ചീമയുടെ പാലമരത്തിൽ ഒരുത്തൻ കയറി ഇരിക്കുന്നു'. ഞങ്ങൾക്ക് ചിന്തിക്കാൻ ആവുന്നതിലും അപ്പുറമായിരുന്നു ആ വിവരം.

അതിശക്തയായ, ഈ ദേശത്തിന്റെ കാവലാളായ ലിച്ചീമയുടെ ആവാസസ്ഥലത്തേക്ക് അതിക്രമിച്ചു കടക്കുക എന്ന് വച്ചാൽ? അതിനും പോന്ന ശേഷിയുള്ള ഒരുവനോ? ഞങ്ങൾ പരസ്പരം നോക്കി അത്ഭുതം കൂറി, സ്കൂൾ വിട്ടു വന്ന ശേഷം പലമരത്തിന്റെ ചുവടേക്ക് ഒരു പര്യടനം ആവാം എന്ന് നിശ്ചയിച്ചതും അങ്ങനെയാണ്.

അലസമായ ചെമ്പിച്ച തലമുടി,

മുഷിഞ്ഞ വേഷം,

പാലമരത്തിന്റെ കൊമ്പിൽ കിടന്നു പുകവലിക്കുന്നയാളിന്റെ മുഖം വ്യക്തമല്ല എങ്കിലും അയാൾക്ക് തീക്കണ്ണുകളും, തേറ്റപ്പല്ലുമുണ്ടെന്നു കൃഷ്ണൻകുട്ടി തറപ്പിച്ചു പറഞ്ഞു. ലി

ച്ചീമയുടെ വാസസ്ഥലം കയ്യടക്കിയെങ്കിൽ അതേതോ ഭയങ്കര ശക്തിയുള്ള ദേവൻ തന്നെ ആവണമെന്ന് കൃഷ്ണൻകുട്ടിക്ക് ഉറപ്പായിരുന്നു. കുറെ നേരം നോക്കി നിന്നിട്ടു ഞങ്ങൾ തിരികെ പോന്നു.

'കലികാലം അല്ലെ? ന്തായാലും ഇതൊന്നും അത്ര നല്ലതിനല്ല'

എന്ന് ആച്ചിയമ്മയും അഭിപ്രായം പയ്യാരം പറഞ്ഞു.

പിറ്റേന്ന് സ്കൂൾ അവധിയായിരുന്നു. പഴയ ടയറുകൾ കൊണ്ട് ഗ്രാൻഡ്പ്രീ റെയ്സ്  നടത്താൻ തയാറെടുക്കുമ്പോഴാണ് കൃഷ്ണൻകുട്ടി തന്റെ മിനി ലോറി ടയറുമായി രംഗപ്രവേശം ചെയ്തത്, അവനു പറയാനുണ്ടായിരുന്നു വാർത്ത ഞങ്ങളെ ഭയപ്പെടുത്തി.

സർവ്വശക്തയായ ലിച്ചീമയുടെ പൂജാരി കൂരിയെ,

ദുരാത്മാക്കൾ കൂടുകെട്ടിയ ആ പാലത്തിനു കീഴേയ്ക്ക് എതിരുട്ടിലും ഇറങ്ങി പോകാൻ തക്ക ധൈര്യമുള്ള കൂരിയെ,

പോലീസുകാർ പോലും പിടികൂടാൻ മടിച്ചിരുന്ന കൂരിയെ,

കടന്നു കയറ്റക്കാരൻ തല്ലി അവശനാക്കി എന്നും കൂരിയെ ജന്നൽആശൂത്രീല് -ധ ജനറൽ ആശുപത്രി ഇന്നും പലർക്കും ജന്നൽ ആശൂത്രി ആണ് പ അഡ്മിറ്റാക്കി എന്നും ആയിരുന്നു ആ വാർത്ത.

ലിച്ചീമയുടെ വാസസ്ഥലമായ ആ വലിയ പാലമരം കയ്യടക്കി വച്ചിരുന്ന വരത്തനിൽ നിന്ന്  വീണ്ടെടുക്കാൻ ശ്രമിച്ച ലിച്ചീമയുടെ പൂജാരിയായ കൂരി അയാളോട് ഏറ്റുമുട്ടി തോറ്റു പോയത്രേ! കടന്നു കയറ്റക്കാരൻ അതീവ ശക്തനും അഭ്യാസിയുമാണെന്നും, മാടനോ, മറുതയോ, രക്ഷസോ ഒക്കെ അയാളെ കാക്കുന്നുണ്ടാവാം എന്നും  ഒക്കെ കൃഷ്ണകുട്ടി വിശദീകരിച്ചു ...

ദേശം കാത്തു സൂക്ഷിക്കുന്ന ലിച്ചീമയുടെ ശക്തി ചോദ്യം ചെയ്യപ്പെട്ടത് ലോകാവസാനമാണെന്നു ഞങ്ങളുടെ കൂട്ടത്തിലെ അന്നത്തെ ഏക ബുദ്ധിജീവി കണ്ണടക്കാരൻ സുധീർ നിരൂപിച്ചു. ഞങ്ങളെല്ലാം ഭയപ്പെട്ടു.  ലിച്ചീമ തോൽപ്പിക്കപ്പെട്ടാൽ പാലത്തിനു കീഴെ ദുർമരണം സംഭവിച്ചവരുടെ ആത്മാക്കൾ നാട്ടിൽ അഴിഞ്ഞാടും.

കുട്ടികൾക്കും സ്ത്രീകൾക്കും, പ്രത്യേകിച്ച് ഗർഭിണികൾക്ക് രക്ഷയുണ്ടാവില്ല എന്ന് ആച്ചിയമ്മ വല്ലാതെ ആശങ്കപ്പെട്ടു.

ദേശത്തിനു മേലെ കരിനിഴലായി നിൽക്കുന്ന ആ അടിയന്തിരമായ ആപത്തു മുന്നിൽ കണ്ടു ഞങ്ങളുടെ ടയറുകൾ കൊണ്ടുള്ള ഗ്രാൻഡ്പ്രീ ഉപേക്ഷിക്കപ്പെട്ടു. വൈകീട്ട് വീണ്ടും പുളിമരച്ചുവടെ കണ്ടു മുട്ടിയപ്പോഴാണ് കൃഷ്ണൻ കുട്ടി വാർത്തയുടെ വിശദമായ വശങ്ങൾ കൊണ്ട് വന്നത്. അങ്ങാടിയിൽ ഒക്കെ നല്ല ബന്ധമുള്ളത് കൊണ്ടാവണം അവനു വിവരശേഖരണം ഇത്രയും സാധ്യമാകുന്നത്.

പാലമരത്തിലെ പുതിയ അന്തേവാസി തമിഴനാണത്രെ ! എന്തൊക്കെയോ അമാനുഷിക ശക്തിയുള്ള ഏതോ മന്ത്രവാദിയാണെന്നു അങ്ങാടിയിലൊക്കെ സംസാരമുണ്ടെന്നും കേട്ട് . തല്ലു കിട്ടിയ കൂരി പോലീസിൽ പരാതി കൊടുത്ത് എന്നും എങ്കിലും അവരൊന്നും ചെയ്യുന്നില്ലെന്നും കൃഷ്ണൻകുട്ടി പറഞ്ഞാണ് അറിഞ്ഞത്.  ഒരു പക്ഷെ കൂരിക്ക് തല്ലു കിട്ടിയത് പോലീസിനും സന്തോഷമായിട്ടുണ്ടാവണം. എന്തായാലും ഉടനെ തന്നെ ലിച്ചീമായും 'വരത്തൻ' മന്ത്രവാദിയും തമ്മിലൊരു 'ജുത്തം' ഉണ്ടാകും എന്ന് അവൻ തറപ്പിച്ചു പറഞ്ഞു. തീയെറിഞ്ഞും, ചുഴലിക്കാറ്റായും, മരങ്ങൾ പിഴുതെടുത്തുമൊക്കെയാവും ആ യുദ്ധമെന്നു അവൻ വിവരിക്കുകയും ചെയ്തു.

പിന്നെയുള്ള ദിവസങ്ങളിൽ വരത്തനെ ഞങ്ങൾ പലയിടത്തും കണ്ടു,  കവലയിൽ , സ്കൂളിൽ പോകുന്ന വഴിയിൽ ഒക്കെ. എല്ലായ്പ്പോഴും എന്തോ ചിന്തിച്ചുകൊണ്ട് നടക്കുന്ന വരത്തന് ചുറ്റും ഒരു ലോകം ഉണ്ടെന്നു തന്നെ അറിയാൻ ആവുന്നില്ല തോന്നും. അയാൾക്ക് തികഞ്ഞ വട്ടാണെന്നു കണ്ണടക്കാരൻ പഠിപ്പിസ്റ്റ് സുധീർ സംശയത്തിലൂന്നിയ ഒരു കണ്ടെത്തൽ നടത്തിയത് അപ്പോഴാണ്.

ആ സാധ്യത ഞങ്ങൾ തള്ളിക്കളഞ്ഞിരുന്നില്ല. ഉച്ചയ്ക്ക് ആച്ചിയമ്മയുടെ വീട്ടിൽ വരത്തൻ വന്നു എന്നും ചോറ് ചോദിച്ചു വാങ്ങി കഴിച്ചെന്നും ഉള്ള വാർത്ത ഞങ്ങളെ തെല്ലു സമാധാനപ്പെടുത്തി. വരത്തൻ ഞങ്ങളുടെ ശത്രുവല്ല എന്ന് വിശ്വസിക്കാൻ ഞങ്ങൾ ശ്രമി

ച്ചെങ്കിലും ഉറപ്പിക്കാൻ ആയിരുന്നില്ല.

തീവണ്ടിക്ക് തലവച്ചു സ്വയം അവസാനിക്കാൻ വന്ന ഒരു ചെറുപ്പക്കാരനെ വരത്തൻ രക്ഷപെടുത്തി എന്ന വാർത്ത കൃഷ്ണൻകുട്ടി പറയുമ്പോൾ ഞങ്ങൾക്ക് അത്ഭുതമൊന്നും തോന്നിയില്ല. ഇതിനോടകം വരത്തനു വട്ടാണ് എന്ന വസ്തുതയ്ക്ക് നാട്ടിൽ നല്ല പ്രചാരവും കിട്ടിയിരുന്നു. എന്തായാലും കൂരിയുടെ കള്ള് കച്ചോടം അതോടെ നിന്നു ഇത്തിരി ദൂരെയെങ്ങാണ്ട് അവൻ അത് നടത്തുന്നുണ്ട് എന്ന് കേട്ടിരുന്നു എങ്കിലും ആ പ്രായത്തിൽ ഞങ്ങൾക്ക് യാത്ര ചെയ്യാവുന്ന റെയ്ഞ്ച് വളരെ കുറവായിരുന്ന കാരണം കൃഷ്ണൻ കുട്ടി എന്ന ലോക്കൽ പത്രത്തിൽ വരുന്ന വിവരങ്ങൾ വിശ്വസിക്കാനേ ആയിരുന്നുള്ളൂ.

വരത്തനെ കുറിച്ചുള്ള ഞങ്ങളുടെ ഭയം ആഴ്ചകൾക്കകം മാറിപ്പോയി. അയാൾ ആരോടും സംസാരിച്ചിരുന്നില്ല എങ്കിലും ഇടയ്ക്ക് ഏതെങ്കിലും വീടുകളിൽ ചെന്ന് വിശക്കുന്നു എന്ന് ആംഗ്യം കാണിച്ചു ഭക്ഷണം തേടാറുണ്ടായിരുന്നു. അയാൾ ആരോടും ഒന്നും വാമൊഴിയായി പറഞ്ഞിരുന്നില്ല. വേറെ ശല്യം ഒന്നും ഇല്ലാതിരുന്ന കൊണ്ടാവണം നാട്ടുകാരും പോലീസും വരത്തനെ കുറിച്ച് 'ബോതർ' ആവുന്നത് നിർത്തിയത്.

അങ്ങനെ ഒക്കെ കാര്യങ്ങൾ മുന്നോട്ടു പോകുന്നതിനിടെ ചില വീരകഥകൾ ഒക്കെ വരത്തന്റെ പേരിൽ കേട്ട് തുടങ്ങിയിരുന്നു. ഞങ്ങളുടെ സ്കൂളിലെ പാട്ടു പാടുന്ന പെണ്ണിനെ സ്കൂളിൽ പോകും വഴി കടിക്കാൻ വന്ന കൂറ്റൻ തെരുവുപട്ടിയെ എടുത്തു തീവണ്ടി പാളത്തിലേക്ക് എറിഞ്ഞു കളഞ്ഞും , ഒത്തിരി കല്ലെറിഞ്ഞിട്ടും ഒരു മാങ്ങ പോലും കിട്ടാതെ വിഷമിച്ചു നിന്ന കുട്ടികൾക്ക് മാവിൽ കേറി മാങ്ങകൾ പറിച്ചിട്ടു കൊടുത്തതും , വണ്ടി മുട്ടി കാലൊടിഞ്ഞ അപ്പൂപ്പനെ ആശുത്രീൽ കൊണ്ട് പോയാക്കിയതും ഒക്കെ അത്തരം ചിലതായിരുന്നു.

അപ്പോഴും ആരോടും അയാൾ ഒരു വാക്കു പോലും സംസാരിക്കാൻ കൂട്ടാക്കിയിരുന്നില്ല

സ്കൂളിലെ മലയാളം മാഷ് ഒരിക്കൽ പറഞ്ഞു ബോബനും മോളിയും കാർട്ടൂണിലെ പട്ടിയെ പോലെ ആണ് അയാളെന്ന് ! പ്രത്യേകിച്ചൊരു ആവശ്യമില്ലെങ്കിലും എല്ലാടത്തും കാണുമെന്ന് . ഞങ്ങൾ അത് കേട്ട് വെറുതെ ചിരിച്ചു .......

* * *

പിന്നെ ആ ദിവസം വന്നു, അന്ന് കവലയിലെ മാടും ആള് കൂടി നിന്നു, വരത്തൻ പാലമരത്തിന്റെ കൊമ്പിൽ പുകവലിച്ചു കൊണ്ട് കിടന്നു. കര കര ഒച്ചയുള്ള പോലീസിന്റെ വണ്ടിയിൽ നിന്നിറങ്ങിയ പോലീസുകാരിൽ ചിലർ പാലമരചുവടേക്ക് പാലത്തിനു കീഴെ ഇറങ്ങി നടന്നു പോകുന്നത് ഞങ്ങൾ നോക്കി നിന്നു. തീയെറിഞ്ഞും, ചുഴലിക്കാറ്റായും, മരങ്ങൾ പിഴുതെടുത്തും ജൂത്തം ചെയ്യാൻ ശേഷിയുള്ള വരതനെ പോലീസ് എന്ത് ചെയ്യാനാണ് എന്ന് ഞങ്ങൾ അത്ഭുതപ്പെട്ടു.

ഞങ്ങളുടെ ആശങ്കകൾക്ക് വിരാമം ഇട്ടുകൊണ്ട് ഒരെതിർപ്പും കാട്ടാതെ വരത്തൻ ഇറങ്ങി വന്നു വാനിലേക്ക് കയറി, അതിനിടെ അയാളുടെ കൈകൾ പോലീസുകാർ വിലങ്ങു വച്ച് പൂട്ടി. ആരെയും നോക്കാതെ പതിവ് നിസ്സംഗതയും മൗനവും അണിഞ്ഞു അയാൾ വാനിലേറി പോയി.

'എങ്കിലും കൊന്നു കളഞ്ഞല്ലോ വരത്തൻ ആ ചാത്തൻ ഗോപാലനെ'


എന്ന് നാട്ടുകാർ പിറുപിറുത്തു, കുട്ടിചാത്തൻ സേവ നടത്തിയിരുന്ന ചാത്തൻ ഗോപാലന്റെ വീട്ടിൽ അയാളുടെ രണ്ടാം കെട്ടിലെ പെണ്ണു നിസ്സംഗയായി വരത്തന്റെ കൈ കൊണ്ട് ചത്തു പോയ ഗോപാലന്റെ മൃതദേഹം നോക്കി ഇരുന്നു.

പഠിപ്പിൽ മോശമായതു ശരീരത്തിൽ കയറിക്കൂടിയ ദുരാത്മാവ് കാരണമാണെന്ന് പറഞ്ഞു ചാത്തൻ ഗോപാലൻ നിരന്തരമായി അടച്ചിട്ട മുറിയിൽ വച്ച് 'ബാധ ഒഴിപ്പിക്കൽ ക്രിയകൾ' നടത്തിയിട്ടും പഠിപ്പിൽ ഒട്ടുമേ മെച്ചപ്പെടാതിരുന്ന – ധഗോപാലന്റെ രണ്ടാം കെട്ടുകാരിക്ക് അവളുടെ ആദ്യ ഭർത്താവിലുണ്ടായപ ഞങ്ങളുടെ സ്കൂളിലെ പാട്ടുപാടുന്ന ആ പെൺകൊച്ചു മാത്രം പറഞ്ഞു.

'വരത്തൻ ദൈവമായിരുന്നു' എന്ന്,

'ഈ നാട്ടിൽ അയാൾക്ക് മാത്രം വട്ടുണ്ടായിരുന്നില്ലെന്നു'.

( പ്രായത്തിൽ കവിഞ്ഞ ശരീര വളർച്ചയുണ്ടായിരുന്ന പാട്ടുകാരി പെണ്ണ് അതിനും കുറെ മാസങ്ങൾക്ക് ശേഷമാണ് പാലത്തിനു കീഴെ വച്ച് വെളുപ്പാൻ കാലത്തു കടന്നു പോകുന്ന തീവണ്ടിക്ക് സ്വയം കീഴടങ്ങിയത്, അന്നേരം അവള് ഗർഭിണിയായിരുന്നുവെന്ന് കൃഷ്ണൻ കുട്ടി അടക്കം പറഞ്ഞു.)



ചെറുകഥ

ഹരി. തൃപ്പൂണിത്തുറ

വര:
പി ആർ രാജൻ



# അക്ഷാംശങ്ങൾക്കും രേഖാംശങ്ങൾക്കുമിടയിൽ

'അത് കള്ളിന്റെ മണമൊന്നുമല്ലടോ.... കൊടംപുളി പൂത്തതിന്റെ മണമാ.....'

പാതിരാനേരത്ത് വീടിന്റെ പിന്നാമ്പുറത്തു പതുങ്ങിവന്ന് കള്ളുമണത്തിന്റെ ഉറവിടം ചോദിച്ച കാലനോടു മറിയ ദേഷ്യപ്പെട്ടു.

'ഇവിടെ കള്ളുമില്ല; കള്ളുകച്ചവടോമില്ല.'

അതിയാനൊണ്ടായിരുന്ന കാലത്താണേൽ കണ്ടേനേ!

വേറെവിടേലും പോയിത്തെരക്ക്.

'താനാകെ നനഞ്ഞല്ലോ.....? എന്നാ പിന്നെ അതിനെ ആ പുളിയിലെങ്ങാനും കൊണ്ടുകെട്ടീട്ട് വാ....'

മറിയയുടെ കെട്ടിയോനെ തൂങ്ങിച്ചാകാൻ സഹായിച്ച പുളിമരം; പൂവിരിയിച്ച്, നാടാകെ പുളിച്ച കള്ളുമണം പരത്തി;കാലനെയും കബളിപ്പിച്ച്, തലയെടുപ്പോടെ പറമ്പിന്റെ മൂലയിൽ നിൽപ്പുണ്ടായിരുന്നു

കാലനെപ്പോലെ തന്നെ,കാലം തെറ്റിയ മഴയും ...

മറിയക്ക് അത്ര പിടിച്ച മട്ടില്ല.

കയ്യിലെ കയറു കാട്ടി; പോത്തിനെ കെട്ടാൻ നീളം തികയില്ലെന്ന് പതംപറഞ്ഞ കാലന്റ കാലിനടുത്തേ

ക്ക്, അടുക്കളച്ചായ്പ്പിലെ ആട്ടിൻതൊഴുത്തിന്റെ മൂലയിലെ തറയിൽ പന്തുപോലെ കെട്ടിയിട്ടിരുന്ന ചക്കരക്കയറിന്റെ ഉണ്ട കാലുകൊണ്ട് തട്ടി, അവൾ പറഞ്ഞു.

'ഇന്നാ ... ഇതെടുത്തോ..'

ഉരുണ്ടു വന്ന്, മുറ്റത്തെ തെളിവെള്ളത്തിൽ വീണ ചക്കരക്കയറുണ്ട അഴിച്ചെടുത്ത് മൂക്കുകയറിൽ കൊരുത്ത് നടക്കുമ്പോൾ, അയാളെ അനുഗമിച്ച പോത്തിന്റെ കറുത്തുമിന്നുന്ന മുതുകിൽവീണു ചിതറിയ വെള്ളത്തുള്ളികൾ മറിയയുടെ കണ്ണിലും ദേഹത്തും പതിച്ചു.

അവൾക്ക് കണ്ണിലൊരു പുളിപ്പും, മൂക്കിൽ മരണത്തിന്റെ മധുരഗന്ധവുമനുഭവപ്പെട്ടു.

'അതിന്റെ ചോട്ടില് മണം കൂടുതലുകാണും...!'

'ഈ മണം വരുമ്പോ ... അതിയാന്റെ മണമെന്നാ... എല്ലാരുടേം വിചാരം. കുടീം കഴിഞ്ഞുവന്നിട്ടാ , പുള്ളി തൂങ്ങിയത്..... പുളിപൂത്താപ്പിന്നെ നാട്ടുകാരാരും സന്ധ്യകഴിഞ്ഞ് പുറത്തിറങ്ങത്തില്ല.....!'

മറിയ അധികം ഉറക്കെയല്ലാതെ വിളിച്ചു പറഞ്ഞു.

പക്ഷെ, മഴച്ചാറ്റലിന്റെ ശബ്ദത്തിൽ മറിയവിളമ്പിയ കുടുംബചരിത്രകഥനം മുഴുവനായും കാലൻകേട്ടില്ല.

ആട്ടിൻ കൂടിനടുത്ത് പോത്തെത്തിയപ്പോൾ ഇഷ്ടപ്പെടാത്തതുപോലെ മറിയയുടെ മുട്ടനാട് ഒന്നമറി.

പോത്തിനെകെട്ടി ഇറയത്തു കയറി നിന്ന കാലന്റെ ജടപിടിച്ച മുടിയിൽ നിന്നും, വാൻഗോഗ് മീശയിൽ നിന്നുമൊക്കെ, ഇരുണ്ട നിറമുള്ള വെള്ളം റെഡ് ഓക്സൈഡ് തേച്ച അടുക്കളക്കോലായുടെ തറയിൽ ഇറ്റുവീണു.

പുളിമരത്തിൽനിന്ന് പാറി വന്ന പുളിങ്കള്ളുമണവും; കാലന്റെ വിയർപ്പുഗന്ധവും മറിയയെ ആകെയുലച്ചിരുന്നു. ദൂരേക്കു മാറിപ്പോകാതെ അവൾ കാലനുചാരെ മണം പകർന്നും; മണം നുകർന്നും, നിന്നുകൊടുത്തു.

'നിങ്ങളെന്നും കുടിക്കുവോ?'

'മിക്കവാറും '

'എന്റെ ചേട്ടനും കുടിക്കുവാരുന്നു....

കുടിക്കുന്നവരെ എനിക്കിഷ്ടാ...

കുടിക്കാത്തവരെ ആണെന്നു പറയാൻ പറ്റുവോ?'...

'തണുത്തിട്ടു വയ്യ

എനിക്കൊരു കട്ടൻചായ തരാവോ? '

മറിയ എതിർത്തും അനുകൂലിച്ചും ഒന്നും പറയാതെ തോളത്തു കിടന്ന തോർത്തെടുത്ത് അയാൾക്ക് കൊടുത്തു.

ഇന്നാ .... തോർത്ത്.

ഇത് തോർത്താണെന്നു പറഞ്ഞതാണോ...

അതോ ... ഇതു കൊണ്ടു തലയിലെ വെള്ളം തോർത്താൻ പറഞ്ഞതാണോ ...?

കാലൻ ഒരുനൊടി ശങ്കിച്ചു. പിന്നെ അതു വാങ്ങി തലയും മുഖവും തുടച്ചു.

...കുറെ കാലമായിട്ട് നല്ല ഓട്ടമാ.... വിശ്രമം കിട്ടാറില്ല;

ഇന്ന് നല്ല ഉറക്കക്ഷീണോം ഉണ്ട് ; ... തലവഴിതോർത്തിട്ടു മൂടി; തലയും മുഖവും തോർത്തുന്നതിനിടയിൽ അയാൾ പറഞ്ഞത്,

ബു ളു ..ബു ളു എന്നു തോന്നിയതല്ലാതെ, എന്താണെന്ന് മറിയക്ക് മനസ്സിലായില്ല.

അവൾക്ക് പൊൻമുട്ടയിടുന്ന താറാവ് സിനിമ ടി.വിയിൽ കണ്ട കാര്യമോർമ്മവന്നു. സിനിമാനടൻ ഇന്നസെന്റിനെയും ! ..... അവൾ വീണ്ടും ചോദിച്ചു

'....എന്നാ പറഞ്ഞേ?'

'കുറെ കാലമായിട്ട് നല്ല ഓട്ടമാ.... വിശ്രമം കിട്ടാറില്ലെന്ന്' .....

ഇന്ന് നല്ല ഉറക്കക്ഷീണോം ഉണ്ടെന്ന് '...!

കാലൻ ആവർത്തിച്ചു.

ഓ....

അതു പറഞ്ഞ് അവൾ അകത്തേക്കു പോയി; അൽപ്പം കഴിഞ്ഞ് ഒരു ചില്ലുഗ്ളാസ്സിൽ കട്ടൻ ചായയുമായി വന്നു.

ഗ്ലാസ് വാങ്ങി കട്ടൻ ഊതിക്കുടിച്ച്, തിളങ്ങുന്ന ഉണ്ടക്കണ്ണുചിമ്മി മറിയയുടെ പച്ച ബ്ലൗസിനകത്തെ വെളുത്ത ക്ലീവേജിലേക്ക് ആർത്തിയോടെ നോക്കി ആസക്തി നിറഞ്ഞ ഭവ്യതയോടെ പറഞ്ഞു.

എനിക്ക് ദാഹം മാത്രമല്ല വിശപ്പുമുണ്ട്; എന്ത് കിട്ടിയാലും കഴിക്കാനുള്ള വിശപ്പ് .

'കള്ളുകുടിക്കാൻ വന്നിട്ടിപ്പം ചോറായോ?'

പിന്നെ കാലന്റെ കണ്ണിൽനോക്കി അവൾ ചോദിച്ചു.

'ഞാൻ തന്നാൽ കഴിക്കുവോ?'

കട്ടൻചായകൊണ്ട് നാക്കു പൊള്ളിയതുമറച്ച് കാലൻ പെട്ടെന്നു പറഞ്ഞു ; പിന്നേ .... എന്നാ സംശയം?

കലത്തിൽ ചോറുകാണും പക്ഷെ, കറിയൊന്നുമില്ല....മറിയ ഓർത്തു. പിന്നെ പറഞ്ഞു,

'കറിയൊന്നുമില്ല....

മുട്ട കഴിക്കുമോ........കോഴിമുട്ട ?'

'ഉം... മുട്ട കഴിക്കും !

മുട്ട പൊരിച്ചതിനേക്കാൾ ഇഷ്ടം നാടൻമുട്ട ചിക്കിവറുക്കുന്നതാ..... നാടൻ കോഴി ചിക്കുന്നതു പോലെ ചിക്കണം....' അയാളുടെ വായിൽ വെള്ളമൂറി.

'വൈറ്റ് ലഗോണിനു ചിക്കാനറിയത്തില്ല '

ഗൂഗിളിൽ തപ്പി വിവരങ്ങളെടുത്ത് വിജ്ഞാനി ചമയുന്നവരുടെ ഇളിഞ്ഞചിരി അയാൾ ചിരിച്ചു.

വാഴച്ചുവടു മുഴുവനും ചിക്കിത്തുരന്ന് നാശമാക്കുന്ന കോഴികളെ കല്ലെറിഞ്ഞോടിക്കുന്നകാര്യം മറിയ ഓർത്തു .

മുട്ട ചിക്കിയതു കൂട്ടി ചോറുണ്ണുന്ന കാലനെ കൗതുകപൂർവ്വം നോക്കിയിരുന്ന മറിയയ്ക്ക് മരിച്ചുപോയ ഭർത്താവിനെ ഓർമ്മ വന്നു.

മുട്ടചിക്കിയത് അയാൾക്കും ഒത്തിരി ഇഷ്ടമായിരുന്നു.

അപ്പോൾ അവളുടെ മനസ്സും ശരീരവും അത്രമേൽ ആർദ്രമായി.

മുഖത്തിന് വല്ലാത്തൊരു തെളിമ വന്നു ,



കണ്ണിന് തിളക്കം വന്നു;

കവിളിന് ഒരിത്തിരി ചോപ്പും!

ചോറുപാത്രം കാലിയാക്കി, മുട്ട ചിക്കിയത് മാത്രം തിന്നുന്നതിനിടയിൽ കാലൻ ചോദിച്ചു

'നിനക്ക് മൊട്ട ഇഷ്ടാണോ?'

'ഉം... മൊട്ട എന്റെ ജീവനാ....'

' എന്നാ ...ഞാൻ വെളുപ്പിനെ പോയാപ്പോരേ?'

* * *

അതിഥിക്ക് കട്ടിൽ സമ്മാനിച്ച് മറിയ പായവിരിച്ച് താഴെ കിടന്നു

ഏറെ നേരം കഴിഞ്ഞിട്ടും ഉറങ്ങാതെ, തിരിഞ്ഞും മറിഞ്ഞും കിടന്ന് ഞരങ്ങുന്ന കാലന്റെ ശബ്ദം കേട്ട് മറിയ ദേഷ്യത്തോടെ ചോദിച്ചു.

'ഒറക്കക്ഷീണമെന്നു പറഞ്ഞിട്ട് ഇതെന്നാ..... ഒറങ്ങുന്നില്ലേ ?'

'എന്നാന്നറിയത്തില്ലാ ഒറക്കം വരണില്ല '

'നിനക്ക് കടംകഥ പറയാൻ അറിയാവെങ്കി ...വല്ല കടങ്കഥേം പറ.... '

'കടംകഥയോ?'

'ഉം'

ഈ പച്ചപ്പാതിരായ്ക്കോ?

'ഉം'

'അതു വേണോ?'

'ഉം'

'ഒറങ്ങിയോ ?'

'ഇല്ല'

'എന്നാപ്പറ '

'ഉം '

'മിറ്റത്തെ ചെപ്പിനടപ്പില്ല'

'എന്നാ'

'മിറ്റത്തെ ചെപ്പിനടപ്പില്ല'

'.... ഇല്ലേ?'

'ഇല്ല.!'

'സത്യം?'

'ഉം '

'പച്ചക്കാട്ടിൽ തവിട്ടുകൊട്ടാരം, അതിനുള്ളിൽ വെള്ളക്കൊട്ടാരം, അതിനുള്ളിൽ കൊച്ചുതടാകം.'

'എന്നാ ... ?'

'പച്ചക്കാട്ടിൽ തവിട്ടുകൊട്ടാരം, അതിനുള്ളിൽ വെള്ളക്കൊട്ടാരം, അതിനുള്ളിൽ കൊച്ചുതടാകം.'

'ആരും കാണാതെ വരും ആരും കാണാതെ പോകും'

'എന്നാ ...'?

'ആരും കാണാതെ വരും ആരും കാണാതെ പോകും'

' എന്നാ നീ ഇങ്ങോട്ട് വാ.....

മഴ കാരണം പറയണതൊന്നും കേക്കണില്ല .... '

മറിയ അനുസരണയോടെ കട്ടിലിന്റെ മറ്റേയരികിൽ വന്നു കിടന്നു വീണ്ടും പറഞ്ഞു

'കട കട കുടു കുടു നടുവിലൊരു പാതാളം.'

'എന്നാ ...'

'കട കട കുടു കുടു നടുവിലൊരു പാതാളം.'

'എന്നാ ...'

'കട കട കുടു കുടു നടുവിലൊരു പാതാളം.'

'ഞാൻ തോറ്റു.'

'അമ്മിക്കല്ല്. ! '

'അതെയോ?'

'ഊരിയവാൾ ഉറയിലിട്ടാൽ പൊന്നിട്ട പത്തായം സമ്മാനം'

'എന്നാ ?'

'ഊരിയവാൾ ഉറയിലിട്ടാൽ പൊന്നിട്ട പത്തായം സമ്മാനം

'ഊരിയവാൾ....? '

അത് ....

'ഇതൊന്നൂരാവോ? '

'കടംകഥയാണോ?'

'അല്ല '

'ഈ കൊളുത്തൊന്നൂരിത്തരാവോന്ന്? '

'ഏതു കൊളുത്താ ...? '

'നോക്കട്ടെ ... '

മന്തൻ വിരലുകൊണ്ട് ഏറെ നേരം പണിപ്പെട്ടിട്ടും ബ്രേസിയറിന്റെ കൊളുത്തൂരാനാവാത്തതിൽ കാലനെ മറിയ ചീത്തവിളിച്ചു.

'ലോകത്തൊള്ളേരുടെ മുഴുവൻ ജീവനെടുക്കാന റിയാം ഒരു കൊളുത്തെടുക്കാൻ അറിയാമ്മേലാത്ത.... ശവം ! '

'മാറ് ....ഞാനെടുത്തോളാം...!'

കാലനൊന്നും പറഞ്ഞില്ല......

മറിയ വീണ്ടും ചോദിച്ചു.

'തൊട്ടാൽ പൊട്ടും ഇംഗ്ലീഷ് മുട്ട ...? '

'എന്നാ '

'തൊട്ടാൽ പൊട്ടും ഇംഗ്ലീഷ് മുട്ട ...! '

തൊട്ടാൽ.....?

'തൊട്ടാൽ പൊട്ടും ഇംഗ്ലീഷ് മുട്ട ...! '

തൊട്ടാൽ.....?

പൊട്ടും.....

ഇംഗ്ലീഷ്.....

മുട്ട ...???

പിന്നെ

കാലൻ തൊട്ടുനോക്കി....

പൊട്ടാത്ത രണ്ട് ഇംഗ്ലീഷ് മുട്ടകൾ

* * *

പോത്തിന്റെ അമറൽ കേട്ടു കണ്ണുതുറന്ന അവൾ ഉറങ്ങിക്കിടന കാലന്റെ ജഡപിടിച്ചമുടി കൈകൊണ്ടു മാടിവച്ചു ചോദിച്ചു.

ഇന്ന് തന്നെ പോണന്നുണ്ടോ ?

കാലൻ ഒന്നും പറയാതെ അവളുടെ നെഞ്ചിൽ മുഖം ചേർത്തു !

എണീക്കാനും പോകാനുമാകാതെ കാലന്റെ കാലിന്റെ കത്രികപ്പൂട്ടിൽകിടന്നു മറിയ കുതറി.

'ശൊ....കാലന്റെ ഒരുകാല് '

ഒരു വിധത്തിൽ എണീറ്റ് അടുക്കളയിൽ ചെന്ന് കട്ടൻചായയുണ്ടാക്കി അയാളെ വിളിച്ചുണർത്തി ചായ കൊടുത്തു.

ഒറ്റക്കയ്യിൽ ചായമൊത്തി, മറ്റേക്കയ്യിൽ സ്റ്റൂളിന്റെ മുകളിലിരുന്ന മരണക്കുരുക്കുള്ള കയറെടുത്ത് അതിന്റെ മിനുപ്പിൽതൊട്ടു മറിയ ചോദിച്ചു....

'ഇതുകൊണ്ടല്ലേ നിങ്ങള് ഇക്കണ്ട മനുഷ്യരുടെയെല്ലാം ജീവനെടുക്കണത്? '

' ഉം '

'പക്ഷെ ഇപ്പോ ...'

രണ്ടു പേരും ഒപ്പമാണതു പറഞ്ഞത്.....

'ഇപ്പൊ നിന്റെ സഹായമില്ലാണ്ട് ആൾക്കാര് ശ്വാസം മുട്ടി ചത്തോണ്ടിരിക്കുവാ....

നിനക്ക് പണി കുറഞ്ഞു ....അല്ലേ....?'

'അതാ ഞാനും പറഞ്ഞു വന്നേ....ഇപ്പൊ എല്ലാരും ചാകുന്നത് എന്റെ കയറില്ലാണ്ടാ .... '

'എന്റെ പണി കൊറഞ്ഞെന്നും പറയാം.... കൊറഞ്ഞില്ലെന്നും പറയാം.....'

'നിനക്കറിയാവോ....

ഇപ്പോ....പത്രത്തിലെ കണക്കും സെമിത്തേരിയിലെ കണക്കും തമ്മീ ചേരണില്ല '

'പത്തെഴുനൂറുകൊല്ലം മുമ്പ് പ്ലേഗ് വന്നപ്പോ ... ഇങ്ങനേന്നുമില്ലായിരുന്നു. ചത്തവരടേം അടക്കിയവരടേം കണക്കൊപ്പമാരുന്നു'

കാലൻ പറഞ്ഞു നിർത്തി.

'ആളെത്ര ചത്താലും കണക്കില് കൊറച്ചു കാണിച്ച് രാജാവാകാനാ എല്ലാരുംതമ്മീ...മത്സരം ..! '

'ആന്നോ.....?'

'ഉം '

'ശവങ്ങൾ .....! '

'ഉം... ശവങ്ങൾ .....'

* * *

അപ്പോഴെല്ലാം .....

രാഷ്ട്രങ്ങളുടെയും, രാഷ്ട്രത്തലവൻമാരുടെയും നിഗൂഢ താൽപ്പര്യങ്ങങ്ങൾക്കടിപ്പെട്ട് .....

കാനേഷുമാരികളുടെ തടവിൽപ്പെടാതെ, .....

പത്രത്താളിലെ കണക്കുകളിൽപ്പെടാതെ .....

ടെലിവിഷൻ സ്ക്രീനിൽ മിന്നിമറയാതെ .....

ചിത്രഗുപ്തന്റെ പുസ്തകത്താളിൽ മാത്രം വെളിപ്പെട്ട്. .....

ആയിരങ്ങൾ .....

അക്ഷാംശങ്ങളുടെയും .....

രേഖാംശങ്ങളുടെയും .....

നെടുകെയും കുറുകെയും ഉള്ള .....

കള്ളികൾക്കുള്ളിലെ തടവറകളിൽ.....

ശ്വാസംമുട്ടി.....

ശാന്തതയോടെ .....

മരണപ്പെട്ടു കൊണ്ടേയിരുന്നു .....

* * *

'ഇന്നലത്തെ കഞ്ഞിവെള്ളം ബാക്കിയുണ്ടേൽ ഇത്തിരി അവനും കൊടുത്തേക്കണേ'

കാലൻ ഇടക്ക് പോത്തിന്റെ കാര്യം മറിയയെ ഓർമപ്പെടുത്തി.

'ഞാനെറങ്ങുവാ.....

നേരം വെളുത്താ ശരിയാവത്തില്ല.'

'ഇനി വരുവോ....?'

ഒരു ദെവസം എന്തായാലും വരും. ! '

ചെറുകഥ

ജയകുമാരവർമ്മ ആർ.കെ



# ഒരിടത്തൊരു പ്രഭാത നടത്തക്കാരൻ



വര: പി ആർ രാജൻ

അജിത്ത് ഉണർന്നെണീറ്റപ്പോൾ ചെറിയ മഴയുടെ ശബ്ദം. രാത്രി വൈകി മഴ പെയ്തിരുന്നു.

മുറ്റത്ത് ഇലകൾ കൊഴിഞ്ഞ് മണ്ണു പുരണ്ടു കിടന്നിരുന്നു.

ഉണർന്നെണീറ്റു പുറത്തുവരുമ്പോൾ അവളിൽ ആ കാഴ്ച അലോസരമുണ്ടാക്കുമെന്ന് തീർച്ച. അതുകണ്ടിട്ടും കാണാതെ പോയ തന്നോടാവും ഏറെ ദേഷ്യമുണ്ടാകുന്നതെന്നും തീർച്ച.

ഫ്ലാസ്കിൽ കടുംകാപ്പിയുണ്ട് . അത് ഗ്ലാസിലേക്കു പകർന്ന് ഒന്നു രുചിച്ചാൽ വിസർജ്ജന ഗ്രന്ഥികൾ ഉണരും. പതിവുതെറ്റാത്ത ഒരു ശീലമാണത്. ആ ശീലം, അകന്ന ഒരു ബന്ധു ചന്ദ്രശേഖരനെ ഏറെ നിരാശപ്പെടുത്തുന്നതാണുതാനും. അയാളുടെ ആ ഗ്രന്ഥികൾക്ക് ആ ചിട്ടയില്ല.അല്ലെങ്കിൽ തന്നെ പലരുടെയും സ്വസ്ഥതകൾ ചന്ദ്രശേഖരന് ദുഃഖമാണ്.

രാവിലെ തന്നെ മനസ്സിൽ പരദൂഷണം തോന്നിയതിൽ ദുഃഖം തോന്നി. ആരെക്കുറിച്ചും ചിന്തിക്കാതെ സുഖകരമായ ഊർജ്ജവുമായി എണീക്കണമെന്ന ഒരു ഗുരുപ്രഭാഷണം കേട്ടിട്ടാണ് ഉറങ്ങിയതെങ്കിൽ പോലും.

പത്രങ്ങൾ വന്നു കിടപ്പുണ്ട്. വാർത്തകൾ പഴയതാണെന്നറിയാവുന്നതിനാൽ തിടുക്കം തോന്നാറില്ല. പത്രക്കാരനോട് എന്തു പറയുമെന്നോർത്താണ് പത്രങ്ങൾ നിർത്താത്തത്. നീണ്ട കാലത്തെ പരിചയമുള്ള ആ മുഖത്തു നോക്കി പൊടുന്നനെ എങ്ങനെയാണ് അതു പറയുക.

ആമസോൺ വഴി അവൾ നാല് ട്രാക്ക് സ്യൂട്ട്കൾ വാങ്ങിയിരുന്നു. ഒപ്പം

രണ്ടു ജോടി റണ്ണിംങ്ങ് ഷൂസ്കൾ, കുറെ സോക്ക്സുകൾ എന്നിവയും. അടച്ചുറപ്പുള്ള റാക്കിന്റെ ഒരു തട്ടിൽ അവൾ ഭംഗിയായി അവ അടുക്കി വച്ചിരിക്കുന്നു.

നടത്തം തുടങ്ങണമെന്നു പറഞ്ഞതവളാണ്.

വയറ്റിൽ വിരലോടിച്ചുകൊണ്ട് അവൾ വിരിയുന്ന കുടവയറിനെ കുറിച്ച് ഖേദം പറഞ്ഞു. മെലിഞ്ഞ ദേഹപ്രകൃതമുള്ളവർക്ക് കുടവയർ വൃത്തികേടാണ് എന്നാണ് കാരണമായി അവൾ പറഞ്ഞത് എങ്കിലും അതാവില്ലെന്നയാൾക്കറിയാമായിരുന്നു.

രക്തസമ്മർദ്ദം, ഷുഗർ, ക്രിയാറ്റിൻ ഇവയൊക്കെ കൃത്യമായി പരിശോധിക്കണമെന്നു കൂടി അവൾ

പറഞ്ഞപ്പോൾ അത് ഏറെക്കുറെ വ്യക്തമായി.

മുടി കറുപ്പിച്ചു തരുന്നത് അവളാണ്. ഫേഷ്യൽ ക്രീമുകൾ അയാൾക്കായി വാങ്ങാൻ മറക്കാത്തതവളാണ്. അയാൾക്കുവേണ്ടി ചെറുപ്പക്കാർക്ക് മാത്രം യോജിക്കുന്ന നിറമുള്ള വസ്ത്രങ്ങൾ തെരഞ്ഞെടുക്കുന്നതും അവളാണ്. ഒന്നിലും അയാൾ എതിർപ്പു പറയാറില്ല. വാർദ്ധ്യകൃത്തിന് അയാളെ വിട്ടു കൊടുക്കില്ല എന്ന വാശിയാണെന്നു തോന്നുന്നു അവൾക്ക്.

പണിത്തിരക്കൊഴിയുന്ന ഇടവേളകളിൽ മാവിൻ തണലിലേക്ക് നോക്കി കിടന്ന് മുറ്റത്തു പൊഴിയുന്ന കരിയിലകളെ നോക്കി 'എനിക്കു പണിയായല്ലോ'എന്നവൾ സ്ഥിരമായി പറയുമ്പോൾ അതിനെല്ലാം അപ്പുറം അവളിൽ ഊറിക്കൂടുന്ന ഭയത്തിന്റെ ഉറവകളെ കുറിച്ച് നന്നായി അയാൾക്കറിയാം.

അയാൾ ഷൂസ്, ട്രാക്ക്സ്യൂട്ട്, ടീഷർട്ട് എന്നിവ ധരിച്ച് തയ്യാറായി. അവൾ പറഞ്ഞത് ശരിയാണ്. വയർ വിരിഞ്ഞിറങ്ങിയിരിക്കുന്നു. രാവിലെ കുറേ നേരം നടന്നാൽ അതു മുളയിലെ നുള്ളാമെന്നവൾ പറയുന്നു. ചന്ദ്രശേഖരന്റെ അസൂയക്കൊരു വഴിയുമാവുമെന്നോർത്ത് അയാളുമാശ്വസിച്ചു. അയാളുടെ വളർന്നു പടർന്ന കറുത്ത മുടിയും , കേടുവരുമ്പോഴൊക്കെ വൃത്തിയാക്കി ക്യാപ്പിട്ട് നിരപ്പിച്ച പല്ലുകളും കഴിഞ്ഞ പ്രാവശ്യം വന്നപ്പോൾ ചന്ദ്രശേഖരനെ അലോസരപ്പെടുത്തിയിരുന്നു. ചന്ദ്രശേഖന്റെ മുടി പൊഴിഞ്ഞു കഷണ്ടി പടർന്നു കഴിഞ്ഞിരുന്നു. മുഖത്തും കഴുത്തിലും ഏറെ ചുളിവുകൾ വീണിരുന്നു. എന്തിനാണ് തന്നെക്കുറിച്ചു ചിന്തിക്കുമ്പോഴൊക്കെ ചന്ദ്രശേഖരനെ കുറിച്ച് ചിന്തിച്ചു പോകുന്നത് എന്നോർക്കാതെയില്ല. 'നിങ്ങള് അയാളെ കാണിക്കാനാണോ ജീവിക്കുന്നത്'എന്ന് അവളും പറയാറുണ്ട്.

മഴനിന്നിരുന്നു. മഴയുടെ ചിട്ടകളും തെറ്റിയിരിക്കുന്നു. ഒരുമ നഷ്ടപ്പെട്ട വിപ്ലവകാരികളെപോലെ ചിതറിച്ചിതറി ചെറു കൂട്ടങ്ങളായി മാറി കാർമേഘങ്ങൾ മഴ പെയ്യിക്കാൻ തുടങ്ങിയിരിക്കുന്നു. 'നിങ്ങടെ പറമ്പിൽ മഴ പെയ്തൊ ?' എന്ന് രണ്ടു വീടുകൾക്കപ്പുറത്തുള്ള രാജൻ ഫോണിൽ വിളിച്ചു ചോദിച്ചപ്പോൾ പരസ്പരം ഏറെ ചിരിച്ചതോർമ്മ വരുന്നു. എങ്കിലും ഇടക്ക് മേഘങ്ങൾക്ക് ഒരുമ വരും. പ്രളയത്തിന്റ ചൂടറിയിക്കും. മുറ്റത്തേക്കിറങ്ങിയപ്പോൾ ശബ്ദം കേട്ടുണർന്ന ഒരു പൂച്ചക്കുട്ടി കിണറ്റരികിലേക്കു നടന്നു പോയി. കിണറു വൃത്തിയാക്കാൻ ഇന്ന് ആളുകൾ വരുമെന്ന് അവൾ പറഞ്ഞതയാൾ ഓർത്തു. കിണറിനകത്തും പുറത്തും പൊന്തക്കാടുകൾ വളർന്നിരുന്നു. കയറും തൊട്ടിയും കാത്തുമടുത്ത കപ്പി തുരുമ്പടിച്ചു കിടന്നു. കിണറിനുള്ളിലേക്ക് നോക്കിയിട്ടു തന്നെ നാളേറെയായി. കുട്ടിക്കാലത്തൊരിക്കൽ അമ്മുമ്മ പറഞ്ഞ കിണറ്റുകഥയിലെ ചാത്തപ്പൻ അവിടെത്തന്നെയുണ്ടാകുമോ? അവസാന അരഞ്ഞാണത്തിലമർന്നിരുന്ന് മുറുക്കാൻ പൊതി അഴിക്കുന്നുണ്ടാവുമോ?പാതാളകരണ്ടിയിൽ കുടുങ്ങാത്ത ഓട്ടുപാത്രം തേടിയിറങ്ങിപ്പോയി കിണറിൽ നിന്നു തിരിച്ചു കയറാത്ത ചാത്തപ്പൻ. രാത്രിയുടെ നിശബ്ദതയിൽ ഉറങ്ങാതെ കിടക്കുന്ന കുട്ടികളുടെ മുഖത്ത് ഉമ്മ വയ്ക്കാൻ വരുന്ന ചാത്തപ്പൻ. കഥ പറഞ്ഞു തീരുമ്പോൾ അമ്മുമ്മക്കു സങ്കടം വരും. ഓട്ടുപാത്രം അമ്മുമ്മയുടെ കയ്യിൽ നിന്നാണത്രെ വഴുതി കിണറ്റിൽ വീണത്!

അയാൾ ഗേറ്റ് തുറന്നു. രാത്രിയിൽ ഗേറ്റ് താഴിട്ടു പൂട്ടുവാൻ മറന്നു പോയിരുന്നു. അവളും ഓർമ്മിപ്പിച്ചില്ല. അവളെ ആ മറവി ഓർമ്മിപ്പിക്കേണ്ടതില്ല എന്നു തോന്നി. ഓരോ മറവി ഓർമ്മിപ്പിക്കലും വാർദ്ധക്യത്തെക്കുറിച്ചുള്ള ഭീതി വളർത്തും. അപ്പോൾ ആരായാലും തളരും.

അജിത്ത് വഴിയിലേക്കിറങ്ങി. മഴ നനഞ്ഞ തെരുവ്. നിശബ്ദനായി ഒരു നായ കടന്നു പോയി. അടുത്തു വന്നപ്പോൾ അവൻ തലയുയർത്തി ഭീതിയില്ലാതെ ഒന്നു നോക്കിയിരുന്നു. നായകളുടെ എണ്ണം പെരുകിയതിന്റെ ഭാഷണങ്ങളാണെങ്ങും. ഒപ്പം നായ വളർത്തലിന്റെ ആവേശവും കൂടുന്നു. നായക്ക് വാർദ്ധക്യമാകും വരെ നീളുന്ന ആവേശം. ഒടുവിൽ ഒരു ദിനം ഒരു പതിവു സ്നേഹത്തോടെയുള്ള കാർ യാത്രയിൽ കൂടെകൂട്ടി ദൂരെ എവിടെയൊ ഒരു റോഡരുകിൽ ഉപേക്ഷിക്കുന്ന നായസ്നേഹം. അജിത്തിന് ആകാശം കണ്ട് നടക്കാനാണിഷ്ടം. ഭൂമിയും ആകാശവും ദൃഷ്ടിപഥങ്ങളിൽ തെളിയുന്ന ഒരു നടത്ത രീതിയുണ്ട്. തെങ്ങിൻ തലപ്പുകൾക്കും കവുങ്ങിൻ മുടികൾക്കും പന്തലിച്ച മരങ്ങൾക്കും മുകളിലുള്ള ആകാശത്തിന്റ സ്വച്ഛത. ആ കാഴ്ചകൾക്കൊപ്പം പാദങ്ങൾ ചവുട്ടിയരച്ചു പോകുന്ന വഴിയും ശ്രദ്ധിച്ചു നടക്കാനിഷ്ടമാണയാൾക്ക്. കാഴ്ചയെ മുന്നോട്ടേക്ക് അയാൾ ഏറെ നീട്ടാറേയില്ല.

പണ്ട് മൺവഴിയായിരുന്നു. ഇപ്പോൾ ടാർറോഡുകളാണ്. മൺവഴികൾ എങ്ങോ അസ്തമിച്ചിരിക്കുന്നു. ഉള്ള മൺവഴികളിൽ തളംകെട്ടി ഭൂമിയിലേക്കു താഴുവാൻ നില്ക്കുന്ന മഴ വെള്ളവും ഇന്ന് അപരിഷ്കൃതത്തിന്റെ, അവികസനത്തിന്റ പരിഹാസ ലക്ഷണങ്ങളാണ്.

'എങ്ങോട്ടാ രാവിലെ?' എന്ന ചോദ്യമാണ് ചിന്തകളിൽ നിന്നുയർത്തിയത്. പഴയ തേങ്ങാ വെട്ടുകാരൻ കുട്ടൻ പിറകിൽ നിന്നും നടന്നുവന്ന് ഒപ്പം എത്തിയതാണ്. ഒന്നാം ക്ലാസുമുതൽ ഏഴാം ക്ലാസുവരെ ഒന്നിച്ചു പഠിച്ചവനാണ്. കുട്ടന്റെ അച്ഛൻ കുട്ടപ്പനും



തെങ്ങാ വെട്ടുകാരനായിരുന്നു. സ്കൂൾ രജിസ്റ്ററിൽ കുട്ടന്റെ പേരു വിജയകുമാർ എന്നൊ മറ്റൊ ആയിരുന്നു. 'നിന്റെ മോന് സ്കൂളിൽ പരിഷ്കാരപ്പെരാണല്ലോടാ!,' എന്ന് അമ്മുമ്മ ഒരിക്കൽ കുട്ടപ്പനോട് ചോദിക്കുന്നതു കേട്ടിട്ടുണ്ട്. കുട്ടനാകെ മാറിയിരിക്കുന്നു. ടീഷർട്ടും പഴയ ഒരു ജീൻസുമാണ് വേഷം. കാലിൽ ഷൂസ്. കയ്യിൽ നായകളെ ഭയപ്പെടുത്താനെന്നവണ്ണം ഒരു വടി. കുട്ടന്റെ ശരീരത്തിനും മാറ്റം വന്നിരിക്കുന്നു. ദുർമ്മേദസ്സ് പൂണ്ടിരിക്കുന്നു. കുടവയർ തെളിഞ്ഞിരിക്കുന്നു.

കവിളുകൾ ചീർത്തിരിക്കുന്നു. കഷണ്ടി വളർന്ന ശിരസ്സിൽ വിയർപ്പു പൊടിഞ്ഞിരിക്കുന്നു. എട്ടുപത്തു വർഷങ്ങളായിക്കാണണം കുട്ടൻ തെങ്ങുകയറ്റം നിർത്തിയിട്ട്. പഴയ കുട്ടനെ ഓർമ്മ വന്നു. തെങ്ങിലുരഞ്ഞു കയറി തിണർത്ത തഴമ്പുകൾ . വിയർപ്പ് എണ്ണമയം പോലെ പൂശിയ കരുത്തൻ മസിലുകൾ. എളിയിൽ കയറിൽ കൊരുത്തിട്ട വലിയ വെട്ടുകത്തി. തലയിൽ അലക്ഷ്യമായി കെട്ടിയ തോർത്ത്.

കുട്ടന്റെ മകൻ സർക്കാർ എഞ്ചിനീയറാണ്. അവന്റ ഭാര്യയും സർക്കാർ ഉദ്യോഗസ്ഥയാണ്. മകൻ എഴുതിയ ഒരു കഥ ആഴ്ച്ചപതിപ്പിൽ അച്ചടിച്ചു വന്നതോടെ അവനിപ്പോൾ നാട്ടിൽ നാലാൾ അറിയുന്നവനാണ്. അച്ഛൻ വിശ്രമിക്കണമെന്നു പറയുമ്പോഴും തെങ്ങുകയറ്റക്കാരനായ അച്ഛനെയാണ് തനിക്ക് ഇഷ്ടമെന്നു പറയാൻ അവനൊരാവേശമാണ്.

മകൾക്കായിരുന്നു ഏറെ നിർബന്ധം. അവൾ അയർലന്റിൽ നഴ്സാണ്. അവളുടെ ഭർത്താവ് അവിടെ സോഫ്ട് വെയർ എഞ്ചിനീയറാണ്. നാടാകെയുള്ള തെങ്ങുകളിൽ കയറി കുട്ടൻ കുട്ടികൾക്കു പഠിക്കാൻ ഫീസയച്ചു. അവർ ആ കടം വലിയ ഇരട്ടികളിൽ വീട്ടുന്നു. ദുർമേദസ്സൊഴിക്കാൻ കുട്ടൻ എന്നും നടക്കാനിറങ്ങുന്നു.

'കുട്ടനാകെ മാറിപ്പോയിരിക്കുന്നു.' ഞാൻ പറഞ്ഞു. കുട്ടൻ മൂളി.

'പണി നിർത്തിയപ്പോൾ പിന്നെ ശരീരം തോന്നിയ വഴിയ്ക്കായി.' അയാൾ പറഞ്ഞു.

ഇപ്പോൾ മൂളിയത് അജിത്താണ്.

പണ്ടൊക്കെ ആകാശത്തോളം വളർന്ന കൊന്നത്തെങ്ങിൻ തലപ്പത്തു കയറുമ്പോൾ ദാക്ഷായണിയുടെയും മക്കളുടെയും ഓജസ്സറ്റ മുഖങ്ങൾ ആവേശം നല്കിയിരുന്നു. കുട്ടൻ പറഞ്ഞു. പിന്നെ കൊച്ചുമക്കളുടെ ചിരികൾ ആ ആവേശം കെടുത്തി. അയാൾക്ക് മനസ്സിലാവുന്നുണ്ടായിരുന്നു. മുറ്റത്തു കൊഴിഞ്ഞ കരിയിലകൾക്കും കൊന്നത്തെങ്ങുകൾ

ക്കുമപ്പുറത്തുള്ള ഉറവകളുടെ ഒരേ പൊരുൾ.

'കാണാം' എന്നു പറഞ്ഞു കുട്ടൻ നടന്നു നീങ്ങി. തെങ്ങിൻ തലപ്പുകളിലേക്കു ഇടക്കിടെ നോക്കി വേഗത്തിൽ നടന്ന് അയാൾ ഏറെ മുമ്പിലെത്തി.

റോഡിന്റെ ഇരുവശത്തും മതിലുകളാണ്. മതിലുകൾക്കുള്ളിൽ പലതരത്തിലുള്ള വീടുകൾ. താനും ഉൾപ്പെട്ട റസിഡൻസ് അസോസിയേഷനിൽപ്പെട്ട വീടുകളാണ്. രാധാമണിയുടെ വീടിനു മുമ്പിൽ അവൾ പൂന്തോട്ടം നനച്ചു നില്ക്കുന്നു. ജൂനിയർ ക്ലാസിൽ പഠിച്ചതാണ്. രാധാമണിയോട് എന്തൊക്കെയോ പറയാൻ പണ്ട് ഓങ്ങിയിട്ടുണ്ട്. ഇന്നേവരെ അതു പറഞ്ഞിട്ടുമില്ല. ഒരു പക്ഷെ രാധാമണിയും അതാഗ്രഹിച്ചിരുന്നിരിക്കാം, ഇല്ലായിരുന്നിരിക്കാം. രാധാമണിയുടെ കല്യാണത്തലേന്ന് അവളുടെ അനിയൻ വിദേശത്തു നിന്നു കൊണ്ടുവന്ന കള്ളുകുടിച്ച് മത്തനായപ്പോൾ താനാ രഹസ്യം വിളിച്ചു പറഞ്ഞതായി ഗോവിന്ദൻ ചേട്ടൻ പിന്നെ പറഞ്ഞിട്ടുണ്ട്. തനിക്കവളെ ഇഷ്ടമാണെന്ന രഹസ്യം.

'എങ്കിൽ നിനക്കവളോടു പറയാമായിരുന്നില്ലേ? ' എന്ന ഗോവിന്ദേട്ടന്റെ ചോദ്യത്തിലും തന്റെ തണുത്ത ചിരിയിലും അസ്തമിച്ച ഒരു പ്രണയകഥയാണത്.

രാധാമണിയുടെ സൗന്ദര്യം തീരെ വറ്റിയിട്ടില്ല . അവൾക്കും അതറിയുമെന്നു തോന്നുന്നു. കടന്നു പോയപ്പോൾ അവൾ എയ്ത നോട്ടത്തിനുള്ളിൽ ഒരു ശൃംഗാരത്തിളക്കം .

'ഛെ,താനെന്തൊക്കെയാണ് ചിന്തിക്കുന്നത്' അജിത്ത് സ്വയം പുലമ്പി.

സൂര്യൻ ഉദിച്ചു തെളിഞ്ഞിട്ടില്ല. വീടുകൾ പലതും തുറന്നിട്ടില്ല. പല വീടുകൾക്കും മുമ്പിലെ വിളക്കുകൾ അണഞ്ഞിട്ടില്ല. മിക്കവരുടെയും രാത്രികൾക്കു നീളം വച്ചിരിക്കുന്നു. പകൽ ചെറുതായിരിക്കുന്നു.

വഴിയിൽ കണ്ടുമുട്ടുന്നവരൊക്കെ പരിചയക്കാരാണ്. പലരും നടക്കാനിറങ്ങിയവരാണ്. പല കസേരകളിലിരുന്നവർ. ഇപ്പോഴും ഇരിക്കുന്നവർ. പല വലിപ്പത്തിലുള്ള കുടവയറുകൾ. കൂട്ടത്തിൽ അപൂർവ്വമായി സ്ത്രീകളുമുണ്ട്.

അന്യസംസ്ഥാന തൊഴിലാളികളുടെ ഒരു സംഘം പിന്നിൽ നിന്നു നടന്ന് നിശബ്ദരായി അയാളെ കടന്നു വേഗത്തിൽ പോയി. വിയർപ്പുറഞ്ഞു കനച്ച ഒരു പ്രത്യേക ഗന്ധവും കൂടെ കടന്നു പോയി.

ഏറെ നടന്നിരിക്കുന്നു. വിയർപ്പു പൊടിഞ്ഞിരിക്കുന്നു. ഒരു ചെറിയ കയറ്റം കടന്നപ്പോൾ കിതച്ചുവോ, എന്നു സംശയം. കുറച്ചു വെള്ളം കരുതാമായിരുന്നു. അയാളോർത്തു. പരിചയക്കാരല്ലാത്തവരും കടന്നു പോകുന്നുണ്ട്. ഒരു പക്ഷേ, ഈ പ്രദേശത്തുള്ളവർ ആയിരിക്കണമെന്നില്ല. അല്ലെങ്കിൽ അവരെ ഇതുവരെ പരിചയപ്പെടാൻ സാധിച്ചിട്ടില്ല.

മിക്കവീടുകളും പുതിയതാണ്. പലതിലും ആരാണെന്നു പോലും നിശ്ചയമില്ല. പണ്ട് ഈ വഴികളിലെ ഓരോ വീടുകളും നിശ്ചയമുണ്ടായിരുന്നു. അവിടെയുള്ളവരെ തനിക്കും അവർക്കു തന്നേയും അറിയാമായിരുന്നു.

അമ്പലത്തിനു മുമ്പിൽ എത്തിയപ്പോൾ അയാൾ നിന്നു. ഏറെക്കാലമായി വന്നിട്ട്. വെളിയിൽ നിന്ന് അയാൾ തൊഴുതു. അമ്പലം കഴിഞ്ഞു നടക്കുന്ന വഴിയിലാണ് പാർട്ടി ഓഫീസ്. തിണ്ണയിൽ തന്നെ ഗോപാലൻ നായരുണ്ട്. താൻ ഇടതനോ വലതനോ എന്നു നിശ്ചയമില്ലാഞ്ഞിട്ടും തന്നെ നോക്കി ഗോപാലൻ നായർ ചിരിക്കുന്നു. അതയാളുടെ ശീലമാണ്. ഏത് പാർട്ടി ഓഫീസുകളുടേയും തിണ്ണയിൽ നില്ക്കുന്നവരുടെ ശീലമാണത്.

കടന്നു പോകുന്നവൻ അവർക്ക് ഒരു വോട്ടാണ്. ഒരു ചിരിക്കുള്ള ഇരയാണ്.

പാർട്ടിയാപ്പീസും കടന്നു ചെന്നപ്പോൾ പ്രഭാകരന്റെ ചായക്കട കണ്ടു. അവിടെ ഒരു ചെറിയ ആൾക്കൂട്ടമുണ്ട്. പലരും ചായക്ക് കാത്തു നില്ക്കുന്നു. ചിലർ ചായ കുടിക്കുന്നു. ഒന്നു രണ്ടു പേർ മാറി നിന്ന് സിഗരറ്റ് വലിക്കുന്നതിനൊപ്പം ചായയും കൂടിക്കുന്നു.

അജിത്തിനെ കണ്ടപ്പോൾ രണ്ടുമൂന്നു പേർ എഴുന്നേറ്റു വന്നു. കൂടെ പഠിച്ച ദിവാകരൻ , കൂടെ സ്ഥിരം ബസ്സിൽ ജോലി സ്ഥലത്തെക്കു വരുമായിരുന്ന കൃഷ്ണസ്വാമി. മൂന്നാമനേയും നല്ല പരിചയമുണ്ട്. ഒരു ഓട്ടോറിക്ഷക്കാരനാണ്. പേരോർക്കുന്നില്ല. സ്വാമിയും ദിവാകരനും കുശലം ചോദിച്ചു. ചായ കുടിക്കാൻ ക്ഷണിച്ചു. സ്നേഹപൂർവ്വം നിരസിച്ചു

'ഓർമ്മയുണ്ടോ ' ഓട്ടോക്കാരൻ ഉറക്കെ ചൊദിച്ചു.

'അതൊക്കെ നിർത്തി അല്ലെ?' എല്ലാവരും കേൾക്കാനെന്ന മട്ടിൽ അയാൾ ചോദിച്ചു.

'കള്ളുകുടിയുടെ കാര്യമാണോ' അജിത്ത് അതിലും ഉറക്കെ ചോദിച്ചു. ഓട്ടോക്കാരൻ അത് അത്ര പ്രതീക്ഷിച്ചിരുന്നില്ലെന്നു തോന്നി.

'ഇനി തുടങ്ങല്ലേ'ഓട്ടോക്കാരൻ പറഞ്ഞു. ആൾക്കൂട്ടത്തിനിടയിൽ അയാൾ മറ്റൊരു ചന്ദ്രശേഖരനാകുകയാണ്.

'ഇനി തുടങ്ങുന്നെങ്കിൽ ഒന്നാംതരം മയക്കുമരുന്നിലേ തുടങ്ങൂ' അജിത്ത് പറഞ്ഞു.

ശബ്ദം ഉയർത്തിയതു കൊണ്ടാവാം തലേരാത്രിയിൽ കഴിച്ച മദ്യത്തിന്റെ ഗന്ധം ഓട്ടോറിക്ഷക്കാരനിൽ നിന്നുയർന്നിരുന്നു.

'സ്വന്തം ഓട്ടോയാണോ ഇപ്പോൾ. അതൊ, പലരെയും പോലെ കാറെടുത്തോ?' അജിത്തും ഒരു

ചന്ദ്രശേഖരനായി.

'ഇല്ല. പഴയതുപോലെ തന്നെ. വാടകക്ക്.' അയാളുടെ ശബ്ദം താഴ്ന്നിരുന്നു.

'നിങ്ങളുടെ പേരു മറന്നു .' അജിത്ത് പറഞ്ഞു.

'ചന്ദ്രൻ' അയാൾ പറഞ്ഞു.

'ശേഖരൻ എന്നുകൂടി ചേർക്കാൻ മറന്നു അല്ലേ'? അജിത്ത് ചിരിച്ചു.

അതിന്റെ പൊരുൾ പിടികിട്ടിയില്ലെങ്കിലും ചന്ദ്രനും പതുക്കെ ചിരിച്ചു. സ്വാമിയോടും ദിവാകരനോടും യാത്ര പറഞ്ഞ് അജിത്ത് നടന്നു. കുറച്ചു നടന്ന് അയാൾ തിരിഞ്ഞു നോക്കി. ചന്ദ്രനും സ്വാമിയും തമ്മിൽ എന്തോ സംസാരിക്കുന്നു. തന്നെപ്പറ്റിയാവും അതെന്നു തീർച്ച.

അമ്പലത്തിന്റെ പുനരുദ്ധാരണത്തിനായി സംഭാവന വാങ്ങാൻ വീട്ടിൽ വന്നവരിൽ കൃഷ്ണസ്വാമിയും ഉണ്ടായിരുന്നു. അവരുടെ പ്രതീക്ഷക്കപ്പുറം സംഭാവന നല്കിയിരുന്നു. കുറച്ചു നടന്നപ്പോൾ വീടുകളുടെ നിര അവസാനിച്ചു. മുമ്പിൽ നീണ്ട വയൽ. വീതിയുള്ള വരമ്പ് തന്റെ കര കഴിഞ്ഞിരിക്കുന്നു. ഇനി അടുത്ത കരയാണ്. ആ കരയുടെ പേർ അയാൾ ഓർക്കാൻ ശ്രമിച്ചു. മറന്നു പോയിരിക്കുന്നു. അയാൾ വാച്ചു നോക്കി. ഒരു മണിക്കൂറിനപ്പുറം നടന്നിരിക്കുന്നു. കുറച്ചു കൂടി നടക്കാമെന്നു തോന്നി. എല്ലാം ഒരു കൗതുകമായി തോന്നുന്നു. അയാൾ വരമ്പിലൂടെ നടന്നു. വരമ്പവസാനിക്കുന്നിടത്ത് ടാറിട്ട നിരത്താണ്. അവിടെ വീടുകൾ തുടങ്ങുന്നു. എതിരെ പലരും വരുന്നു. ആരും അയാളെ പരിഗണിക്കുന്നില്ല. എതിരെ വന്ന നായ അയാളെ ഒന്നു തുറിച്ചു നോക്കി കടന്നു പോയി. ആ പ്രദേശത്തിന്റ പേരോർക്കുവാൻ ശ്രമിച്ച് അയാൾ നടന്നു. കുറച്ചു ദൂരം കൂടി അങ്ങനെ നടന്നു. ഒരു കാറ്റു പോലും വീശുന്നില്ല. എവിടെയോ വന്നുപെട്ട അവസ്ഥ. ഒരു ചെറു കവലയിൽ അയാൾ നടപ്പു നിർത്തി. ഒന്നര മണിക്കൂറിലേറെ നടന്നിരിക്കുന്നു. വീട്ടിൽ നിന്ന് കഷ്ടിച്ച് മൂന്നു കിലോമീറ്റർ ദൂരം, പക്ഷെ താൻ എവിടെയോ എത്തിച്ചേർന്നിരിക്കുന്നു. തികച്ചും അപരിചിതമായ മറ്റൊരു ദേശത്ത്.

അയാൾ തിരികെ നടന്നു. വന്ന വഴിയിലുടെ, വരമ്പിലൂടെ. വരമ്പുകഴിഞ്ഞുള്ള വഴിയിൽ ഓട്ടോറിക്ഷക്കാരൻ ചന്ദ്രൻ കാത്തുനില്പുണ്ടായിരുന്നു. എന്തോ, അയാളെ വിഷമിപ്പിക്കുന്നതു പോലെ തോന്നി.

'വീട്ടിൽ കൊണ്ടു വിടണോ?' അയാൾ ചോദിച്ചു.

'ഏയ് വേണ്ട. അജിത്ത് പറഞ്ഞു. ഞാൻ നടക്കാനിറങ്ങിയതാണ്.'

വന്ന വഴിയിലൂടെ അജിത്ത് തിരികെ നടന്നു. പ്രഭാത നടത്തക്കാരെല്ലാം തിരികെ മടങ്ങിയിരുന്നു. നിരത്തിൽ വാഹനങ്ങളുടെ എണ്ണം പെരുകിത്തുടങ്ങിയിരുന്നു. വീടുകളുടെ പുറത്തെ വിളക്കുകൾ അണഞ്ഞിരുന്നു. പാർട്ടി ഓഫീസിന്റെ മുമ്പിലെ ബഞ്ചിൽ ആളുകളുടെ എണ്ണം കൂടിക്കഴിഞ്ഞിരുന്നു. അമ്പലത്തിന്റ മുമ്പിലെ വാഹനങ്ങളുടെ എണ്ണവും കൂടിയിരുന്നു. ഗേറ്റു കടന്ന് വീട്ടിലെത്തി അയാൾ അരമതിലിൽ തളർന്നിരുന്നു.

ഒരു കുപ്പിവെള്ളവുമായി അവൾ വന്നു.

നല്ല ദാഹം. അയാൾ കുപ്പി വായിലേക്കു കമഴ്ത്തി. കരിയിലകൾ തൂത്തുകളഞ്ഞ് മുറ്റം വൃത്തിയാക്കിയിരുന്നു. കിണറു വൃത്തിയാക്കാൻ വന്നവർ അതിനുള്ള ഒരുക്കങ്ങൾ തുടങ്ങിയിരുന്നു. കിണറ്റിലിറക്കാൻ കയറും കൊട്ടയും ഒരാൾ കൂട്ടി കെട്ടുന്നു. മറ്റൊരാൾ വെള്ളം പമ്പ് ചെയ്യുന്ന എഞ്ചിനിൽ എന്തൊക്കെയൊ പണികൾ ചെയ്യുന്നു. വായു സഞ്ചാരം പരിശോധിക്കാനായി കത്തിച്ചിടാൻ ചൂട്ടുകറ്റകൾ ഒരുക്കുന്നു.അയാൾ കിണറിനുള്ളിലേക്കു നോക്കി. അതിനുള്ളിൽ പാഴ്ചെടികൾ തഴച്ചുവളർന്നിരുന്നു. അരഞ്ഞാണ അതിരുകളിൽ പായൽ കട്ടപിടിച്ച് കിടന്നു. അരഞ്ഞാണത്തിലൂടെ അരണകൾ ഓടി നീങ്ങുന്നു.

അങ്ങു താഴെ തവളകളുടെ കരച്ചിലും കേൾക്കാം. പാഴ്ച്ചെടികളുടെയും വള്ളിപ്പടർപ്പുകളുടെയും പായലിന്റയും പച്ചപ്പുകൾക്കിടയിലൂടെ അങ്ങു താഴെ ദൂരെ വെള്ളത്തിന്റ തെളിമ കാണാം. തെളിഞ്ഞ ജലത്തിൽ പതിഞ്ഞു കാണുന്നു ഓർമ്മകളുടെ എണ്ണമറ്റ നിഴലുകൾ. കിണറു നന്നാക്കുന്നവരുടെ നേതാവെന്നു തോന്നിക്കുന്നയാളെ വിളിച്ച് അജിത്ത് പറഞ്ഞു. 'ഒരു കാര്യം പറഞ്ഞാൽ മറിച്ചൊന്നും തോന്നരുത്.'

ഒന്നും മനസ്സിലാകാതെ അയാൾ അജിത്തിന്റ മുഖത്തെക്കു നോക്കി നിന്നു.

'അജിത്ത് പതുക്കെ പറഞ്ഞു. ഈ കിണർ വൃത്തിയാക്കുന്നില്ല .എന്റെ കാലം കഴിയും വരെ.'

മെനക്കേടു കൂലി സൗമ്യമായി കൈപ്പറ്റി കിണറു വൃത്തിയാക്കുവാൻ വന്നവർ മടങ്ങി. അവൾ എന്തോ ചോദിക്കാൻ തുനിഞ്ഞു. പിന്നെ പിൻവാങ്ങി. അയാൾ ഷൂസഴിച്ച് മാറ്റി ടാപ്പ് ഓൺ ചെയ്തു. കിണറിന്റെ ആഴങ്ങളിൽ നിന്നെത്തുന്ന തണുത്തവെള്ളമാണ്. അയാൾ കാലുകൾ വെള്ളത്തിലേക്കു നീട്ടിവച്ചു. പരിചിതമായ തണുപ്പും ഗന്ധങ്ങളും അയാളിലേക്ക് മെല്ലെ മെല്ലെ അരിച്ചു കയറി.

**ജയകുമാരവർമ്മ ആർ.കെ**
പത്തനംതിട്ട ജില്ലയിലെ .പന്തളത്ത് ജനനം. ജുഡീഷ്യറി വകുപ്പിൽ ഉദ്യോഗസ്ഥനായിരുന്നു.

**Your Auto & Home Policies with**

# KINGSTONE INSURANCE

Liberty Mutual INSURANCE

PROGRESSIVE

# AARP | United Health

AARP

United Healthcare

**All type of Medicare plans with**

## Life, Disability, Long Term Care withBlue Ocean Wealth Solutions Agent

Blue Ocean Wealth Solutions

A member of the MassMutual Financial Group

For More Information:
Cell: 1-516-312-2902



Philipose Samuel
(Sam)

**Financial Planner | Financial Service Representative | Financial Advisor**

Registered Representative
2200 Northern Blvd, Ste# 200 |
East Hills, NY 11548 Tel:1-516-326-7028
Fax: 1-516--326-7048 | Email: psamuel@financialguide.com



# ശതാഭിഷിക്തനായി ടി. എസ്. ചാക്കോ

◉ മീട്ടു റഹ്മത്ത് കലാം

എൺപത്തിയഞ്ചാം പിറന്നാൾ ആഘോഷിക്കുന്നയാൾ ആയിരം പൂർണചന്ദ്രന്മാരെ കണ്ടിരിക്കും എന്നാണ് കണക്കാക്കുന്നത്. ആ അർത്ഥത്തിൽ ശതാഭിഷിക്തനായ ടി.എസ്.ചാക്കോ എന്ന പത്തനംതിട്ടക്കാരന്റെ ജീവിതത്തെ അമേരിക്കയിൽ എത്തുന്നതിന് മുൻപും പിൻപും എന്ന് രണ്ടായി പകുത്താലും സംഭവബഹുലമാണ്. ശാരീരികമായ അസ്വസ്ഥതകൾ അവഗണിച്ച്, ആത്മകഥാരചനയുടെ പണിപ്പുരയിൽ കഴിയുന്ന അദ്ദേഹം ഇ-മലയാളി വായനക്കാരോട് അതിലെ ചില ഏടുകൾ പങ്കുവയ്ക്കുന്നു...

**അമേരിക്കയിൽ എത്തുന്നതിന് മുൻപുള്ള കാലഘട്ടം?**

ഞാനൊരു ഫാർമസിസ്റ്റായിരുന്നു. പഠിച്ചതൊക്കെ ആന്ധ്രായിലാണ്.കേരളത്തിൽ പലയിടത്തും ജോലി ചെയ്തു. ഫാർമസിയുടെ ക്ലാസും എടുത്തിരുന്നു.സർക്കാരിന് വേണ്ടി ആദ്യമായി ജോലി ചെയ്യുന്നത് ആലപ്പുഴ ജില്ലാ ആശുപത്രിയിലാണ്. മൂന്നുമാസങ്ങൾക്കുശേഷം വീടിനടുത്ത് തന്നെയുള്ള കല്ലൂപ്പാറയിലേക്ക് സ്ഥലംമാറ്റം കിട്ടി. ആശുപത്രി തുടങ്ങിയ സമയമാണ്, ആഴ്ചയിൽ രണ്ടുതവണയേ ഡോക്ടർ കാണൂ. ഞാനും രണ്ടുമൂന്ന് നഴ്സുമാരുമാണ് മരുന്ന് കൊടുത്തുകൊണ്ടിരുന്നത്. പിന്നീടാണ് വണ്ടിപ്പെരിയാർ, ഏലപ്പാറ, പീരുമേട് തുടങ്ങിയ ഇടങ്ങളിലുള്ള ട്രാവൻകൂർ ടീ എസ്റ്റേറ്റ് ലിമിറ്റഡ് കമ്പനിയിൽ അപ്പോത്തിക്കിരിയായി ജോലി കിട്ടുന്നത്. ബ്രിട്ടീഷുകാരാണ് അത് നടത്തിയിരുന്നത്. ഒരുലക്ഷത്തി അമ്പതിനായിരത്തോളം തൊഴിലാളികളും രണ്ടായിരം സ്റ്റാഫും ഉണ്ടായിരുന്നു. 18 വർഷം അവിടെ ജോലി ചെയ്തു. ദീർഘകാലം സ്റ്റാഫ് യൂണിയന്റെ പ്രസിഡന്റായും പ്രവർത്തിച്ചു.




**അക്കാലത്തെ മറക്കാൻ കഴിയാത്ത ഓർമ്മ?**

ശബരിമലയിലേക്ക് പോകുന്ന വഴിയിലാണ് എസ്റ്റേറ്റ്. പീരുമേട് അമ്പലത്തിൽ തൊഴുതിട്ടാണ് നാട്ടുരാജാക്കന്മാർ അയ്യപ്പനെക്കാണാൻ പോകു



ന്നത്.അവർക്ക് ബ്രിട്ടീഷുകാരുടെ വകയായൊരു സത്രം പണികഴിപ്പിച്ചിരുന്നു. ഇപ്പോഴും അതവിടെ യുണ്ട്. കാട്ടാനയുടെയോ മറ്റ് വന്യമൃഗങ്ങളുടെയോ ശല്യം ഉണ്ടാകാതിരിക്കാനുള്ള സുരക്ഷാക്രമീക രണങ്ങളും ഉണ്ട്. ബ്രിട്ടീഷുകാർ എസ്റ്റേറ്റ് തൊഴി ലാളികളോട് ഹീനമായാണ് പെരുമാറിയിരുന്നത്. സ്വതന്ത്ര ഭാരതമാണെന്ന് ഓർക്കണം. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചെങ്കിലും, അറുപതുകളിൽ ബ്രിട്ടീ ഷുകാർക്ക് പ്രത്യേക ആനുകൂല്യങ്ങൾ അവരോ ട് കൂറുള്ള നാട്ടുരാജാക്കന്മാർ നൽകിയിരുന്നു. കോടതിയിൽ മജിസ്ട്രേറ്റിനു മുൻ പിൽ അവർക്ക് നിൽക്കേണ്ടി യിരുന്നില്ല, കസേരയിട്ടിരിക്കാം. തോക്ക് കൈവശം വയ്ക്കാ നും വേട്ടയാടാനുമുള്ള അനുവാ ദവും ഉണ്ടായിരുന്നു. സായിപ്പ് തേങ്ങ എടുത്ത് മാങ്ങ ആണെ ന്ന് പറഞ്ഞാൽ, തലകുലുക്കി സമ്മതിക്കേണ്ട ഗതികേടായിരു ന്നു പാവം തൊഴിലാളികൾക്ക്. അതിന് ശിങ്കിടി പാടുന്ന ഒരു പാട് സ്റ്റാഫുണ്ടായിരുന്നു. പട്ടം താണുപിള്ളയുടെ കാലത്ത്, സ്വതന്ത്ര ഇന്ത്യയിലെ ബ്രിട്ടീ ഷ് ഭരണത്തെ എതിർത്ത്, സ്വന്തം അവകാശങ്ങൾ ക്കായി ശബ്ദം ഉയർത്തി തൊഴിലാളികൾ സമരം ചെയ്തപ്പോൾ അതിനെ ചെറുക്കാൻ സായിപ്പുമാർ നടത്തിയ വെടിവയ്പ്പ് ഞാൻ എസ്റ്റേറ്റിൽ ജോലി ചെയ്യുന്ന സമയത്താണ്. പശുപാറ വെടിവയ്പ്പെന്ന ആ ചരിത്രസംഭവത്തിന് സാക്ഷ്യം വഹിച്ച വിര ലിൽ എണ്ണാവുന്നത്ര പേരേ ഇന്ന് ജീവനോടെയു ള്ളൂ. ഈ അനീതിക്കെതിരെ ഞാൻ ഏഴ് ദിവസം നിരാഹാരസമരം കിടന്നു. ഇന്നത്തെപ്പോലെ പല ആളുകൾ മാറിമാറി ഇരിക്കുക അല്ല. അഞ്ചാമത്തെ ദിവസം അറസ്റ്റ് ചെയ്ത് ഡോക്ടർമാർ വന്ന് പരി ശോധിക്കുമ്പോൾ തളർന്ന് അവശനിലയിലായിരു ന്നു ഞാൻ. അപ്പോഴും, മുന്നോട്ട് വച്ച ഡിമാൻഡ് അംഗീകരിക്കുംവരെ ജലപാനം നടത്താൻ തയ്യാ റായില്ല. വേതനവ്യവസ്ഥകൾ പാലിക്കുക എന്നു ള്ളതായിരുന്നു പ്രധാന ആവശ്യം. പിന്നെയും വർഷങ്ങൾക്ക് ശേഷം, ഇന്ദിരാ ഗാന്ധി തോട്ടങ്ങൾ നാഷണലൈസ് ചെയ്തതിനെത്തുടർന്ന് ഗത്യന്ത രമില്ലാതെയാണ് സായിപ്പുമാർ ഒഴിഞ്ഞ് പോകാൻ തയ്യാറായത്.



വണ്ടിപ്പെരിയാർ കേരളത്തി ലാണെങ്കിലും അവിടെ കൂടുത ലും തമിഴരാണ്. തേക്കടി ഡാം പൊളിച്ചുപണിയാൻ തമിഴർ സമ്മതിക്കാതിരുന്നപ്പോൾ, അതിനെ എതിർത്ത് സമരം നട ത്താൻ നേതൃത്വം വഹിച്ചതാണ് മറ്റൊരു പ്രധാന ഓർമ്മ.

**അമേരിക്കൻ കുടിയേറ്റം?**

ജ്യേഷ്ഠന്റെ ഭാര്യ അമേ രിക്കയിൽ നഴ്സായിരുന്നു. അന്നൊക്കെ മൂന്ന് വർഷം ജോലി ചെയ്താൽ അമേരിക്കൻ പൗരത്വം കിട്ടും. ജ്യേഷ്ഠൻ ഇവിടെ വന്ന് പൗരത്വം നേടിയ ശേഷം, ഞങ്ങൾ സഹോദര ങ്ങൾക്ക് ഓരോരുത്തർക്കായി വിസ തരപ്പെടുത്തി തന്നു. ഇന്ത്യയിൽ ഫാർമസിസ്റ്റ് ജോലി ചെയ്ത പ്രവൃത്തിപരിചയം വച്ച് 82 കാലഘട്ടത്തിൽ അമേ രിക്കയിൽ ജോലി ലഭിക്കുമായിരുന്നില്ല. നഴ്സിംഗ് ഒഴികെ ഏതു തൊഴിലായാലും അവിടെ തന്നെ പ ഠിക്കണമെന്നായിരുന്നു നിയമം. കിട്ടുന്ന ജോലി ചെയ്യാൻ തയ്യാറായിരുന്നു. അങ്ങനെയൊരു കാർ കമ്പനിയിൽ മാനേജരായി.

ഞാനിരുന്ന കമ്പനിയിൽ ഒരുപാട് മലയാളി കൾക്ക് ജോലി തരപ്പെടുത്തി കൊടുക്കുകയും ചെ യ്തു.




**അമേരിക്കയിലെ ആദ്യകാല ഓർമ്മ?**

ഇന്ത്യക്കാർ വിവേചനം നേരിട്ടിരുന്ന കാലത്താണ് എനിക്ക് പൗരത്വം ലഭിക്കുന്നത്. മുഖ്യധാരാരാഷ്ട്രീയത്തിലേക്ക് നമ്മളിൽ പെട്ടവർ കടന്നുവരണമെന്നും ഇന്ത്യക്കാർ സംഘടിക്കണമെന്നും അന്നേ ഞാൻ പറയുമായിരുന്നു. നഴ്സിങ് പഠിക്കുന്നവർ മാത്രമല്ല, നിയമം പഠിക്കുന്നവരും നമുക്കിടയിൽ നിന്ന് ധാരാളം ഉണ്ടാകണം.

കേരള കൾച്ചറൽ ഫോറം ഓഫ് ന്യൂജേഴ്സി എന്ന സംഘടന രൂപീകരിച്ചു. നമ്മുടെ സംസ്കാരവും ഭാഷയും മുറുകെപ്പിടിക്കുകയായിരുന്നു ലക്ഷ്യം. ഓണാഘോഷമൊക്കെ അടുത്ത തലമുറയ്ക്കും പകർന്നു കൊടുത്തു. മലയാള ഭാഷ പഠിപ്പിക്കുന്ന സ്കൂൾ തുടങ്ങി. കലയെയും പ്രോത്സാഹിപ്പിച്ചു.നൃത്ത പാഠശാലയ്ക്കും ആരംഭം കുറിച്ചു. ഞാനും വർഗീസ് പ്ലാമൂട്ടിലും ചേർന്ന് മലയാള നാട് എന്നൊരു പത്രവും തുടങ്ങി. ജോൺ എബ്രഹാം എന്ന തിരുവനന്തപുരംകാരനെ മേയർ സ്ഥാനത്ത് മത്സരിപ്പിച്ചതും ജയിക്കാൻ പിന്തുണച്ചതും നല്ലൊരു ഓർമ്മയാണ്.

**ഇരട്ടപൗരത്വത്തിന് വേണ്ടി പ്രവർത്തിച്ചിരുന്നല്ലോ?**

യഹൂദന്മാർക്ക് മാത്രം ഇരട്ടപൗരത്വം നൽകുന്ന പ്രവണത അമേരിക്കയിൽ കണ്ടപ്പോഴാണ് നമ്മളിലേക്ക് ചിന്തിച്ചത്. അഞ്ച് വർഷം അമേരിക്കയിൽ കഴിയുന്ന ഏത് യഹൂദനും ഇരട്ടപൗരത്വം ലഭിക്കും. അവർക്ക് ഇസ്രയേലിലും അമേരിക്കയിലും വോട്ട് ചെയ്യാം. ഈ അവകാശം ഇന്ത്യക്കാർക്ക് എന്തുകൊണ്ട് ലഭിക്കുന്നില്ല എന്നത് ശരിക്കും ചിന്തിക്കേണ്ട കാര്യമാണ്. ഇന്ത്യയെ സംബന്ധിച്ച് അമേരിക്കയിൽ മാത്രമല്ല, മലേഷ്യയിലും സിംഗപ്പൂരിലും എല്ലാം ധാരാളം പ്രവാസികളുണ്ട്. എല്ലാവരും തിരിച്ചുവന്നാൽ രാജ്യത്തിനത് താങ്ങാൻ കഴിയില്ലെന്നായിരുന്നു ഇതിനായി ഞാൻ സമീപിച്ചപ്പോൾ നമ്മുടെ നാട്ടിൽ നിന്ന് ലഭിച്ച മറുപടി. പിന്മാറാതെ ഒരുപാട് വാതിലുകൾ മുട്ടി. കെ.ആർ. നാരായണൻ പ്രസിഡന്റായിരുന്ന സമയത്ത് ഇരട്ടപൗരത്വം കൊണ്ട് ഇന്ത്യയ്ക്ക് ഉണ്ടാകുന്ന നേട്ടങ്ങൾ ധരിപ്പിച്ചു. അതിന്റെ ഫലമായാണ് ഒസിഐ(ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ) കാർഡ് ലഭിച്ചത്. ആദ്യകാലത്ത് അപേക്ഷിച്ചതുകൊണ്ട്, എന്റെ പാസ്പോർട്ടിൽ  ലൈഫ് ലോങ്ങ് എന്ന് സ്റ്റാമ്പ് ചെയ്തുതന്നിട്ടുണ്ട്.എത്ര നാൾ വേണമെങ്കിലും ഇന്ത്യയിൽ തങ്ങാമെന്നു സാരം. അമേരിക്കൻ പൗരത്വം നേടിയ മറ്റുള്ളവർക്ക് 180 ദിവസമേ തുടർച്ചയായി ഇന്ത്യയിൽ തങ്ങാൻ കഴിയൂ. എന്നാൽ, അമേരിക്കയിൽ മാത്രമേ വോട്ട് ചെയ്യാൻ ഒക്കൂ. ഇന്ത്യയിൽ സ്വത്ത് സമ്പാദിക്കാമെങ്കിലും 120 ഏക്കറിൽ കൂടുതൽ സ്ഥലം വാങ്ങാൻ കഴിയില്ല എന്നതാണ് സാധാരണ പൗരന്മാരെ അപേക്ഷിച്ചുള്ള വ്യത്യാസം.

**ഫൊക്കാനയുമായും എഎപിഐ-യുമായുള്ള ബന്ധം?**

നിരവധി മലയാളി സംഘടനകൾ അമേരിക്കയിൽ രൂപംകൊണ്ടതോടെ ഇവയെ ഒരുകുടക്കീഴിൽ കൊണ്ടുവരണമെന്ന ആലോചനയായി. സംഘടനകളുടെ സംഘടന എന്ന ആശയമാണ് ഫൊക്കാന (ഫെഡറേഷൻ ഓഫ് കേരള അസ്സോസിയേഷൻസ് ഓഫ് നോർത്ത് അമേരിക്ക )യുടെ രൂപീകരണത്തിലേക്ക് നയിച്ചത്. ഫൊക്കാനയ്ക്ക് വേണ്ടി ഇ.കെ.നായനാർ,  ഉമ്മൻ ചാണ്ടി,വി.എസ്.അച്യുതാനന്ദൻ, രമേശ് ചെന്നിത്തല,ശിവകുമാർ,സുഗതകുമാരി,മോഹൻലാൽ തുടങ്ങി പലരെയും അമേരിക്കയിൽ കൊണ്ടുവന്നത് ഞാനാണ്.

അഭിപ്രായ വ്യത്യാസങ്ങളെത്തുടർന്ന് ഫൊക്കാനയിൽ നിന്ന് ചിലർ പിണങ്ങി, ഫോമാ എന്ന സംഘടന തുടങ്ങിയപ്പോഴും ഞാൻ ഫൊക്കാനയിൽ തന്നെ തുടർന്നു. ഇരുകൂട്ടർക്കും എന്നോട് നീരസമില്ല. ചേർന്ന് പ്രവർത്തിക്കുന്നത് കാണാനാണ് ഇഷ്ടം. ഒന്നിച്ചുനിന്നാൽ അമേരിക്കൻ മലയാളികൾ വലിയൊരു ശക്തിയാണ്. ഭരണാധികാരികൾ ആദ്യ




കാലത്തൊന്നും നമ്മൾ ക്ഷണിച്ചാൽ പരിപാടികളിൽ പങ്കെടുക്കുമായിരുന്നില്ല. ഇപ്പോൾ മലയാളികൾ വിളിച്ചാൽ, ഗവർണർ അടക്കമുള്ളവർ പാഞ്ഞുവരും. നമ്മൾ ശക്തിപ്പെട്ടപ്പോൾ അവർക്കും നമ്മെ ചേർത്തുനിൽക്കുന്നത് ഗുണകരമാണെന്ന് ബോധ്യമുണ്ട്. പരസ്പര ഭിന്നതയുടെ ആശക്തി ഇല്ലാതാക്കരുത്.

ഏഷ്യൻ അമേരിക്കൻ പസിഫിക് ഐലൻഡേർസ് (എഎപിഐ) മെയ് 25 ന് പതിവായി നടത്തുന്ന പരിപാടിയിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് പോയപ്പോൾ എനിക്ക് അവാർഡ് കിട്ടിയിട്ടുണ്ട്. നിയമങ്ങൾ പാലിക്കുന്നതിൽ നമ്മൾ പുലർത്തുന്ന ജാഗ്രതയ്ക്കായിരുന്നു അംഗീകാരം. നമ്മുടെ സംഘടനകൾ പകർന്നുകൊടുക്കുന്ന സംസ്കാരവും സ്വഭാവമൂല്യങ്ങളുമാണ് ഇതിന് കാരണമെന്നും അവർ വിലയിരുത്തി.

**കുടുംബം?**

കോട്ടയത്ത് ജസ്റ്റിസ് കെ.ടി.തോമസിന്റെ കുടുംബത്തിൽപ്പെട്ട ചേച്ചമ്മ ചാക്കോയെയാണ് (ലീലാമ്മ) ഞാൻ വിവാഹം കഴിച്ചത്. അധ്യാപികയായിരുന്നു, കല്യാണത്തിന് ശേഷം ജോലിക്ക് പോയിരുന്നില്ല. കാൻസർ ബാധിച്ച് 8 വർഷം മുൻപാണ് മരണപ്പെട്ടത്. മൂന്ന് മക്കളും കുടുംബസമേതം അമേരിക്കയിലാണ്. മൂത്തമകൻ സക്കറിയ ജേക്കബ് കാലിഫോർണിയയിൽ യുദ്ധവിമാനത്തിന്റെ ക്വാളിറ്റി കണ്ട്രോൾ ഇൻസ്പെക്ടറാണ്. രണ്ടാമത്തെ മകൻ നൈനാൻ ജേക്കബ് ന്യൂജേഴ്സിയിലാണ്. റെയിൽവേ ഉദ്യോഗസ്ഥർക്ക് ട്രെയിനിങ് കൊടുക്കുന്ന ജോലിയാണ്. ഇളയയാൾ വർഗീസ് ജേക്കബ് ന്യൂയോർക്കിൽ അസിസ്റ്റന്റ് ഡയറക്ടർ ജനറലാണ്. നാലായിരം ബസുകളുടെ കാര്യം നോക്കുന്ന ചുമതലയാണ്.

**വിശ്രമജീവിതം ?**

കഴിഞ്ഞ മാസം 85 വയസ്സ് തികഞ്ഞു. ആയിരം പൂർണചന്ദ്രന്മാരെ കണ്ടു. രണ്ടു പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്. കേരളത്തിലെ സാമൂഹിക പ്രശ്നങ്ങളെക്കുറിച്ച് 'സമകാലിക സമസ്യകൾ' എന്ന പേരിലെഴുതിയ പുസ്തകം ഏറെ ശ്രദ്ധിക്കപ്പെട്ടു. മാർ ക്രിസോസ്റ്റം തിരുമേനിയെക്കുറിച്ചെഴുതിയ 'ചിരിയുടെ സ്നേഹതീരമാണ്' മറ്റൊന്ന്. മന്ത്രിമാരും എംഎൽഎ മാരും ബിഷപ്പുമാരും അതിൽ ആശംസ എഴുതിയിട്ടുണ്ട്. കഴിഞ്ഞ വർഷം മാർ ത്തോമാ സഭയിലെ ബിഷപ്പാണ് പുസ്തകം പ്രകാശനം ചെയ്തത്. ആദ്യ പതിപ്പ് തീർന്നു. രണ്ടാമത്തെ പതിപ്പ് ഉടൻ ഇറങ്ങും. എന്റെ ജീവചരിത്രം എഴുതണമെന്ന് ക്രിസോസ്റ്റം തിരുമേനി മരിക്കും മുൻപ് നിർബന്ധിച്ചിരുന്നു. പകുതിയോളം എഴുതി. 'ഒരു സാധാരണക്കാരന്റെ ജീവചരിത്രം' എന്നാണ് പേര്. ആഴ്ചയിൽ മൂന്ന് ഡയാലിസിസ് നടത്തുന്നുണ്ട്.ചിലപ്പോൾ ക്ഷീണം തോന്നുമെങ്കിലും, പുസ്തകം പൂർത്തീകരിക്കണമെന്ന് ആഗ്രഹമുണ്ട്. പ്രായമായെന്ന് കരുതി വിശ്രമിക്കാൻ എനിക്ക് ഇഷ്ടമല്ല.





# ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്ത: ഒരു ഓർമ്മ

**(ടി.എസ്. ചാക്കോ-2021)**



രണ്ട് നൂറ്റാണ്ടിലെ ജനസമൂഹത്തെ ചിരിക്കാനും ചിന്തിക്കാനും പഠിപ്പിച്ച ആത്മീയ പിതാവായിരുന്നു ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്ത. ഇത്രയും ജനകീയനായ ഒരു ക്രൈസ്തവസഭാ മേലദ്ധ്യക്ഷനും ഉണ്ടായിട്ടില്ലെന്ന് താനെന്ന പറയാം.

തിരുമേനിയുടെ ആത്മീയ ചൈതന്യം അടുത്തു അറിയുവാനും അനുഭവിക്കാനും ഭാഗ്യം ലഭിച്ചവരിൽ ഒരാളാണ് ഞാനും. ഏഴ് പതിറ്റാണ്ട് കാലത്തെ സഹോദര തുല്യമായ സുഹൃദ്ബന്ധമാണ് ഞങ്ങൾ തമ്മിൽ ഉണ്ടായിരുന്നത്.

ഞാൻ സണ്ടേ സ്ക്കൂളിൽ പഠിക്കുമ്പോൾ മുതൽ ആ ബന്ധം തുടങ്ങി. ഞങ്ങളുടെ ഇടയിൽ സ്വഭാവം കൊണ്ടും പെരുമാറ്റം കൊണ്ടും ഏറെ വ്യത്യസ്തനായിരുന്നു തിരുമേനി. അതുകൊണ്ടാണ് 'ധർമ്മിഷ്ഠൻ അച്ചായൻ' എന്ന പേരിൽ ഞങ്ങൾ അദ്ദേഹത്തെ വിളിച്ചിരുന്നത്. ഞങ്ങൾ ഇരവിപേരൂർ ഇമ്മാനുവേൽ മാർത്തോമ്മ പള്ളിക്കാരായിരുന്നു. തിരുമേനിയുടെ പിതാവ് റവ. കെ.ഇ. ഉമ്മൻ അച്ചൻ അവിടെ ഇരുപത്താറ് വർഷകാലത്തോളം പള്ളിവികാരിയായിരുന്നു. ആദ്യത്തെ വികാരി ജനറൽ ആയിരുന്നു അച്ചന്റെ ജേഷ്ഠൻ കെ.ഇ. ജേക്കബ് കലമണ്ണിൽ വട്ടക്കോൽ വല്ല്യച്ചൻ.

മാർത്തോമ്മ സഭയുടെ ആരംഭത്തിൽ അടങ്ങപ്പുറത്ത് മൽപ്പാൻ അച്ചൻ തുടങ്ങിയ പാരമ്പര്യം വലിയ തിരുമേനിക്കുണ്ട്. ചെറുപ്രായം മുതൽ കുട്ടികളെ സംഘടിപ്പിച്ച് സാമൂഹ്യ സേവനം നടത്താനും ജനോപകാരപ്രദമായ കാര്യങ്ങൾ ചെയ്യാനും പ്രേരിപ്പിച്ച് ധർമ്മഷ്ഠൻ അച്ചായനും സഹോദരനായ തമ്പിച്ചായനും ഞങ്ങൾക്ക് മുന്നിൽ ഉണ്ടായിരുന്നു.

ധർമ്മഷ്ഠൻ അച്ചായൻ, ധർമ്മിഷ്ഠൻ അച്ചൻ, തിരുമേനിയാകുമ്പോഴും അമേരിക്കൻ ഭദ്രാസന ചുമതല വഹിച്ചപ്പോഴും സഫ്രഗൻ മെത്രാപ്പോലീത്താ, മാർത്തോമ്മ സഭ പരാമാദ്ധ്യക്ഷൻ, പിന്നെ വലിയ തിരുമേനി എന്നീ നിലകളിൽ എത്തിയപ്പോഴും ഞാൻ ഫോണിൽ വിളിച്ചാൽ യാക്കോൻ എവിടെയാണ് എന്നായിരുന്നു ആദ്യ ചോദ്യം. കാലം ചെയ്യുന്നതിന് ഏതാനും ആഴ്ചകൾ മുമ്പ് വരെ അത് തുടർന്നു.

മാരാമൺ കൺവൻഷൻ ഞങ്ങളുടെ ജീവിതത്തെ രൂപാന്തരപ്പെടുത്തുന്നതിന് വലിയ പങ്കു വഹിച്ചിട്ടുണ്ട്. അതിൽ പങ്കെടുക്കുന്ന ജനങ്ങളുടെ മനസ്സിൽ വലിയ തിരുമേനിയുടെ പ്രസംഗവും ഉപദേശവും എന്നും പച്ച പിടിച്ച് നിന്നു.

ഞാൻ അമേരിക്കയിൽ വന്നതിന് ശേഷവും ആണ്ടുതോറും ഫെബ്രുവരിയിൽ നടക്കുന്ന കൺവൻഷനിൽ പങ്കെടുക്കാൻ നാട്ടിലേക്ക് പോകുക പതിവായിരുന്നു. കുറഞ്ഞ പക്ഷം വലിയ തിരുമേനിയുടെ അറുപത് വർഷത്തെ പ്രസംഗം മുടങ്ങാതെ കേൾക്കുവാൻ ദൈവം എനിക്കും അനുഗ്രഹം തന്നിട്ടുണ്ട്. കോവിഡ് 19 മൂലം കഴിഞ്ഞ വർഷത്തെ കൺവൻഷനിൽ എനിക്ക് പങ്കെടുക്കുവാൻ സാധിച്ചില്ല.

എത്ര തിരക്കാണെങ്കിലും എന്നെ കാണുമ്പോൾ കുശല പ്രശ്നം ചോദിക്കാനും തിരുമേനി മറന്നിരുന്നില്ല.





മാരാമൺ പന്തലിൽ വിഐപികൾക്കുള്ള സീറ്റിൽ എനിക്കും ഇരിപ്പിടം തന്നിരുന്നു. ആയതിന് കാലം ചെയ്ത രണ്ട് മെത്രാപ്പോലീത്താമാരോടും ഉള്ള കടപ്പാട് നന്ദി പുരസരം സ്മരിക്കുന്നു.

ക്രൈസ്തവ സമൂഹത്തിന്റെ ദൈവത്തിലുള്ള വിശ്വാസവും ആശ്രയവും അരക്കിട്ട് ഉറപ്പിച്ച ഒരു വലിയ പിതാവിനെയാണ് നമുക്ക് നഷ്ടമായത്.

ഞാൻ അമേരിക്കയിലെ ടീനെക്ക് സെന്റ് പീറ്റേഴേസ് മാർത്തോമ്മ ചർച്ചിൽ സഭാ മണ്ഡലം മെമ്പറായി പ്രവർത്തിച്ചകാലം. അമേരിക്കയിലെ പ്രത്യേകിച്ചും ന്യൂജേഴ്‌സി മലയാളികളുടെ ഇടയിൽ നടത്തിയ സാമൂഹ്യ പ്രവർത്തനത്തിന് അവാർഡുകൾ ലഭിക്കുകയുണ്ടായി. അതറിഞ്ഞ തിരുമേനി മാർത്തോമ്മ സഭാ കൗൺസിൽ കൂടി തിരുമേനിയും കാലം ചെയ്ത ജോസഫ് മാർത്തോമ്മയും ചേർന്ന് എന്നെ പൊന്നാട അണിയിച്ചു. കൂടാതെ ഏറ്റവും നല്ല ഭർത്താവിനുള്ള ആദരവും അംഗീകാരവും നൽകി എന്നെ ആദരിച്ചിട്ടുണ്ട് ഇത് എപ്പോഴും സ്മരണയിൽ മരിക്കാതെ ഉദിച്ചു വരുന്ന സംഭവമാണ്.

ഞാൻ ആദ്യമായി എഴുതിയ ഒരു ചെറിയ പുസ്തകമാണ് 'സമകാലികസമസ്യകൾ' അതിന്റെ പ്രകാശകർമ്മം നടത്തുന്നതിന് തിരുമനസ് തിരുവല്ലാ എസ്.സി.എസിലുള്ള പുലാത്തിൻ പഴയ അരമനയിലെ കോൺഫ്രൻസ് ഹാൾ അനുവദിക്കുകയും, തിരുമേനി അതിന്റെ ആദ്യ കോപ്പി കാലം ചെയ്ത ജോസഫ് മാർത്തോമ്മയ്ക്ക് നൽകി പ്രകാശകർമ്മം നതുകയും ചെയ്ത മുഹൂർത്തം എങ്ങനെ മറക്കും. സമൂഹത്തിലെ പ്രമുഖർ അടങ്ങിയ നിറഞ്ഞ സദസ് ആയിരുന്നു.

ഇരുപത് വർഷം മുമ്പ് മാരാമൺ കൺവൻഷനിൽ പങ്കെടുക്കുവാൻ ഞാൻ ചെന്നപ്പോൾ തിരുമേനി എന്നോട് ഒരു സുപ്രധാന കാര്യം നിർദ്ദേശിച്ചു. അമേരിക്കൻ ഭദ്രാസനത്തിൽ സേവനം അനുഷ്ഠിച്ചിട്ടുള്ള ഭദ്രാസന മെത്രാൻമാർ, മുതിർന്ന വൈദികർ, സഭാ കൗൺസിൽ മെംമ്പർമാർ തുടങ്ങി കൺവൻഷനിൽ പങ്കെടുക്കുന്നവരെ വിളിച്ച് ഒരു സമ്മേളനം നടത്തണം. ആ ചുമതല ചാക്കോച്ചനെ ഏൽപിക്കുന്നു. അതിന് അനുയോജ്യമായ സ്ഥലം ചാക്കോച്ചന്റെ ഇരവിപേരൂർ വട്ടക്കോയിലുള്ള ഭവനം തന്നെ ആകട്ടെ-തിരുമേനി പറഞ്ഞു.

ഈ ഒത്തുകൂടൽ കൺവൻഷന് തലേദിവസം ശനിയാഴ്ച വൈകുന്നേരം 5 മണി മുതൽ 8 വരെ ആകട്ടെഎന്നും തിരുമേനി നിർദേശിച്ചു. 'കൺവൻഷൻ കഴിഞ്ഞാൽ പിന്നെ ആരെയും കിട്ടില്ല. ശനിയാഴ്ച ആണെങ്കിൽ എല്ലാവർക്കും സൗകര്യം ആയിരിക്കും.'

തിരുമേനിയുടെ നിർദ്ദേശപ്രകാരം 2002 ഫെബ്രുവരി പതിമൂന്നാം തീയ്യതി ശനിയാഴ്ച 5 മണിക്ക് ആദ്യത്തെ സമ്മേളനം തിരുമേനിയുടെ തന്നെ അദ്ധ്യക്ഷതയിൽ പ്രാർത്ഥനയോടെ ആരംഭിച്ചു. മുടങ്ങാതെ 18 വർഷം അത് തുടർന്നു. കഴിഞ്ഞ വർഷം കൊറോണ മൂലം നടക്കാതെ പോയി.

എല്ലാ സമ്മേളനത്തിലും വല്യതിരുമേനി, കാലം ചെയ്ത ജോസഫ് മാർത്തോമ്മ, കാലം ചെയ്ത സഖറിയാ മാർ തിയോഫിലോസ്, സഫ്രഗൻ മാർത്തോമ്മാ, ഏബ്രഹാം മാർ പൗലോസ്, ഐസക് മാർ ഫിലക്സിനോസ് , തുടങ്ങി മിക്ക തിരുമേനിമാരും ക്നാനായ ഓർത്തഡോക്സ് സഭയിലെ തിരുമേനി, മറ്റു സഭകളിലെ തിരുമേനിമാർ എന്നിവർ പങ്കെടുത്തു. അതിനു പുറമെ മന്ത്രിമാർ, എം.പി.മാർ , എം.എൽ.എ.മാർ, മാരാമൺ കൺവൻഷന് വേണ്ടി പ്രവർത്തിക്കുന്ന പത്തനംതിട്ട ജില്ലാ കളക്ടർ, പോലീസ് എസ്.പി., ഹെൽത്ത് ഡിപ്പാർട്ട്മെന്റ് മേധാവികൾ, സഭാ സെക്രട്ടറി, സുവിശേഷ സംഘം സെക്രട്ടറി, സഭ ട്രസ്റ്റി തുടങ്ങിയവരും പങ്കെടുത്തു വന്നിരുന്നു.

ആന്റോ ആന്റണി എം.പി., രാജു അബ്രഹാം, എം.എൽ.എ. പ്രൊഫ.പി.ജെ.കുര്യൻ, എം.പി., മനോരമ എഡിറ്റോറിയൽ ഡയറക്ടറായിരുന്ന തോമസ് ജേക്കബ്, റെജി ലൂക്കോസ്, തുടങ്ങിയവർ മുടങ്ങാതെ സംബന്ധിച്ചിരുന്നു. ജോർജ് മാമ്മൻ

കൊണ്ടൂർ, കോൺഗ്രസ് നേതാവ് താന്നിക്കൽ, സുനിൽ മറ്റത്ത്, തുടങ്ങിയവർ ഇതിന് നേതൃത്വം നൽകി സഹായിച്ചിരുന്നു.

ബാലചന്ദ്രൻ (തഹസിൽദാർ) അമേരിക്കയിൽ നിന്നും ടി.എം. സാമുവേൽ (അനിയൻ) മോനി ദമ്പതികൾ, കോശി കുരുവിള, രാജമ്മ ദമ്പതികൾ , സാമുവേൽകുട്ടി പള്ളന്താനം, വർക്കി ഏബ്രഹാം, ഏബ്രാഹം വർഗീസ്, ജോർജ് ഉമ്മൻ, സാബു ചക്കുംമൂട്ടിൽ, അനിയൻ തറുവേലിമണ്ണിൽ, ബേബി ക്കുട്ടി വട്ടം പറമ്പിൽ, സിമി ബാലചന്ദ്രൻ, തുടങ്ങി യവരും പങ്കെടുത്തു വന്നു. ഫൊക്കാനയെ പ്രതിനി ധീകരിച്ച് പോൾ കറുകപ്പള്ളിൽ, മിക്കവാറും എല്ലാ സമ്മേളനത്തിലും പങ്കെടുത്തിരുന്നു.

തിരുമേനി നാട്ടിലും അമേരിക്കയിലുമായി പല കൺവൻഷനിലും പ്രസംഗിച്ചതു നന്ദിപൂർവം ഓർ ക്കുന്നു. ഫൊക്കാനയുടെ 'ഭാഷയ്ക്കൊരു ഡോളർ', ഗ്രാമസംഗമം, നഗരസംഗമം, മതസൗഹാർദ്ദസമ്മേള നം എന്നിവയൊക്കെ തിരുമേനിയുടെ പ്രശംസ പിടിച്ചു പറ്റിയിട്ടുണ്ട്.

എന്റെ ഭവനത്തിലെ സമ്മേളനത്തിലെ സ്നേഹ വിരുന്നതിനും ചില ചട്ടങ്ങൾ തിരുമേ നി നിർദേശിച്ചിരുന്നു. എല്ലാ നാടൻ വിഭവങ്ങൾ. നാടൻ പച്ചക്കറികളും, നാടൻ പഴവർഗ്ഗങ്ങളും , മത്സ്യമാംസാദികൾ എല്ലാം നാടൻ, നാടൻ കോഴി, നാടൻ ആട്, മാട്, ആറ്റവാള അടങ്ങിയ ആറ് മത്സ്യ ങ്ങൾ. അതിന് ശേഷം ഒരു കേയ്ക്ക് മുറിക്കൽ. വലിയ തിരുമേനി മുറിച്ച് കാലം ചെയ്ത ജോസഫ് മെത്രാപ്പോലീത്തക്കും സംബന്ധിക്കുന്ന എല്ലാ തിരുമേനിമാർക്കും സ്വന്തം കൈകൊണ്ട് വായിൽ വച്ച് കൊടുത്തു. തിരുമേനിമാർ വലിയ തിരുമേനി ക്കും കൊടുക്കും. അതിന് ശേഷം എനിക്കും ഭാര്യ ക്കും (എന്റെ ഭാര്യ മരിക്കുന്നതിന് മുമ്പ്.)

അവസാനമായി ഫെബ്രുവരി പതിമൂന്നാം തീയ തി, എന്റെ ഭാര്യ ലിസാമ്മക്ക് വലിയ തിരുമേനി കേ യ്ക്ക് മുറിച്ചു സ്വന്തം കൈകൊണ്ട് വായിൽ വച്ച് കൊടുത്ത രംഗം എങ്ങനെ മറക്കും? ഇന്നും ആ രംഗത്തിന്റെ ഫോട്ടോ എന്റെ വീടിന്റെ ഭിത്തിയിൽ ഉണ്ട്. അതിന് ശേഷം ഞാനുൾപ്പെടെ സംബന്ധിച്ച എല്ലാവർക്കും തിരുമേനി തന്നെ കേയ്ക്ക് നല്കുക പതിവായിരുന്നു. ആ മഹാത്മാവാണ് എല്ലാം വിട്ടിട്ട് നിത്യതയിൽ പ്രവേശിച്ചിരിക്കുന്നത്.

2018 മാർച്ച് മാസം പതിനെട്ടാം തീയതി ഞാൻ ഫെലോഷിപ്പ് ഹോസ്പിറ്റലിൽ തിരുമേനിയുടെ കിടക്കക്കരികിൽ ചെന്ന് ഞാൻ നാളെ അമേരി ക്കയിലേക്ക് തിരിച്ചു പോകുയാണെന്ന് പറഞ്ഞു. അപ്പോൾ തിരുമേനിയുടെ വിറക്കുന്ന കൈ എന്നി ലേക്ക് നീട്ടി അതു ഞാൻ ഞാൻ കാണുമ്പോ ഴൊക്കെ തിരുമ്മി കൊടുക്കുക പതിവായിരുന്നു:



'തിരുമേനി'. ചാക്കോൻ ഇനിയും വരുമ്പോൾ 'എന്നെ' കാണുകയില്ല എന്നു പറഞ്ഞു കേട്ട ഞാൻ പൊട്ടിക്കരഞ്ഞു. എന്നെ കെട്ടിപിടിച്ച് തിരു മേനി അനുഗ്രഹിച്ചു. ഞാൻ നിറഞ്ഞ കണ്ണുകളോ ടെ വിടവാങ്ങി.

നേരേ പോയത് മാർത്തോമ്മ സഭാ മെത്രാപ്പോ ലീത്ത ജോസഫ് മാർത്തോമ്മ തിരുമേനിയുടെ പുലാത്തിൻ അരമനയിലേക്ക്. അവിടെ ചെന്ന പ്പോൾ തിരുമേനി വിശ്രമിക്കുന്നു. കിടക്കകരികിൽ ഞാൻ ചെന്ന് നിന്ന ഉടൻ തന്നെ ഞാൻ കരയാൻ തുടങ്ങി. മെത്രാപോലീത്ത കാര്യം അന്വേഷിച്ചു. ഞാൻ വലിയ തിരുമേനിയെ കണ്ട് യാത്ര ചോ ദിക്കാൻ ചെന്നപ്പോൾ ചാക്കോച്ചൻ ഇനി വരു മ്പോൾ വലിയ തിരുമേനിയെ കാണില്ല എന്നു പറഞ്ഞ രംഗം വിവരിച്ചു. ജോസഫ് മാർത്തോമ്മ മെത്രാപ്പോലീത്തയുടെ മറുപടി. ചാക്കോച്ചൻ ഇനി യും വരും വലിയ തിരുമേനിയെ അന്നും കാണും.

സംഭവിച്ചതു മറ്റൊന്ന്. ഇത് പറഞ്ഞു എന്നെ ആശ്വസിപ്പിച്ച ജോസഫ് മാർത്തോമ്മ ആദ്യം ലോ കത്തോട് യാത്ര പറഞ്ഞു. തുടർന്ന് വലിയ തിരുമേ നിയും നിത്യതയിൽ പ്രവേശിച്ചു. രണ്ട് പേർക്കും വേണ്ടിയും ഞാൻ കണ്ണീരോടെ പ്രാർത്ഥിക്കുമായി രുന്നു.

വിവരിക്കാൻ വാക്കുകൾ പോരാ. കരയുവാൻ കണ്ണുനീർ പോരാ. കണ്ണുനീരിൽ കുതിർന്ന പ്രണാ മം. അന്ത്യാഞ്ജലിയോടെ പ്രണാമം.

എന്റെ മൂന്ന് മക്കളുടെയും വിവാഹം തിരുമേനി യാണ് നടത്തി അനുഗ്രഹിച്ചത്. എന്റെ രണ്ടാമത്തെ മകൻ ജേക്കബ് നൈനാൻ, ലെജിമോന്റെ ഭാര്യ റോണാ മോൾ എന്നിവർ കഴിഞ്ഞ ഏപ്രിൽ പതി നെട്ടാം തീയതി കുമ്പനാട് ഫെലോഷിപ്പ് ആശുപ ത്രിയിൽ ചെന്നു തിരുമേനിയെ കണ്ടിരുന്നു. അമേ രിക്കയിൽ നിന്നുള്ളവരിൽ അവസാനമായി കണ്ടത് ഇവർ എന്നും മനസിലാക്കുന്നു.




# സുഗതകുമാരി, ഒരു ഓർമ്മക്കുറിപ്പ്

**(ടി.എസ്. ചാക്കോ, ന്യൂ ജേഴ്സി–2020)**

അന്തരിച്ച മലയാളത്തിന്റെ പ്രിയങ്കരിയായ കവയിത്രി സുഗതകുമാരിയുടെ വിയോഗം മലയാള സാഹിത്യത്തിന് ഉണ്ടാക്കിയ നഷ്ടം വാക്കുകളിൽ ഒതുക്കാവുന്നതല്ല. കവയിത്രി എന്നതുപോലെ തന്നെ അധ്യാപിക, ജീവകാരുണ്യ പ്രവർത്തക എന്നീ നിലകളിലും കേരളത്തിന്റെ സമഗ്രമായ പുരോഗതിക്കുവേണ്ടി പ്രവർത്തിച്ചിരുന്ന സ്ത്രീ രത്നമായിരുന്നു, സുഗതകുമാരി.

സുഗതകുമാരി അമേരിക്കയിലെ ഫൊക്കാനാ കുടുംബസംഗമത്തിൽ സംബന്ധിക്കുന്നതിനുവേണ്ടി ഇവിടെ എത്തിയപ്പോൾ ഏതാനും ദിവസം എന്റെ കുടുംബത്തോടൊപ്പം താമസിക്കുകയും വളരെ സ്നേഹത്തോടെയും വിനയത്തോടെയും ഞങ്ങളുമായി ഇടപഴകുകയും ചെയ്തിരുന്നത് ആദരപൂർവ്വം സ്മരിക്കുന്നു.

സാമൂഹിക പ്രതിബദ്ധതയുള്ള സാഹിത്യകാരി എന്ന വിശേഷണങ്ങൾ സുഗതകുമാരിക്ക് ലഭിച്ച ഏറ്റവും വലിയ അംഗീകാരമായിരുന്നു. സമൂഹത്തിന്റെ പുറംതിണ്ണയിലേക്ക് വലിച്ചെറിയപ്പെട്ട സ്ത്രീകൾക്കും അമ്മമാർക്കും പെൺകുഞ്ഞുങ്ങൾക്കും ജീവനും സുരക്ഷിതത്വവും ഉറപ്പാക്കുന്നതിനുവേണ്ടി തിരുവനന്തപുരം കേന്ദ്രമാക്കി അവർ സ്ഥാപിച്ച 'അഭയ' എന്ന ആശ്രയ കേന്ദ്രം അനേകം സ്ത്രീകളുടെ ആശ്രയവും അഭയസ്ഥാനവുമായി മാറിയിട്ടുണ്ട്.

കവിതകളിലൂടെ സാഹിത്യത്തെ ഉപാസിക്കുകയും പ്രവൃത്തികളിലൂടെ മനുഷ്യത്വത്തെ പ്രകടിപ്പിക്കുകയും ചെയ്ത അസാധാരണ വ്യക്തിത്വമായിരുന്നു സുഗതകുമാരിയുടേത്. പ്രകൃതി സ്നേഹി എന്ന നിലയിലും പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങളുടെ സജീവ പങ്കാളി എന്ന നിലയിലും സുഗതകുമാരി ലോക മലയാളികളുടെ ശ്രദ്ധ ആകർഷിച്ചു.

പരിതസ്ഥിതിയുടെ ഭദ്രതയ്ക്കും സുരക്ഷയ്ക്കുമായി സുഗതകുമാരി ഏറ്റെടുത്ത് നടപ്പാക്കിയ പ്രവർത്തനങ്ങൾ വളരെയധികം അഭിനന്ദനം അർഹിക്കുന്നതാണ്. എല്ലാ മലയാളികളുടെയും മനസ്സിൽ മായാത്ത സ്നേഹ മുദ്ര പതിപ്പിച്ചുകൊണ്ടാണ് ആ മഹതി കടന്നു പോയത്.

ആറന്മുള ആന്താരാഷ്ട്ര വിമാനത്താവള പദ്ധതി പരിതസ്ഥിതിക്ക് ദോഷം ചെയ്യുന്നതാണെന്നു പറഞ്ഞുകൊണ്ട് നടത്തിയ സമരത്തിന് സുഗതകുമാരി പിൻതുണ പ്രഖ്യാപിച്ചത് വിദേശ മലയാളികളെ നിരാശരാക്കി എന്ന സത്യം പറയാതിരിക്കാൻ ആവില്ല. അന്നത്തെ സമര പന്തലിൽ നേരിട്ടുചെന്ന് ഈ കാര്യത്തിൽ സുഗതകുമാരിയുടെ നിലപാട് പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സ്നേഹപൂർവ്വമായ എന്റെ വിയോജിപ്പ് ഞാൻ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

അമേരിക്ക, യൂറോപ്യൻ രാജ്യങ്ങൾ, ഗൾഫ് രാജ്യങ്ങൾ എന്നിവിടങ്ങളിൽ ഒക്കെ പത്തനംതിട്ട ജില്ലയിലെ ലക്ഷകണക്കിനു മലയാളികളാണ് കുടുംബ സമ്മേതം താമസിക്കുന്നത്. അവർക്കെല്ലാം വളരെ ആശ്വാസകരമായ പദ്ധതിയായിരുന്നു അത്.

പരിസ്ഥിതിയുടെ പേരുപറഞ്ഞ് ആ പദ്ധതിക്ക് തുരങ്കം വെച്ചപ്പോൾ അത് വിദേശമലയാളികളുടെ

നെഞ്ചത്ത് കുത്തുന്നതുപോലെ വേദനാജനകമായിരുന്നു. കുവൈറ്റിലുള്ള ഒരു മലയാളി നാല് മണിക്കൂർ ആകാശയാത്ര ചെയ്ത് നെടുമ്പാശ്ശേരിയിൽ ഇറങ്ങിയാൽ റാന്നിയിലോ പത്തനംതിട്ടയിലോ കോഴഞ്ചേരിയിലോ തിരുവല്ലയിലോ ചെങ്ങന്നൂരോ ഉള്ള വീട്ടിൽ എത്തണമെങ്കിൽ വീണ്ടും നാല് മണിക്കൂർകൂടി യാത്ര ചെയ്യണം. കടുത്ത ട്രാഫിക്ക് ബ്ലോക്കുകൾ പിന്നിട്ട് പൊട്ടിപൊളിഞ്ഞ് കുണ്ടുംകുഴിയുമുള്ള റോഡിലൂടെയുള്ള ദുസഹനമായ യാത്ര ഇവിടുത്തെ മലയാളിക്ക് പേടി സ്വപ്നം ആണ്.

അത്തരം ദുർഘടങ്ങൾ ഒഴിവാക്കാൻ ആറന്മുള വിമാനത്താവളം വരേണ്ടത് ആവശ്യമായിരുന്നു. ചീഞ്ഞളിഞ്ഞ മൃഗാവശിഷ്ടങ്ങളും പച്ചക്കറി മാലിന്യങ്ങളും റോഡരികിൽ തള്ളുന്ന നാട്ടിലെ മലയാളി ഉണ്ടാക്കുന്ന പരിസ്ഥിതി നാശം ആരും കാണുന്നില്ല. പാസ്റ്റിക്ക് കുപ്പികളും പായ്ക്കറ്റുകളും വഴിയരികിൽ ഇട്ട് കത്തിക്കുമ്പോൾ ഉണ്ടാകുന്ന വിഷപുക ശ്വസിക്കുന്നതിന് നാട്ടിൽ ആർക്കും പരാതിയില്ല. കേരളത്തിലല്ലാതെ ലോകത്ത് മറ്റൊരിടത്തും ഇതുപോലെയുള്ള ഒരു പ്രവർത്തി കാണാൻ പറ്റില്ല.

അമേരിക്ക ഉൾപ്പെടെയുള്ള ലോകരാജ്യങ്ങൾ പരിസര ശുചീകരണത്തിന് നൽകുന്ന പ്രാധാന്യം നമ്മുടെ ജനപ്രതിനിധികൾ നേരിട്ട് കണ്ട് ബോധ്യപ്പെട്ടിട്ടുണ്ടെങ്കിലും ആ മാതൃക സ്വീകരിക്കാൻ തയ്യാറാകുന്നില്ല. മദ്ധ്യതിരുവിതാംകൂറിലെ മലയാളികളുടെ ചിരകാല സ്വപ്നമാണ് ആറന്മുള വിമാനത്താവളം.

സുഗതകുമാരി ടീച്ചർ ഈ കാര്യത്തിൽ ഒന്ന് മാറിചിന്തിക്കുമെന്ന് പ്രതീക്ഷിച്ചിരിക്കുമ്പോഴാണ് നമ്മെ ദുഃഖിപ്പിച്ചുകൊണ്ട് അന്ത്യം സംഭവിച്ചത്. സ്നേഹസന്നദ്ധയായ ഒരമ്മ, സഹോദരി ഒക്കെയായി





ഈ കവയിത്രി മലയാളികളുടെ മനസ്സിൽ മായാതെ നിലനിൽക്കും. ബഹു.സുഗതകുമാരിയുടെ ദേഹവിയോഗത്തിൽ എന്റെയും എന്റെ കുടുംബാംഗങ്ങളുടെയും കേരള കൾച്ചറൽ ഫോറം ഓഫ് ന്യുജേഴ്സിയുടെയും ഫൊക്കാനയുടെ മുഴുവൻ അംഗങ്ങളുടെയും ആദരാഞ്ജലികൾ അർപ്പിക്കുന്നു.



# Hyundai City of Bay Ridge

**TRANSPARENCY-EFFICIENCY-RESPECT**

HyundaiCity
of Bay Ridge




**Sales: 1-929-339-1509 www.hyundaicityny.com**

**9013 4th Ave, Brooklyn, NY 11209**

# ബ്രിജിറ്റ് വിൻസെന്റ് ഇപ്പോഴും തിരക്കിലാണ്

## അമേരിക്കൻ നഴ്സിംഗ് ബോർഡംഗമായ ആദ്യ മലയാളി വനിത

ആഷാ മാത്യു

നഴ്സിംഗ് പഠിച്ചോണ്ടിരുന്ന സമയത്ത്, ബിപി വളരെ കൂടുതലായി ആശുപത്രിയിലെത്തിയ രോഗിയോട്, താങ്കൾക്ക് ബിപി കൂടുതലാണ് ഉപ്പ് പരമാവധി കുറയ്ക്കണം എന്ന് പറഞ്ഞപ്പോൾ അതറിഞ്ഞ ഡോക്ടർ ദേഷ്യപ്പെട്ടു. രോഗിയോട് ഇതൊക്കെ പറയേണ്ട കാര്യമുണ്ടോ എന്ന് ചോദിച്ചാണ് ഡോക്ടർ ദേഷ്യപ്പെട്ടത്. സർവ്വീസിൽ നീണ്ട നാൽപത് വർഷങ്ങൾ പൂർത്തിയാക്കുമ്പോഴും ലാങ്ങ്ഹോൺ സെന്റ് മേരീസ് മെഡിക്കൽ സെന്ററിൽ നേഴ്സ് പ്രാക്ടീഷണറായ ബ്രിജിത്ത് വിൻസെന്റിന്റെ മനസ്സിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ കേട്ട ഈ വാക്കുകളുണ്ട്. കേരളത്തിലേയും അമേരിക്കയിലേയും നഴ്സിംഗ് സംവിധാനത്തിന്റെ വ്യത്യാസങ്ങളിലെ അളവുകോലായാണ് ഈ സംഭവം ബ്രിജിത്ത് വിൻസെന്റ് ഓർത്തെടുക്കുന്നത്.

'കേരളത്തിൽ നഴ്സായ ഒരാൾക്ക് ജോലി ചെയ്യുന്നതിന് ഒരുപാട് പരിമിതികളുണ്ട്. വളരെ ഗുരുതരാവസ്ഥയിൽ ഒരു രോഗി മുൻപിലെത്തിയാലും ഡോക്ടറുടെ നിർദ്ദേശമില്ലാതെ ഒന്നും ചെയ്യാൻ സാധിക്കില്ല. പ്രാഥമിക ശുശ്രൂഷകളും മറ്റ് കാര്യങ്ങളും ചെയ്യാൻ നഴ്സിനു സാധിക്കുമെങ്കിലും എല്ലാത്തിനും അനുവാദത്തിന് കാത്തിരുന്ന് സമയം കളയണം. എന്നാൽ അമേരിക്കയിൽ സ്ഥിതി വ്യത്യസ്ഥമാണ്. അവിടെ ഒരു നഴ്സിന് എല്ലാ സ്വാതന്ത്ര്യത്തോടെയും ജോലി ചെയ്യാൻ സാധിക്കും. രോഗിയോട് അസുഖം സംബന്ധിച്ച മുഴുൻ കാര്യങ്ങളും തുറന്നു പറയാൻ സാധിക്കും. അത്യാവശ്യചികിത്സാ സംവിധാനങ്ങൾ നൽകാൻ സാധിക്കും. ഡോക്ടറോടോ, മറ്റ് സീനിയേഴ്സിനോടോ ഞാനത് ചെയ്തിട്ടുണ്ട് എന്നു പറഞ്ഞാൽ അവരുടെ ഭാഗത്ത് നിന്ന് തികഞ്ഞ സഹകരണമാണ് ലഭിക്കുക. ഇതു തന്നെയാണ് കേരളത്തിലേയും അമേരിക്കയിലേയും നഴ്സിംഗ് മേഖലയിലെ ഏറ്റവും വലിയ വ്യത്യാസമെന്ന്' ബ്രിജിത്ത് വിൻസെന്റ് പറയുന്നു.




അമേരിക്കൻ നഴ്സിംഗ് ബോർഡിൽ അംഗമായ ആദ്യത്തെ മലയാളി വനിത എന്ന വിശേഷണത്തിനുടമയാണ് ബ്രിജിത്ത് വിൻസെന്റ്. 2017ൽ അൻപതംഗ

സെനറ്റ് ബോർഡ് ഐകൃകണ്ഠേന അംഗീകരിച്ചതോ ടെയാണ് ഒരു ഇന്ത്യക്കാരിക്ക് ആദ്യമായി ഈ ഉന്നത പദവി ലഭ്യമായത്. നഴ്സുമാരുടെ തൊഴിൽ മേഖലയു മായി ബന്ധപ്പെട്ട് ഒട്ടേറെ നയപരമായ തീരുമാനങ്ങളെ ടുക്കുന്നതിന് വിപുലമായ അധികാരങ്ങളുള്ള സമി തിയാണ് നഴ്സിങ് ബോർഡ്. നഴ്സിംഗ് മേഖലയിലെ വിവിധ പ്രശ്നങ്ങളുടെ പരിഹാരം, ഇന്ത്യൻ നഴ്സിങ് കുടിയേറ്റം തുടങ്ങിയ വിഷയങ്ങളിലൊക്കെ ഇടപെ ടാൻ ബോർഡ് അംഗങ്ങൾക്കാകും.

നേഴ്സിങ് മേഖലയിലുള്ള വിവിധ പ്രൊഫഷന ലുകളുടെ ലൈസൻസ്, സർട്ടിഫിക്കറ്റുകൾ എന്നിവ നൽകുന്നതും നേഴ്സിങ്ങ് എഡ്യൂക്കേഷൻ പ്രോഗ്രാം എന്തെന്ന് അംഗീകരിക്കുന്ന തും നേഴ്സിങ്ങ് രംഗത്തെ സേവന മാനദണ്ഡങ്ങൾ നിശ്ച്ചയിക്കുന്ന തും നേഴ്സിങ്ങ് രംഗത്തുള്ളവ രുടെ പിഴവുകളിൽ അച്ചടക്ക നടപടികൾ കൈക്കൊള്ളുന്ന തും ഉൾപ്പെടെയുള്ള കാര്യ ങ്ങൾ ബോർഡിന്റെ നിയന്ത്ര ണത്തിലാണ്. നേഴ്സിങ്ങ് രംഗത്തെ വിവിധ നവീകര ണങ്ങൾക്കാണ് ബ്രിജിറ്റ് വിൻ സന്റിന്റെ നിയമനം ഉപകരിക്ക പ്പെട്ടത്. ബോർഡംഗമായ ആദ്യ മലയാളി എന്ന നിലയിൽ ഒരു പാട് മലയാളികൾക്ക് ബ്രിജിത്തിന്റെ സഹായം ലഭിച്ചിട്ടുണ്ട്.



സാധാരണ നഴ്സായി ജോലി തുടങ്ങി, പിന്നീട് നഴ്സിംഗ് സൂപ്പർവൈസറായി, അതിനു ശേ ഷം നഴ്സ് മാനേജറായി, ഇപ്പോൾ നഴ്സ് പ്രാക്ടീഷണർ വരെ എത്തി നിൽക്കുകയാണ് ബ്രിജിത്ത് വിൻസെന്റ്. ഫിലാഡൽഫിയയിലെ മലയാളി വ്യവസായി വിൻസന്റ് ഇമ്മാനുവേലിന്റെ ഭാര്യയായ ബ്രിജിത്ത് നാൽപത് വർഷങ്ങൾക്ക് മുൻപാണ് അമേരിക്കയിലെത്തുന്നത്. കേരളത്തിൽ നിന്ന് നഴ്സിംഗ് ഡിപ്ലോമയുമായി അമേ രിക്കയിലെത്തിയ ബ്രിജിത്ത് പിന്നീട് അമേരിക്കയിലെ വിവിധ കോളജുകളിൽ നിന്നു നഴ്സിങ് എംഎസ്എ ഉൾപ്പെടെ ഉന്നത ബിരുദങ്ങൾ കരസ്ഥമാക്കിയിട്ടുണ്ട്. കഴിഞ്ഞ പതിമൂന്ന് വർഷമായിട്ട് ലാങ്ങ്ഹോൺ സെന്റ് മേരീസ് മെഡിക്കൽ സെന്ററിൽ നേഴ്സ് പ്രാക്ടീഷണറാ ണ്.

നഴ്സിംഗ് പ്രാക്ടീഷണർ ആയിട്ട് ജോലി ചെയ്യുന്ന തിനൊപ്പം 2017 മുതൽ നഴ്സിംഗ് ബോർഡംഗമായും തുടരുന്നു. മാസത്തിൽ ഒരു തവണയാണ് ബോർഡ് മീറ്റിംഗ് കൂടുന്നത്. നൂറ്- നൂറ്റിഇരുപത് കേസുകൾ വരെ ബോർഡ് ഒരു മാസം പരിഗണിക്കും. പെൻസിൽ വാനിയ ഇന്ത്യൻ അമേരിക്കൻ നേഴ്സസ് ഓർഗനൈ സേഷൻ, പിയാനോയുടെ സ്ഥാപക പ്രസിഡന്റ് കൂടി യാണ് ബ്രിജിത്ത് വിൻസെന്റ്. പതിനഞ്ച് വർഷങ്ങൾക്ക് മുൻപ് നഴ്സ് മാനേജർ ആയി ജോലി ചെയ്യുന്ന സമ യത്താണ് ആശുപത്രിയിലെ സഹപ്രവർത്തകരുമായി ചേർന്ന് 'പിയാനോ' എന്നൊരു ആശയത്തിന് രൂപം കൊടുക്കുന്നത്.

തുടക്കം മുതൽ വളരെ ആക്ടീവായിട്ട് പ്രവർത്തി ക്കുന്ന സംഘടനയാണ് 'പിയാനോ'. എല്ലാ മാസവും സംഘടനാ അംഗങ്ങൾ യോഗം ചേരും. എല്ലാ മെയ് മാ സത്തിലും സംഘടനയുടെ നേതൃത്വത്തിൽ നഴ്സസ് ഡേ വിപുലമായി ആഘോഷിക്കും. അതോ ടൊപ്പം വർഷത്തിൽ നാട്ടിൽ നഴ്സിം ഗിന് പഠിക്കുന്ന ഒരു കുട്ടിയുടെ വി ദ്യാഭ്യാസ കാര്യങ്ങൾ സംഘടന ഏറ്റെടുക്കുകയും ചെയ്യും.

നാഷണൽ ലെവൽ നഴ്സിംഗ് സംഘടനയായ നൈനയുടെ ആദ്യത്തെ ജോയിന്റ് സെ ക്രട്ടറിയുമായിരുന്നു ബ്രിജിറ്റ് വിൻസെന്റ്. ജോലിയുമായി ബന്ധപ്പെട്ട് ഇത്രയേറെ തിര ക്കുകൾ ഉള്ളപ്പോഴും ഇടവക ചർച്ചായ സെന്റ് തോമസ് ആർ സി ചർച്ചിൽ 'മരിയൻ മദേർസ്' വുമൺസ് ഫോറത്തിൽ വളരെ ആക്ടീവാണ് ബ്രിജിറ്റ് വിൻസെന്റ്. തിരക്കുകൾ ആസ്വദിക്കുന്ന ബ്രിജിറ്റ് വിൻസെന്റിന് യാത്രകൾ ചെയ്യാനും ഒരുപാടി ഷ്ടമാണ്.

അമേരിക്കയിലെ അറിയപ്പെടുന്ന മലയാളി പൊതുപ്രവർത്തകനായ ഭർത്താവ് വിൻസെന്റ് ഇമ്മാ നുവലിന്റെ എല്ലാവിധ പിന്തുണയും ബ്രിജിറ്റിന് കുടും ബത്തിലും ജോലി മേഖലയിലും ലഭിച്ചിരുന്നു. ഫിലാ ഡൽഫിയായിൽ സിറ്റി കൗൺസിൽ ഉദ്യോഗസ്ഥനായി റിട്ടയർ ചെയ്ത വിൻസന്റ് ഇമ്മാനുവലിന്റെ എപ്പോഴ ത്തേയും പ്രധാന ലക്ഷ്യം ജനസേവനം തന്നെയായി രുന്നു. കേരളത്തിൽ പുരുഷ നേഴ്സുമാരെ മനഃപൂർവം മാറ്റി നിർത്തുന്ന നയങ്ങളോട് സമരം ചെയ്തു തുടങ്ങി യത് വിൻസന്റ് ഇമ്മാനുവലായിരുന്നു. ഈ നയത്തിന് അറുതി വരുത്താൻ കേരള ഹൈക്കോടതിയിൽ പരാതി നൽകുകയും, ഇന്ത്യയിലെ പ്രഗത്ഭനായ ഒരു വക്കീ ലിനെ അതിനു വേണ്ടി ചുമതലപ്പെടുത്തുകയും ചെയ് തിരുന്നു. വിൻസന്റ് ഇമ്മാനുവലിന്റെ നിരന്തരമായ ഇട പെടലുകളെ തുടർന്ന് ഇന്ത്യയിലെ നഴ്സിംഗ് രംഗത്ത് കാലോചിതമായ മാറ്റം വരുത്തി നയങ്ങൾ തിരുത്തപ്പെ ടുകയായിരുന്നു.

# മലയാള സിനിമ
# തലമുറ മാറ്റം !

## നല്ല കഥയും യുവതാരങ്ങളും സിനിമയുടെ ഗ്രാഫ് മാറ്റി വരയ്ക്കുന്നു





ജോസഫ്

മലയാള സിനിമ അവസാനം ഒരു തലമുറമാറ്റത്തിന് ഒരുങ്ങുകയാണോ ?കോവിഡിന് ശേഷം തീയെറ്ററുകൾ ഉണർന്നു തുടങ്ങിയ കാലം ഉയർത്തുന്ന ആരവങ്ങൾ അതിനു സൂചനയാണ് .ഈ ഓണക്കാലത്തും തുടർന്നും കൊട്ടകകളിൽ നിറഞ്ഞത് പാടിപഴകിയ താരങ്ങൾ അല്ല .അതെ പോലെ സിനിമ അണിയിച്ചൊരുക്കിയ സംവിധായകർക്കും വലിയ മാറ്റം വന്നു . വൈവിധ്യമാർന്ന പ്രമേയങ്ങൾ അണിയിച്ചൊരുക്കിയ ഈ സിനിമകൾ ഒ ടി ടി റിലീസിന്റെ ശക്തി കൂടി കണ്ടറിഞ്ഞു തയാറാക്കപ്പെട്ടവയാണ് . കണ്ടന്റു ആണ് കല എന്ന് പൊതുവേ പറയുമെങ്കിലും സൂപ്പർ താരങ്ങളുടെ പരിവേഷത്തിലായിരുന്നു ഇത് വരെ തീയേറ്റർ റിലീസുകൾ എന്ന നിലക്ക് ഈ വർഷം മലയാള സിനിമ ചരിത്രത്തിലെ വലിയ മാറ്റത്തിന്റെ വർഷമാണ് .

കോവിടിനെ തുടർന്നു പുറത്തു വന്ന ,വമ്പൻ ബജറ്റ് ചിത്രങ്ങളുടെ വരവാണ് മാറ്റി ചിന്തിക്കാൻ സിനിമ വ്യവസായത്തെ പ്രേരിപ്പിച്ചത് .നല്ല ചെറിയ സിനിമകൾ പണ്ടും  മലയാളത്തിൽ ചെയ്യപ്പെട്ടിരുന്നു എങ്കിലും അത് വൻതോതിൽ മാർക്കറ്റ് ചെയ്യപ്പെട്ടിരുന്നില്ല .അതിലെ ഇടത്തരം താരങ്ങൾക്ക് പലപ്പോഴും തീയേറ്റർ പുൾ വളരെ കുറവായിരുന്നു .പക്ഷെ  ബ്രഹ്മാണ്ട റിലീസുകളും കത്തിതീരലും പതിവായതോടെ പ്രേക്ഷകരെ തീയേറ്ററിൽ എത്തിക്കുന്ന സിനിമക്ക് ഡിമാണ്ട്  കൂടി. സൂപ്പർസ്റ്റാറുകൾ കരുതലിൽ ആയതോടെ ഒരു പുതിയ ഗണം സിനിമകൾ തീയേറ്ററിൽ എത്തി .

ഓണത്തിനു റിലീസ് ചെയ്യപ്പെട്ട ചിത്രങ്ങളിൽ ന്നാ നീ കേസ് കൊട് എന്ന വടക്കൻ ചിത്രമാണ് വലിയ കാശ്ശു വാരിയത് .അതിൽ അഭിനയിച്ചത് അടുത്ത കാലം വരെ ചോക്ലേറ്റ് നായകനായി അറിയപ്പെട്ടിരുന്ന കുഞ്ചാക്കോ ബോബനും .ബോധപൂർവം ഈ നടൻ വെല്ലുവിളി നൽകുന്ന കഥാപാത്രങ്ങൾ സ്വീകരിച്ചു വരികയാണ് .നായാട്ടിൽ തിളങ്ങിയ ആ അഭിനയശേഷി ഈ ചിത്ര

ത്തിൽ അസാധരണമായ ഉയരത്തിൽ എത്തുന്നു .ചിത്രത്തിന് വേണ്ടി തൻറെ ട്രേഡ് മാർക്ക് സൌന്ദര്യം തന്നെ ബാലികഴിക്കുന്നുണ്ട് നായകൻ . ആന്ദ്രോയിദ് കുഞ്ഞപ്പൻ അനുകരണമെന്നു ആക്ഷേ
പിക്കപ്പെട്ടുവെങ്കിൽ ഇത്തവണ തനി മലയാളിത്തം നിറഞ്ഞു നിന്ന ചിത്രമാണ് രതീഷ് ബാലകൃഷ്ണ പൊതുവാൾ തയ്യാറാക്കിയത് . ഒരു മുൻകാലകള്ളന്റെ സത്യസന്ധത ഉറപ്പിക്കാനുള്ള നിയമപോരാട്ടം ഇന്നേവരെ കാണാത്ത ചിരിപ്പിക്കുന്ന കോടതി ദൃശ്യങ്ങൾക്ക് വഴിയൊരുക്കി. കള്ളനെ പോലെ വക്കീലന്മാരും ജഡ്‌ജിയും നിറഞ്ഞാടി .ഇപ്പോഴും ഒരു പക്ഷെ എപ്പോഴും സാമൂഹിക പ്രസക്തിയുള്ള റോഡിലെ കുഴികളെ പറ്റിയുള്ള നിശിത വിമർശനമാണ് ചിത്രത്തെ ഏറെ ശ്രദ്ധേയമാക്കുന്നത് . ഭീമന്റെ വഴി പോലെയുള്ള ചിത്രങ്ങളിൽ കുഞ്ചാക്കോ ബോബൻ അഭിനയിച്ചിട്ടുണ്ട് എങ്കിലും ഈ സിനിമയിൽ താരത്തിനു വലിയ ഭാവപകർച്ച തന്നെ ലഭിക്കുന്നു

റിലീസ് ചെയ്യപെടുന്നതിനു മുൻപേ വിജയം ഉറപ്പിച്ച ചിത്രമാണ് ന്നാ നീ കേസ് കൊട് . പരസ്യവും വൈറൽ ആയ കുഞ്ചാക്കോ ബോബന്റെ നൃത്തവും കോടിയിലേറെ പേരാണ് കണ്ടത് . ഭരതൻ ചിത്രത്തിൽ ലതിക ആലപിച്ച ഒരു പാട്ട് പുതിയ ഈണത്തിൽ അവതരിപ്പിക്കുമ്പോൾ സാമൂഹിക മീഡിയ ആർപ്പുവിളിച്ചതിൽ അതിശയമില്ല കള്ളനും പോലീസും കഥയ്ക്ക് പുതിയ കാലത്തിന്റെ പരിവേഷം .ശക്തമായ ഒരു രാഷ്ട്രീയം ഇത്ര കൌതുകകരമായി ആവിഷ്കരിക്കാൻ സംവിധായകന് കഴിഞ്ഞു എന്നതാണ് അമ്പതു കോടിയിൽ ഏറെ സമ്പാദിച്ച ഈ ചിത്രത്തിന്റെ നേട്ടം . കുഞ്ചാക്കോ ബോബൻ എന്ന നടന്റെ മറുപിറവി കൂടിയായിരുന്നു ഈ ചിത്രം.

ടോവിനോ തോമസ് കുറഞ്ഞ നാൾ കൊണ്ടു പ്രേക്ഷക ഹൃദയങ്ങളിൽ സ്ഥാനം പിടിച്ച നടനാണ് . മിന്നൽ മുരളി നടന് അമാനുഷിക രൂപവും നൽകി . ഓരോ സിനിമയും ഈ നടനിലെ അഭിനയമികവ് പുറത്തു കൊണ്ടു വന്നു. പ്രമേയപരമായിപരാജയമായ കളയിൽ പോലും ടോവിനോ ജ്വലിച്ചു നിൽക്കുന്നു. നർമ്മവും ചുറു ചുറുക്കും റൊമാന്റിക് ഭാവവും എല്ലാം അടങ്ങിയ യുവ നടൻ മലയാളം കാത്തിരുന്ന താരമാണ് .എന്തിനാണ് തല്ല് കൂടുന്നതെന്ന് ഇന്നും മനസ്സിലായിട്ടില്ലെങ്കിലും തല്ലുമാലയിലെ അഭിനയവും നൃത്തസ്‌റ്റന്റ് സൊങ്ങ് സീക്വൻസുകളും വലിയൊരു നടന്റെ വരവേൽപ്പ് അറിയിക്കുന്നു . ഭാവാൽമകമായ പ്രണയ സീനുകൾ, വൈവിധ്യമാർന്ന തല്ലു സീനുകൾ , അതിശയിപ്പിക്കുന്ന മ്യൂസിക്കൽ സീനുകൾ -ടോവിനോയെ ഈ ചിത്രം അടയാളപ്പെടുത്തുന്നു .ജോഡിയായി കല്യാണി പ്രിയദർശനും പ്രേക്ഷകരുടെ മനം കവരുന്നു . സിനിമ എന്ന നിലക്ക് പൂർണ്ണത അവകാശപെടാനാവില്ല . എങ്കിലും അസാധാരണമായ മ്യൂസിക്കൽ സിനിമയാണ് ഖാലീദ് റഹ്മാന്റെ ഈ ചിത്രം. മുസ്ലിം സ്ലാന്ഗ് കൊണ്ടു സിനിമ മനോഹരമാക്കുക എന്നത് അത്ര എളുപ്പമല്ല . ഉണ്ടയുടെ സംവിധായകനിൽ നിന്ന് കുറച്ചു കൂടി യുക്തിഭദ്രമായ സിനിമ പ്രതീക്ഷിച്ചിരുന്നുവെങ്കിലും ഉന്മാധിയായ മമതിന്റെയും ഉത്സാഹിയായ ഉമ്മകൊലുസുവിന്റെയും കഥ തട്ടുതകർപ്പനായി .അന്തസ്സാര ശൂന്യരായ മലയാളീ യുവത്വത്തിന്റെ തല്ലുമാലകൾ ഒരു പക്ഷെ യുവാക്കളെ വല്ലാതെ ആകർഷിച്ച്ചുവെന്നു ചിത്രത്തിന്റെ വിജയം വ്യക്തമാക്കുന്നു .തല്ലിന് വേണ്ടി തല്ലും അടിയന്തരാവസ്തകളും നടക്കുന്ന നാട്ടിൽ പ്രണയം തുടങ്ങുന്നതുപോലും സവിശേഷമായ തല്ലലിലാണ് .ഒരിക്കലും വിജയിക്കാൻ ഇടയില്ലാത്ത ചേരുവകളിൽ തയ്യാറാക്കിയ സിനിമ മലയാളത്തിന്റെ വിജയ വ്യാകരണം തിരുത്തിയെഴുതുന്നു

തല്ലുമാല പ്രണയത്തിന്റെ തിരതല്ലുന്ന സംഗീതികആണെങ്കിൽ ശ്രീജിത്ത് എൻ സംവിധാനം ചെയ്ത ഒരു തെക്കൻ തല്ലു കേസ് ഒരു മനുഷ്യന്റെ ആല്മാവിലേക്കുള്ള അന്വേഷണമാണ് .അഭിമാനവും അവമാനവും അവഹേളനവും മാറ്റുരക്കുന്ന ഈ ചിത്രത്തിൽ ബിജു മേനോൻ അവതരിപ്പിക്കുന്ന അമ്മിണിപിള്ള ഒരിക്കൽ കൂടി കരുത്തനായ ആ മലയാളിയെ അവതരിപ്പിക്കുന്നു .തന്നെ ആക്രമിച്ചവരെ കണ്ടെത്തി പരസ്യമായി ശിക്ഷക്ക് വിധേയനാക്കുന്ന നാടൻ ചട്ടമ്പി . നടനോടൊപ്പം ശക്തമായി അഭിനയിക്കുന്ന റോഷൻ മാത്യുവും പദ്മപ്രിയയും നിമിഷ സജയനും. പുതിയ കാലത്തിന്റെ ചടുലതയുള്ള ഫ്രെയിമുകൾക്ക് പകരം കാലത്തിന്റെ പിൻവിളികൾ സിനിമയെ പുറകോട്ടു വലിക്കുന്നു .ആശയപരമായി മികവു ഉണ്ടെങ്കിലും പഴമയുടെ ഫ്രെയിമുകൾ ചിത്രത്തിന് ഒരു പീരീഡ് പീസ് എന്നാ സ്വഭാവം നൽകുന്നു .എങ്കിലും നിമിഷയും പദ്മപ്രിയയും ബിജു മേനോനും റോഷൻ മാത്യുവുംഎന്തിനു നാട്ടിലെ ചില്ലറ വില്ലൻ വേഷങ്ങളും നൽകുന്ന വൈകാരികാനുഭവം ചെറുതല്ല .

ചെറിയ ഒരു കഥ സവിശേഷമായ ഒരു സിനിമാറ്റിക് അനുഭവമാക്കി മാറുന്ന പ്രവണത മലയാളത്തിൽ പുതുമയുള്ള കാര്യമല്ല .ശ്രദ്ധേയമായ പല നല്ല സിനിമകളും അങ്ങനെ രൂപം കൊണ്ടതാണ് .കച്ചവട കണ്ണോടെ എടുത്ത ചിത്രങ്ങൾ പോലും ഇങ്ങനെ വികസിക്കപ്പെട്ടവയാണ് .സുദേവൻറെയും ലിജോജോസ് പെല്ലിശെരിയുടെയും സിനിമകൾ വിഷ്വൽ നരേഷനിൽ അത്ഭുതങ്ങൾ തന്നെ സൃഷ്ടിച്ചു .ആ നിലക്ക് അമ്മിണിപിള്ളയുടെ തല്ലു കേസ് വലിയ സംഭവമല്ല .പക്ഷെ നവാഗത സംവിധായകൻ ആയിട്ട് പോലും യോജിച്ച കരുത്തരായ താരങ്ങളെ ശ്രീജിത്ത് ഇവിടെ അവതരിപ്പിക്കുന്നു എന്നതാണ് എടുത്തു പറയേണ്ട കാര്യം .റോഷൻ മാത്യു ഹിന്ദിയിൽ തന്നെ തിളങ്ങി നിൽക്കുമ്പോഴാണ് ബിജു









മേനോന്റെ തല്ലു കൊള്ളാൻ വരുന്നത് .അടുത്ത കാലത്ത് സ്ക്രീനിൽ കാണാത്ത ശക്തയായ പെണ്ണുങ്ങൾ ആണ് നിമിഷയും പദ്മ പ്രിയയും.പ്രേക്ഷകനെ മറക്കാത്ത സിനിമകൾ ആണിവ എന്നതാണ് ഇതിന്റെ  പ്രത്യേകത .തരക്കേടില്ലാതെ പോയ ഈ ചിത്രവും മാറുന്ന പ്രേക്ഷാകാഭിരുചിയുടെ വലിയ തെളിവ് ആയി .

പക്ഷെ ബാഹുബലിയും ആർ ആർ ആറും കണ്ടു കണ്ണ് തള്ളിയിരുന്ന പ്രേക്ഷകനെ ഒരു മലയാളി ചിത്രം വല്ലാതെ അതിശയിപ്പിച്ചു .വിനയന്റെ പത്തൊമ്പതാം നൂറ്റാണ്ടു എല്ലാ അർത്ഥത്തിലും ചരിത്രം തിരുത്തിയെഴുതി .മാറ് മുറിച്ചു കളഞ്ഞു പ്രതിഷേധിച്ച നങ്ങേലിയുടെ കഥ ആയാലും ആറാട്ടുപുഴ വേലായുധ പണിക്കരുടെ കഥ ആയാലും വിനയൻ ചരിത്രത്തെ ഒരു കീഴാള ദൃഷ്ടിയിലൂടെ നോക്കി .കച്ചവട സിനിമയുടെ ഭാഗമായിട്ടും ഈ സംവിധായകൻ ഒരു പരിധി വരെ ഒരു ചരിത്രപരമായ അനുഭവം മലയാളിക്ക് മുന്നിൽ നൽകി . ചരിത്രത്തിന്റെ പുതിയ വായനകൾ ഇനി ഉണ്ടാകുമെന്ന് തീർച്ച. പക്ഷെ ആത്യന്തികമായ ഒരു ചരിത്രസത്യം അവതരിപ്പിക്കാൻ വിനയന് കഴിഞ്ഞു .അശ്ലീലത്തിലേക്ക് വഴുതി വീഴാമായിരുന്ന ചിത്രീകരണം കഥയോടുള്ള പ്രതിബദ്ധത മൂലം കലാപരമായി നസർഗികമായ ജൈവിക വളർച്ച പ്രാപിക്കുന്നത് നാം ഇവിടെ കാണുന്നു ..

ചുരുങ്ങിയ ചെലവിലാണ് ഈ ചരിത്ര സിനിമയുടെ നാടകീയാവിഷ്ക്കാരം എന്നത് നിർമാതാവ് ഗോകുലം ഗോപാലനും സംവിധായകൻ വിനയനും അഭിമാനിക്കാവുന്ന കാര്യമാണ്. അതിലും പ്രധാനം ഒരു സൂപ്പർ താര പരിവേഷമുള്ള യുവ നടനെ വിനയൻ അവതരിപ്പിച്ചു. സിജു വിൽസൺ . കളരിയും പടയും അഭിനയവും വഴങ്ങുന്ന ഒരു യുവ നടൻ. മെയ്വഴക്കമുള്ള താരങ്ങളുടെ കേന്ദ്രമായ മലയാളം പോലെയുള്ള ചതിക്കളങ്ങളിൽ ഇവർ എത്ര പോരാടി നിൽക്കും എന്നത് ഒരു ചോദ്യമാണ് .പക്ഷെ പുതു തലമുറയ്ക്ക് സാധ്യത കൂടുന്നു എന്നത് കാണാതിരുന്നു കൂടാ.  ഉച്ചാടനം ചെയ്തു എന്ന് കരുതി ആശ്വസിച്ചിരിക്കുന്ന കവടി നിരത്തുകാരെ ഞെട്ടിച്ചു കൊണ്ടു പല നടികളും വീണ്ടും രംഗത്ത് നിറസാന്നിധ്യമാകുന്നത് ഈ കാലത്തെ പ്രത്യേകതയാണ് .അത് ആവർത്തിക്കുമെന്ന് വേണം കരുതാൻ .

ഇതേ ഉത്സവകാലത്ത് റിലീസ് ചെയ്ത പാൽത്തു ജ്ഹാന്വർ എന്നാ ചിത്രവും സിബി മലയിൽ സംവിധാനം ചെയ്ത കൊത്തു എന്ന ചിത്രവും മാറ്റത്തിന്റെ വലിയ സൂചനകളാണ് നൽകിയത് . മനസില്ലാ മനസ്സോടെ ഒരു ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ആയി ഗ്രാമത്തിൽ ജോലി നോക്കാൻ പോകുന്ന വ്യക്തിയുടെ ജീവിതത്തിൽ ആ ഗ്രാമീണർ സൃഷ്ടിക്കുന്ന സ്വാധീനം മനോഹരമായ പ്രകൃതിയുടെ പശ്ചാത്തലത്തിൽ ഒപ്പിയെടുത്തിരിക്കുകയാണ് പാൽത്തു ജാൻവറിൽ. സംവിധായകനായ ബസിൽ ജോസഫ് നടനാകുന്നു ,അതിൽ വിജയിക്കുന്നു എന്നത് മറ്റൊരു മനോഹാരിത .

യഥാർഥത്തിൽ കോവിടും ഓടി ടി റിലീസുകളും സൃഷ്ടിച്ച പുതിയ ഭൂമികയിൽ ആണ് ഇപ്പോൾ തീയേറ്ററിൽ ആരവം ഉയരുന്നത് .നല്ല മാർക്കറ്റിംഗ് ഉണ്ടെങ്കിൽ അതിനനുസരിച്ചു ചിത്രം മികച്ചതാണെങ്കിൽ സിനിമ വിജയിക്കും എന്ന് ഈ ഫെസ്റിവൽ ചിത്രങ്ങൾ തെളിയിക്കുന്നു. മെല്ലെയെങ്കിലും സിനിമയിൽ തലമുറമാറ്റം യാഥാർത്ഥ്യമാകുകയാണ് .


Watch
TV CHANNELS
BREAKING NEWS
LIVE SHOWS
VOD VIDEO ON DEMAND
PHOTOS
Scan the QR Code for instant download
TELEVISION CHANNELS
NEWS PORTALS
VIDEO ON DEMAND
PHOTOS | LIVE
ഇനി എല്ലാം
വിരൽ തുമ്പിൽ
MediaAppUSA
Available in App Store or Google Store for FREE!
ANDROID APP ON Google play
Download on the App Store




Joyalukkas
World's favourite jeweller

USA • UK • UAE • OMAN • QATAR • BAHRAIN • KUWAIT • KSA • SINGAPORE • MALAYSIA • INDIA


Now everything on your fingertip!
ഇനി എല്ലാം വിരൽ തുമ്പിൽ
A FREE APP
where you can watch
TV CHANNELS
VIDEO ON DEMAND
MOVIES
WATCH LIVE EVENTS
BREAKING NEWS - ONLINE NEWS PORTALS
PHOTOS OF EVENTS
BOOK TICKETS TO EVENTS
Introducing for the first time
TELEVISION CHANNELS
NEWS PORTALS
VIDEO ON DEMAND
MediaAppUSA
Visit Android Store or Google Store
Download on the App Store
ANDROID APP ON Google play
or Scan this QR Code and Download for FREE!
More Info: 1-917-900-2123 or www.mediaappusa.com